# ഉപന്യാസങ്ങൾ

## പ്രഥമശ്രേണി.

By

**S. Subrahmanya Sastri M. A.,**

**Retired Professor of Philosophy**

**Formerly Inspector of Vernacular Schools,**

**Travancore**

വില ൩ണ ൧൨

**R. T. Pillai**

Chalai · Trivandrum.

ഗ്രന്ഥകൎത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജമാകുന്നു.

# വിഷയാനുക്രമണിക.

1. ശാസ്ത്രവിജയം

2. സർ തോമസ് മോറിൻെറ ചരമം

3. വാൎദ്ധക്യം

4. മെക്കാളെ പ്രഭു

5. പൌരുഷം.

Presented to S.V.L by K.R.P..

## മുഖവുര.

ആധുനികകാലത്തെ ശാസ്ത്രീയജ്ഞാനാഭിവൃദ്ധി, പാശ്ചാത്യപരിഷ്കാരം, മനുഷ്യജീവിതത്തിന്റെ സ്ഥിതിഗതികൾ, ഇവകൾ മൂലം നമുക്കു ലഭിച്ചിട്ടുള്ള ആശയങ്ങളേയും ആദശ്ങ്ങളേയും വിഷയങ്ങളാക്കി പ്രതിപാദിക്കുകയാണല്ലോ മലയാളഭാഷാസാഹിത്യത്തിന്റെ നവീനപ്രസ്ഥാനലക്ഷണം. പാശ്ചാത്യസാഹിത്യസാഗരത്തിൽനിന്നും നമുക്കു സംഭരിക്കാവുന്ന സാഹിത്യസാരമൌക്തികങ്ങൾക്ക് കൈയും കണക്കുമില്ലെന്നുള്ളതു നിവ്വിവാദമായ വിഷയമാണല്ലോ. ശാസ്ത്രതത്വങ്ങൾ, ചരിത്രസംഭവങ്ങൾ, ജീവചരിത്രകഥകൾ മുതലായ വിവിധവിഷയങ്ങളെ പ്രായോഗികമായും ആദ്ധ്യാത്മികമായുമുള്ള ബാഹ്യാഭ്യന്തരസംസ്കാരങ്ങളെ ലക്ഷീകരിച്ചു പ്രതിപാദനം ചെയ്യുക എന്നതു് ഭാഷാസാഹിത്യപോഷണത്തിനുപകരിക്കുന്ന ഒരു ഉത്തമോപായം തന്നെയാണെന്നുള്ളതും സവ്വസമ്മതമായ ഒരു സംഗതിയാകകൊണ്ടു മാത്രമാണു് ഞാൻ ഈ ഉപന്യാസങ്ങൾ എഴുതുന്നതിനൊരുമ്പെട്ടതു്. ഇവിടെ ഉദ്ധരിച്ചിട്ടുള്ള വിഷയങ്ങളും അവയുടെ പ്രതിപാദനരീതികളും വായനക്കാക്കു ഹൃദ്യങ്ങളായിരിക്കുന്നു എന്നുവന്നാൽ എന്റെ ഈ ഉദ്യമം ഫലവത്തായെന്ന് എനിക്കഭിമാനിക്കാം.

വാദ്ധക്യം എന്ന ഉപന്യാസത്തിൽ പലവക ജന്തുക്കളുടെ ആയുഷ്കാലവിവരങ്ങളും മദ്ധ്യമവയസ്സു കഴിഞ്ഞാൽ മനുഷ്യനെ എളുപ്പം പരവശനാക്കിത്തീക്കുന്ന ചില സംഗതികളും അവയ്ക്കുള്ള പ്രതിവിധികളും 'Great and Small Things' (by Sir Ray Lankester) എന്ന പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളവയാകുന്നു.

'ശാസ്ത്രവിജയ'ത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിവാരണചികിത്സയുടെ മൂലതത്വം ശാസ്ത്രീയലോകത്തിൽ ചിരകാലപ്രതിഷ്ഠിതവും അക്ഷോഭ്യവുമായ ഒന്നായിട്ടാണ് കാണപ്പെടുന്നതു്. മേല്പടി തത്വം യുക്തിപൂർവ്വമായ വാദത്തിന്റെ ഫലമായതുകൊണ്ട്, അതു ബുദ്ധിപൂർവ്വം ആലോചിക്കുന്നതിനു ശക്തിയുള്ള ഏതു സാമാന്യനും പ്രസ്പഷ്ടം മനസ്സിലാക്കാവുന്നതും അതിന്റെ പ്രായോഗികമായ പ്രയോജനത്തെ ഉദ്ദേശിച്ച് ആരും അവശ്യം ഗ്രഹിച്ചിരിക്കേണ്ടതുമായ ഒരു സംഗതിയാകകൊണ്ടു മാത്രമാണ് അതിനെ ഇവിടെ ഉദ്ധരിച്ചിട്ടുള്ളതു്.

പൌരുഷം എന്ന ഉപന്യാസം അമ്മേരിക്കയിലെ സുപ്രസിദ്ധ ഗദ്യകവിയായ എമേർസന്റെ Heroism എന്ന ഉപന്യാസത്തെ അടിസ്ഥാനപ്പെടുത്തിയാണ് എഴുതിട്ടുള്ളതു്. ഒരു ഇംഗ്ലീഷുഗ്രന്ഥത്തെ വാക്യംപ്രതി പരിഭാഷപ്പെടുത്തി, അതിനെ ഭാഷയിൽ സരസവും സ്വാഭാവികവും ആക്കിത്തീർക്കുക സാദ്ധ്യമല്ലല്ലോ. കൂടാതെയും പ്രസ്തുതവിഷയത്തിലെ മഹാശയങ്ങളെ സാധാരണജനങ്ങൾക്കു എളുപ്പം ഗ്രഹിക്കാൻ പാടില്ലാത്തവിധം സംക്ഷിപ്തവാക്യങ്ങൾ മൂലമാണ് അദ്ദേഹം വെളിപ്പെടുത്തീട്ടുള്ളതു്. സാധാരണ വായനക്കാർക്കു കാര്യം മനസ്സിലാകുന്നതിന് ആശയവിശദീകരണം അവിടവിടെയായി വേണ്ടിയിരിക്കുന്നു. അതുകൊണ്ട് വാക്യക്രമാനുസരണമുള്ള പരിഭാഷാരീതിയെ ഉപേക്ഷിച്ചും ആശയങ്ങളെ വിശദീകരിച്ചും ഭാഷയ്ക്കു ചേരുന്ന വാക്യരീതിയെ അനുകരിച്ചുമാണ് ഈ ഉപന്യാസം രചിക്കപ്പെട്ടിട്ടുള്ളതു്.

എസ്സ്. സുബ്രഹ്മണ്യശാസ്ത്രി.

# ശാസ്ത്രവിജയം.

ഭാഗ്യം, യോഗം, വിധി, ദൈവഗതി എന്നീ പദങ്ങൾ നമ്മുടെ നാവിൽ സർവസാധാരണമായി വിളങ്ങുന്നു. ഈ പദങ്ങളിൽ അടങ്ങിയിരിക്കുന്ന അഭിപ്രായങ്ങളെ സ്വീകരിച്ചുകൊണ്ടു നമ്മുടെ ഇടയിൽ മിക്ക ജനങ്ങളും സമാധാനചിത്തരായിത്തീർന്നിട്ടുണ്ട്. ഒരു മനുഷ്യന്റെ ഉൽകർഷാപകർഷങ്ങൾ, ചിലപ്പോൾ അകാരണമായും അപ്രതിക്ഷിതമായും ഉണ്ടാകുന്നു എന്നാണ്, ഭാഗ്യം, വിധി എന്ന പദങ്ങൾ സൂചിപ്പിക്കുന്നത്. സൂക്ഷ്മദൃഷ്ട്യാ മനുഷ്യന്റെ അവസ്ഥാഭേദങ്ങളേയും അനുഭവങ്ങളേയും നോക്കുമ്പോൾ, അവ കാര്യകാരണസംബന്ധമുള്ളവയാണെന്ന് നമുക്കു ബോദ്ധ്യപ്പെടും. ലോകത്തിൽ കാരണമില്ലാതെ ഒരു കാര്യവുമില്ല. ഒരു സംഭവത്തിന്റെ കാരണം, സൂക്ഷ്മമായും തെളിഞ്ഞുകാണാതെയും ഇരിക്കുമ്പോൾ, സാധാരണദൃഷ്ടിക്ക് അതു് കാരണം കൂടാതെ യാദൃച്ഛികമായി വന്നതാണെന്നു തോന്നുന്നതു സഹജമാണല്ലോ. എന്നാൽ ശാസ്ത്രീയമായ പരിചയവും ജ്ഞാനവും ലഭിച്ചിട്ടുള്ള ഒരുവൻ, കാര്യത്തിന്റെ കാരണം പ്രത്യക്ഷപ്പെട്ടില്ലെങ്കിലും, അതിനു മതിയായ കാരണം തീർച്ചയായിട്ടും ഉണ്ടായിരുന്നിരിക്കണമെന്നുതന്നെ വിചാരിക്കുന്നു.

മഴ പെയ്യുന്നതും പെയ്യാത്തതും വരുണഭഗവാന്റെ ഇഷ്ടം; കാററു വീശുന്നതും നിശ്ചലമായിരിക്കുന്നതും മാരുതന്റെ ഇഷ്ടം; ചൂടു കുറയുന്നതും കൂടുന്നതും വരുണന്റേയും സൂര്യന്റേയും ഇച്ഛ; എന്നിങ്ങനെയാണ് പൂർവകാലങ്ങളിൽ ജനങ്ങൾ വിശ്വസിച്ചുപോന്നത്. അതുപോലെതന്നെ ഒരു മനുഷ്യൻ മഹാനാവുന്നതും അല്പനായിരിക്കുന്നതും, ധനവാ

നാകുന്നതും ദരിദ്രനായിരിക്കുന്നതും, ഭാഗ്യവാനായി സുഖിക്കുന്നതും പണവും ആരോഗ്യവും കൂടാതെ കഷ്ടപ്പെടുന്നതും, എല്ലാം ദൈവത്തിന്റെ നിശ്ചയമാണെന്നുള്ള മതം ഇപ്പോഴും പല ജനങ്ങളും വിശ്വസിച്ചും അനുഷ്ഠിച്ചും പോരുന്നുണ്ട്.

ഒരുവൻ മഹാനാവുന്നതു് അയാളുടെ കുടുംബപാരമ്പര്യം, ജന്മനാൽ സിദ്ധമായ ബുദ്ധി, വിദ്യാഭ്യാസസൌകര്യങ്ങൾ, സ്വഭാവപരിശീലനം മുതലായ കാരണങ്ങളേക്കൊണ്ടാണെന്നും, ധനവാനാകുന്നതു് ബുദ്ധികൌശലം, സ്വഭാവവിശേഷങ്ങൾ, സന്ദർഭസൌകര്യങ്ങൾ ഇവയെ ആശ്രയിച്ചിട്ടാണെന്നും, സന്തുഷ്ടിയും സുഖവും, ദുരാഗ്രഹം വെടിഞ്ഞ സംതൃപ്തനിലയെ ആശ്രയിച്ചിരിക്കുന്നുവെന്നും, ആരോഗ്യം ആഹാരവ്യവസായങ്ങളുടെ നിയന്ത്രണം കൊണ്ടു ലഭ്യമാകുന്നതാണെന്നും, നിഷ്പക്ഷപാതം ആലോചിക്കുന്നവൎക്കു തെളിയുന്ന ഒരു സംഗതിയാണ്. പ്രകൃതിയും പുരുഷനും (മനുഷ്യനും) ഒരുപോലെ, നീക്കമില്ലാത്ത നിയമങ്ങൾക്കു അധീനരായിരിക്കുന്നു. വെള്ളം തിളപ്പിച്ചാൽ ആവിയാകും; ആവി തണുപ്പിച്ചാൽ പിന്നെയും വെള്ളമാകും; ചൂടുപിടിപ്പിച്ചാൽ ഏതു സാധനവും വികസിക്കുന്നു. ഒരു നിശ്ചിത ഡിഗ്രിവരെ ചൂടുപിടിച്ചാൽ വെള്ളം തിളയ്ക്കും; ലോഹങ്ങൾ ഉരുകും. സസ്യാദികൾ വളരുന്നതിനു ചൂടും വെളിച്ചവും ഈൎപ്പവും വേണം. ആരോഗ്യത്തിനു ശുദ്ധവായുവും ശുദ്ധജലവും വേണം. മലിനവായുവും മലിനജലവും രോഗബീജങ്ങളെ ഉൽപാദനം ചെയ്യുന്നു. അവയെ ഉൾകൊണ്ടു് മനുഷ്യൻ പലതരം രോഗങ്ങൾക്കു വശ്യനാകുന്നു. ബലിഷ്ഠനായാലും ദുർബലനായാലും, ധനവാനായാലും ദരിദ്രനായാലും, മഹാനായാലും അല്പനായാലും, അഗ്നിയെ തൊട്ടാൽ അതു് ഇവരെല്ലാവരേയും ഒരുപോലെ ബാധിക്കുന്നു. പാപികളും പുണ്യവാനും സൂൎയ്യൻ ഒരുപോലെ ചൂടും വെളിച്ചവും കൊടുത്തനുഗ്രഹിക്കുന്നു. കാലവൎഷം അവരുടെ കൃഷിക്കു ഒന്നുപോലെ ഉപകരിക്കുന്നു. പ്ര

കൃതിനിയമത്തെ ലംഘിച്ചാൽ ആരായാലും കുററത്തിന്റെ ഗൌരവമനുസരിച്ചുള്ള ശിക്ഷ അനുഭവിച്ചേതീരു. വഷിച്ചുവാരി അമിതമായി ഭുജിച്ചാൽ അജീർണ്ണംകൊണ്ടുള്ള സുഖക്കേടു നിശ്ചയം. പൊതുജനനന്മയ്ക്കായി സമുദായത്തിൽനിന്നോ ഗവർമ്മെണ്ടിൽനിന്നോ നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങളെ ലംഘിച്ചാൽ, ലംഘനത്തെപ്പററിയുള്ള പൂർണ്ണ അറിവോ തെളിവോ ലഭിക്കാഞ്ഞിട്ടു്, കുററക്കാരൻ ചിലപ്പോൾ ശിക്ഷയിൽനിന്നും ഒഴിഞ്ഞു് യോഗ്യനായി നടക്കുന്നു. എന്നാൽ പ്രകൃതിശിക്ഷയിൽനിന്നും ഒരു മനുഷ്യനും ഒരിക്കലും ഒഴിയാൻ നിവൃത്തിയില്ല. പ്രകൃതിനിയമലംഘനങ്ങൾക്കുള്ള ശിക്ഷ അല്പമായ ദേഹാസ്വാസ്ഥ്യം തുടങ്ങി മരണംവരെയ്ക്കുമുണ്ടു്. നിയമലംഘനം വരുത്താതെ നടന്നാൽ ശിക്ഷകൂടാതെ ജീവിക്കാം. ശിക്ഷ വന്നുകൂടിയാൽ അതിന്റെ ദീർഘതയേയോ ക്രൌര്യത്തേയോ ചികിത്സാവിധിയനുസരിച്ചു കുറയ്ക്കാം. ചികിത്സകൊണ്ടു വ്യാധി ശമിക്കുന്നതും പ്രകൃതിനിയമം അനുസരിച്ചുതന്നെയാണു്. ആയതുകൊണ്ടു് പ്രകൃതിയേപ്പററിയും പ്രകൃതിനിയമങ്ങളെപ്പററിയും എത്രത്തോളം നമുക്കു് അറിവു ലഭിക്കുന്നുവോ അത്രത്തോളം നമുക്കു രോഗബാധകളേയും മററാപത്തുകളേയും തടുക്കുന്നതിനും നീക്കുന്നതിനും സാധിക്കും. ഈ അറിവു് പ്രകൃതിശാസ്ത്രപഠനംകൊണ്ടു മാത്രമേ സിദ്ധിക്കൂ. പ്രകൃതിശാസ്ത്രത്തെ നാൾക്കുനാൾ അഭിവൃദ്ധിപ്പെടുത്തുന്നതും അതിന്റെ പഠനത്തിങ്കൽ നമ്മെ പ്രോത്സാഹിപ്പിക്കുന്നതും അതിനാലുണ്ടാവുന്ന കാര്യസിദ്ധിയത്രേ. ആധുനികകാലത്തു് പ്രകൃതിശാസ്ത്രജ്ഞാനം മൂലം നമുക്കു സിദ്ധിച്ചിട്ടുള്ള മഹത്തായ ഗുണങ്ങൾക്കും സൌകര്യങ്ങൾക്കും കണക്കില്ല. യാത്രയ്ക്കും വ്യാപാരത്തിനും എത്രയോ സൌകര്യങ്ങൾ ഉണ്ടാക്കിത്തന്നിട്ടുള്ള തീവണ്ടിയും തീക്കപ്പലും, സ്വേച്ഛയായും വേഗത്തിലും സഞ്ചരിക്കുന്നതിനുതകുന്ന മോട്ടാർകാറും വ്യോമയാനവും, ദൂരത്തെ നിസ്സാരമാക്കി വർത്തമാനങ്ങൾ ലോകത്തിന്റെ ഒരററത്തുനിന്നും മറേറയററ

ത്തിലേയ്ക്കു് അറിയിക്കുന്നതിനുപകരിക്കുന്ന കമ്പിത്തപാലും കമ്പിയില്ലാക്കമ്പിയും, ലോകപ്രസിദ്ധി ലഭിച്ചിട്ടുള്ള മഹാന്മാരുടെ സംഗീതാദിവിനോദങ്ങൾ, സരസസംഭാഷണങ്ങൾ, പ്രസംഗങ്ങൾ മുതലായവ ലോകത്തിലെല്ലാവക്കും കേട്ടാനന്ദിക്കുന്നതിനു സൌകര്യം നൽകീട്ടുള്ള ഗ്രാമഫോണും ദൂരഭാഷിണിയും, ഓരോ രാജ്യത്തിലേയും ദേശത്തിലേയും ദർശനീയങ്ങളായ കാഴ്ച്ചകളേയും, സംഭവങ്ങളേയും, പല കഥകളേയും, നാടകങ്ങളേയും പ്രത്യക്ഷം പ്രദർശിപ്പിച്ചു നമ്മെ ആഹ്ളാദഭരിതരാക്കിത്തീക്കുന്ന സിനിമായും ദൂരസന്ദർശിനിയും, കൃഷിയുടെ അഭിവൃദ്ധിക്കായി കണ്ടിട്ടുള്ള പല ഉപായങ്ങളും ഉപകരണങ്ങളും, രോഗശാന്ത്യത്ഥവും, രോഗനിരോധനാത്ഥവും, പൊതുജനാരോഗ്യസംരക്ഷണാത്ഥവും കണ്ടുപിടിച്ചിട്ടുള്ള ഔഷധങ്ങളും, ഉപായങ്ങളും വ്യവസ്ഥിതികളും, യുദ്ധനിവ്വഹണത്തിനായി സൃഷ്ടിച്ചിട്ടുള്ള പലതരം തോക്കുകളും, പീരങ്കികളും, നൌനാശകയന്ത്രങ്ങളും, പല നശീകരണപദാർത്ഥങ്ങളും, എന്നുവേണ്ട മനുഷ്യരുടെ ഐഹികക്ഷേമാഭിവൃദ്ധിക്കും മദമാത്സര്യാദി ദോഷങ്ങൾമൂലം ലോകത്തിൽ ഉളവാകുന്ന നാശങ്ങൾക്കും സാധനങ്ങളായിത്തീന്നിരിക്കുന്ന സമസ്തവും ശാസ്ത്രജ്ഞാനംമൂലം നമുക്കു സിദ്ധിച്ചിട്ടുള്ളവയാകുന്നു.

എന്നാൽ ഈ ഉപന്യാസത്തിൽ വൈദ്യശാസ്ത്രജ്ഞാനാഭിവൃദ്ധിമൂലം നമുക്കു ലഭിച്ചിട്ടുള്ള ചില ഗുണങ്ങളേപ്പററി മാത്രമാണു് പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നതു്.

വൈദ്യശാസ്ത്രം അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതു രണ്ടു വിധത്തിലാണു്. ഒന്നു—പല ഔഷധങ്ങളും പല രോഗങ്ങൾക്കായി പ്രയോഗിച്ചു പരീക്ഷിച്ചു് ഗുണദോഷങ്ങൾ കണ്ടറിഞ്ഞും രോഗത്തിൻെറ ഉൽപത്തിമുതൽ വൃദ്ധിക്ഷയം കഴിഞ്ഞു പൂണ്ണശമനംവരെയുള്ള ലക്ഷണങ്ങൾ നിരീക്ഷണം

ചെയ്തും രോഗങ്ങളേയും മരുന്നുകളേയും നിൎണ്ണയിക്കുക. രണ്ട്—രോഗങ്ങളുടെ മൂലകാരണമറിഞ്ഞു് അവയ്ക്കു് ഫലവത്തായ ഒരു പ്രതിവിധി നിശ്ചയിക്കുക.

ഈ രണ്ടുസമ്പ്രദായത്തിലും രണ്ടാമത്തേതു പ്രയാസമേറിയതാണെങ്കിലും ഫലവത്തരമാണു്. ഒരു രോഗത്തിൻെറ കാരണം അറിഞ്ഞാൽ അതിനെ നിരോധിക്കാനോ ശമിപ്പിക്കാനോ എളുപ്പം സാധിക്കുന്നതാണു്. എന്നാൽ രോഗങ്ങളുടെ മൂലകാരണങ്ങൾ അറിയുന്നതു് അത്ര എളുപ്പമല്ല. രോഗങ്ങൾ പ്രായേണ, ബാഹ്യപദാൎത്ഥങ്ങളുടേയൊ അണുപ്രാണികളുടേയൊ സമ്പൎക്കത്താലോ ദേഹത്തിനുള്ളിൽ പ്രവേശനത്താലൊ ദേഹത്തിലെ ഇന്ദ്രിയാദ്യവയവങ്ങളിൽ ആഹാരവിഹാരാദികളാലുണ്ടാകുന്ന ദൂഷ്യം നിമിത്തമോ ഉത്ഭവിക്കുന്നവയാണല്ലൊ. മേല്പടി കാരണങ്ങളെ കണ്ടുപിടിക്കുന്നതിന് അസാധാരണന്മാരായ ശാസ്ത്രവിദഗ്ദ്ധന്മാരുടെ അസാമാന്യമായ പരിശ്രമവും, സമയവ്യയവും കൂടാതെ എത്രയോ ധനവ്യയവും വേണ്ടിയിരിക്കുന്നു. ശാസ്ത്രീയപൎയ്യന്വേഷണം നടത്തുന്നതിൽ ഫലപ്രാപ്തി എപ്പോഴുമോ ഉടനടിയായോ ഉണ്ടാകുന്നതുമല്ലല്ലൊ. അതുകൊണ്ടു് ഈ വിഷയത്തിൽ വേണ്ടിടത്തോളം അഭിവൃദ്ധിയുണ്ടായിട്ടില്ല. ഉണ്ടായിട്ടുള്ളിടത്തോളം സിദ്ധിച്ചിട്ടുള്ള അപരിമിതങ്ങളായ ഗുണങ്ങളെ ഒന്നു രണ്ടു സംഗതികൾകൊണ്ടു് നമുക്കു മനസ്സിലാക്കാം.

യൂറോപ്പിൽ മിഡിൽ ഏജസ് (൯-മുതൽ ൧൫-ാം ശതാബ്ദംവരെ) എന്നു പറഞ്ഞുവരുന്ന മദ്ധ്യകാലങ്ങളിൽ കാലൻ പ്ലേഗ് എന്ന അതിഭയങ്കരമായ വ്യാധിരൂപേണ കളിയാടിനടന്നു. എന്നാൽ ഇപ്പോൾ ആ വ്യാധി നിവാൎയ്യവും അഭയങ്കരവുമായ ഒന്നായിത്തീൎന്നിട്ടുണ്ടു്. കാലൻെറ അതിഘോരമായ കളിയും അവസാനിച്ചുകഴിഞ്ഞു. ഈ രോഗത്തെ സംബന്ധിച്ചു് ഇങ്ങനേയുള്ള ഒരു ഭേദം ഉണ്ടാകുന്നതി

നുള്ള നിമിത്തം രോഗത്തിൻെറ മൂലകാരണജ്ഞാനസമ്പാദനംതന്നെയാണ്: എലിയിൽ ഉൽപന്നമായി വൎദ്ധിക്കുന്ന ഒരു അണുപ്രാണി(Bacillus)യത്രേ പ്ലേഗിനു കാരണം. ഒരു തരം ചെള്ള് അതിനെ ഒരെലിയിൽനിന്നും മറ്റെലികളിൽ കൊണ്ടുചേൎക്കുന്നു. ഈ വ്യാധി പിടിപെട്ട എലിയിൽനിന്നും മനുഷ്യനും, ഈ രോഗം ചെള്ളുകൾ മൂലം എളുപ്പം പകരുന്നു.

മലേറിയ അല്ലെങ്കിൽ മലമ്പനി ചതുപ്പുനിലത്തിൽ നിന്നുമുണ്ടാകുന്ന ഒരുതരം വിഷവായുവിൻെറ വ്യാപാരമാകുന്നു എന്നാണ് ഒരു കാലത്ത് ജനങ്ങൾ വിശ്വസിച്ചുപോന്നത്. എന്നാൽ ഇപ്പോൾ അതു് ഒരുതരം കൊതുക് മനുഷ്യനിൽ കൊണ്ടുചേൎക്കുന്ന ഒരു അണുപ്രാണി നിമിത്തം ഉണ്ടാകുന്നു എന്നാണ് ശാസ്ത്രീയമായി നിൎണ്ണയിച്ചിട്ടുള്ളത്. ഈ പനിയുടെ മൂലകാരണം അറിഞ്ഞതോടുകൂടി അതിൻെറ പ്രചാരവും കുറഞ്ഞിട്ടുണ്ട്. അതു് നിവാൎയ്യമായും തീൎന്നിട്ടുണ്ട്.

അതുപോലെതന്നെ മഞ്ഞപ്പനി (യെല്ലോ ഫീവർ) കരീബിയൻകടലിനു ചുററും വ്യാപിച്ച് അവിടെ അനേകം യൂറോപ്യന്മാരുടെ അകാലമരണത്തിനു ഹേതുവായിത്തീൎന്നിരുന്നു. ഇതിൻെറ കാരണം, ഒരു രോഗിയിൽനിന്നും കൊതുകുമൂലം പ്രസരിക്കുന്ന ഒരു ജന്തുവാണെന്നു കണ്ടുപിടിച്ചതോടുകൂടി ഈ രോഗവും പരിഹാൎയ്യമായിത്തീൎന്നു. മേൽപ്പറഞ്ഞ പ്രദേശങ്ങൾ ഇപ്പോൾ സുഖവാസസ്ഥലങ്ങളായിട്ടു കൂടി തീൎന്നിട്ടുണ്ട്.

പ്ലേഗിനെ അതു വ്യാപിച്ചിരിക്കുന്ന സ്ഥലത്തിലെ എലികളെ നശിപ്പിച്ചും വസതികൾ ശുദ്ധമാക്കിയും തടയാം. മലേറിയാ, യെല്ലോ ഫീവർ ഇവയെ കൊതുകുകളുടെ ഉൽപത്തിസ്ഥാനങ്ങളെ ശുദ്ധമാക്കി അവയുടെ വൎദ്ധനയേ

കുറച്ചു് നിരോധിക്കാവുന്നതാണു്. ഈ ഉപായങ്ങൾ മനുഷ്യൎക്കു് എത്രമാത്രം രക്ഷ നല്കീട്ടുണ്ടെന്നുള്ളതു് ഒരോ സ്ഥലത്തിൻെറയും പല വത്സരങ്ങളിലേ കണക്കുകൾ പരിശോധിച്ചാൽ അറിയാവുന്നതാണു്. അതു അത്യാശ്ചൎയ്യകരമായി ത്തന്നെയിരിക്കുന്നു.

യുദ്ധകാലത്തു പട്ടാളക്കാൎക്കു്, വെടിയേററുണ്ടാകാവുന്ന മരണത്തേക്കാൾ, സാംക്രമികരോഗംകൊണ്ടു വരാവുന്ന അപായത്തേയാണു് അധികം പേടിക്കേണ്ടിവന്നതു്. തെക്കേ ആഫ്രിക്കൻ യുദ്ധത്തിൽ ബ്രിട്ടീഷു് പട്ടാളത്തിനു മുറിവേററുണ്ടായിട്ടുള്ളതിലിരട്ടി നഷ്ടം വിഷമജ്വരം (ടൈഫോയിഡ്) മുതലായ രോഗങ്ങൾ മൂലം ഉണ്ടായിട്ടുണ്ടു്. സ്പാനിഷ് അമേരിക്കൻയുദ്ധത്തിൽ അമേരിക്കൻപട്ടാളക്കാരിൽ ൨൦,൦൦൦ പേർ (ഏകദേശം ആറിലൊരുഭാഗം) ടൈഫോയിഡ് ജ്വരത്തിനു അധീനരായിത്തീൎന്നു. ജപ്പാനും റഷ്യയുമായി ൧൯൦൪-നു മുമ്പു നടന്ന യുദ്ധങ്ങളിൽ ൪൦ ശതമാനം പട്ടാളക്കാർ ബെരിബെരി (Beriberi) എന്ന രോഗം പിടിപെട്ടു മരിച്ചതായി കാണപ്പെട്ടു. എന്നാൽ ൧൯൦൪ മുതൽ ൧൯൦൫ വരെ നടന്ന യുദ്ധത്തിൽ ജപ്പാൻപട്ടാളത്തിൽ ൨,൪൦൦ പേർ ഉണ്ടായിരുന്നതിൽ ഒരുവനുപോലും മേല്പടി രോഗം ഉണ്ടായില്ല. രോഗത്തിൻെറ മൂലകാരണമറിഞ്ഞു് അതിനെ തടയുക നിമിത്തം ജനങ്ങൾക്കുണ്ടായിട്ടുള്ള ക്ഷേമം എത്ര വിസ്മയജനകമായിരിക്കുന്നു.

ദേഹത്തിൽ അതാതു രോഗബീജം കുത്തിവെച്ചു് അത്യുഗ്രമായ എല്ലാ രോഗബാധയിൽ നിന്നും മനുഷ്യരെ രക്ഷപ്പെടുത്താമെന്നുള്ളതാണു് നിവാരണചികിത്സയുടെ മൂലതത്വം. ടൈഫോയിഡ് (സന്നിപാതജ്വരം), കാളറ (വിഷൂചിക), ഡിസെൻെററി (അതിസാരം), മലേറിയാ (മലമ്പനി), മസൂരി, ക്ഷയം, പ്ലേഗ് മുതലായ പല രോഗങ്ങളും

ഈ ചികിത്സാസമ്പ്രദായത്തിൽ നിവാൎയ്യങ്ങളായിത്തീൎന്നിട്ടുണ്ടു്. ഇംഗ്ലാണ്ടിൽ തന്നെയും ഒരു കാലത്തു് മസൂരി, തടയാൻ വഹിയാത്തതും അതിഭയങ്കരവും എപ്പോഴും നടപ്പില്വള്ളതും ആയ ഒരു വ്യാധി ആയിരുന്നു. മസൂരി പിടിപെട്ട ആളുകളെ ശുശ്രൂഷിക്കുന്നതിന് മസൂരി പിടിപെട്ടു് അതിൽനിന്നും രക്ഷപ്പെട്ട ആളുകളെ തിരക്കിപ്പിടിച്ചു അവൎക്കു മതിയായ കൂലികൊടുത്തു നിയമിക്കുക പതിവായിരുന്നു. നമ്മുടെ നാട്ടിലും മസൂരിയെ പേടിച്ചു വീടു വിട്ടൊഴിയുക, രോഗിയെ വീട്ടിൽനിന്നും മാററി ശുശ്രൂഷിക്കുക, വാലിയക്കാരേ ഏല്പിക്കുക മുതലായ മുമ്പുണ്ടായിരുന്ന നടപടികളെപ്പററി പല കഥകളും നാം കേട്ടിട്ടുണ്ടല്ലോ. ൧൬൯൪-ൽ ഇംഗ്ലാണ്ടിലേ മേരി രാജ്ഞിപോലും ഈ രോഗം ബാധിച്ചു മരിക്കാനിടയായി. ഈ രോഗം വന്നുകൂടിയാൽ ജീവരക്ഷതന്നേയും, ദുൎല്ലഭമായിരുന്നു. അഥവാ രക്ഷപ്പെട്ടുകയാണെങ്കിലും, രോഗി അനുഭവിച്ചുവന്ന കഷ്ടതകൾ, ഊഹാതീതങ്ങളായിരുന്നു. രോഗത്തിൻെറ അവശിഷ്ടങ്ങളായ പാടുകൾ പുരുഷന്മാൎക്കും സ്ത്രീകൾക്കും വൈരൂപ്യം വരുത്തി, അവരെ ജീവപൎയ്യന്തം സലജ്ജരാക്കിത്തീൎത്തുവന്നു. ഇപ്പോൾ മസൂരിയുടെ ബാധയോ അതിനെപ്പററിയുള്ള ഭീതിയോ മുൻകാലങ്ങളെ അപേക്ഷിച്ചു എത്രയോ കുറവാണു്.

ലോകത്തിലെ ഈ അവസ്ഥാഭേദത്തിനു കാരണഭൂതൻ ൧൭൪൯-മുതൽ ൧൮൨൩-വരെ ജീവിച്ചിരുന്ന "ജന്നർ" എന്ന മഹാനായിരുന്നു. അദ്ദേഹം ലോകത്തിൻെറ കൃതജ്ഞതയ്ക്കും ബഹുമാനത്തിനും ശാശ്വതമായി പാത്രീഭവിച്ചിരിക്കുന്നു എന്നുള്ളതിൽ ആശ്ചൎയ്യപ്പെടാനില്ലല്ലോ. മസൂരിയെ തടയാൻ കുത്തിവെയ്ക്കുക ഒരു ശരിയായ നിവാരണമാൎഗ്ഗമാണെന്നു് അദ്ദേഹം ൧൭൯൬-ൽ തെളിവുസഹിതം ലോകസമക്ഷം പ്രത്യക്ഷമാക്കി. അതിബാല്യത്തിൽത

ന്നെ മസൂരി നിരോധിക്കുന്നതിനുള്ളമാർഗ്ഗം അദ്ദേഹത്തിൻെറ ആലോചനയ്ക്കു വിഷയമായി. പ്രാക്ടീസു തുടങ്ങിയ പ്രാരംഭഘട്ടത്തിൽതന്നെ, ഒരു ബാലിക ചികിത്സയ്ക്കായി ചെന്നപ്പോൾ, രോഗം മസൂരിയായിരിക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടതിന് "എനിക്കു ഗോവസൂരി (cow-pox) വന്നുകഴിഞ്ഞിരിക്കുന്നു." എന്നു ബാലിക മറുപടി പറഞ്ഞു. ഗോവസൂരി (cow-pox) വന്നുകഴിഞ്ഞാൽ മസൂരി (Small-pox) വരികയില്ലെന്നുള്ള നാടോടിയായ അഭിപ്രായത്തിൽ അടങ്ങിയിരുന്ന തത്വം ഇന്നതാണെന്ന് അദ്ദേഹം ഉടൻതന്നെ കാണുകയും, കാലക്രമത്തിൽ ലോകസമക്ഷം സമർപ്പിക്കയും, ചെയ്തതിലായിരുന്നു അദ്ദേഹത്തിൻെറ ഖ്യാതി. അപ്പോൾ ഒരു യുവാവും വിദ്യാർത്ഥിയും മാത്രമായിരുന്ന ജന്നർ, ആ തത്വത്തെപ്പററി ലണ്ടൻ ആശുപത്രിയിലെ പ്രധാനാധികാരിയും, ചികിത്സയിൽ പഴക്കവും തഴക്കവും സിദ്ധിച്ചിരുന്നവനും ആയ ജാൺ ഹൺടറോട്ട് പ്രസ്താവിച്ചപ്പോൾ, അദ്ദേഹം പറഞ്ഞതു്— "ഒരഭിപ്രായവും മനസ്സിൽ വെച്ചിരുന്നാൽ പോരാ; അതിൻെറ യാഥാർത്ഥ്യം ക്ഷമയോടെ പരിശോധിച്ചറിയണം. അഭിപ്രായം, ശാസ്ത്രീയദൃഷ്ടിക്കും അനുഭവത്തിനും സൂക്ഷ്മമായി യോജിക്കണം." എന്നായിരുന്നു. ഈ വിലയേറിയ ഗുണദോഷവാക്കിനെ കൈക്കൊണ്ടു് ഇക്കാൎയ്യം സൂക്ഷ്മമായി നിൎണ്ണയിക്കുന്നതിനു ജന്നർ ക്ഷമയോടെ ഒരുമ്പെട്ടു. എന്നാൽ ൧൭൮൦-ൽ മാത്രമേ ഗോവസൂരി (Cow-pox) ഒരാളിൽനിന്നും മറെറാരാളിൽ പകൎത്തിട്ട് മസൂരിയെ (Small-pox) തടയാമെന്നുള്ള അഭിപ്രായത്തെ, അദ്ദേഹത്തിനു തൻെറ സ്നേഹിതന്മാരായ ഭിഷഗ്വരന്മാരോടു പ്രസ്താവിക്കാൻ ധൈൎയ്യം ഉണ്ടായുള്ളൂ. അദ്ദേഹത്തിൻെറ യുക്തിയുക്തമായ വാദം ഇങ്ങനെയായിരുന്നു. "ഗോവസൂരി" ഉണ്ടായ ഒരാളിന് മസൂരി പിടിപെടുകയില്ല എന്നുള്ള ജനങ്ങളുടെ ബോധം, അവരുടെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയാണല്ലോ ഉണ്ടായിട്ടുള്ളതു്.

ആയതുകൊണ്ടു് ഒരു ദേഹത്തിൽ കുത്തിവെച്ച് ഗോവസൂരി ഉൽപാദനം ചെയ്താൽ പിന്നീട്ട മസൂരി ആ ദേഹത്തിൽ ഉണ്ടാകാനിടയില്ലെന്നു വിശ്വസിക്കാം. ഇതിന്റെ വാസ്തവം പരിക്ഷിച്ചറിയുന്നതിന്ന്, ഒരു ദേഹത്തിൽ ഗോവസൂരി ഉൽപാദനം ചെയ്തതിൽപിന്നിട്ട് മസൂരി ഉൽപാദനത്തിനും കുത്തിവെക്കണം. രണ്ടാമതായി കുത്തിവെച്ചതു ഫലിച്ചില്ലെങ്കിൽ, പ്രസ്തുത വാദത്തിന്റെ യാഥാൎത്ഥ്യം തെളിഞ്ഞതായി വിചാരിക്കാം. ഇങ്ങനെ വാദിച്ചുകൊണ്ടു ജന്നർ പലവത്സരങ്ങളായി പട്ടി, പൂച്ച, മുതലായ ജന്തുക്കളിൽ പല പരിക്ഷകളും നടത്തി. ഫലം തൃപ്തികരമായി വന്നതുകൊണ്ടു് ൧൭൯൬-ൽ അദ്ദേഹം എട്ടുവയസ്സു പ്രായമുള്ള ഒരു ബാലനിൽ ആദ്യമായി ഗോവസൂരി ഉൽപാദനം ചെയ്തു. പിന്നീട്ട മസൂരി ഉൽപാദനത്തിനു കുത്തിവെച്ചപ്പോൾ ആയതു ഫലിച്ചില്ല. മേല്പടി രോഗലക്ഷണങ്ങൾ കണ്ടതേ ഇല്ല. തന്റെ ഊഹം ഈ ദൃഷ്ടാന്തംകൊണ്ടു തെളിഞ്ഞു എന്നു കണ്ടു് അദ്ദേഹം അടുത്തുള്ള അനേകം ബാലന്മാരെ ഗോവസൂരിപ്രയോഗംമൂലം മസൂരിയിൽനിന്നും രക്ഷപ്പെടുത്തി. ജനബോദ്ധ്യത്തിനും സമ്മതത്തിനുമായി അദ്ദേഹം തന്റെ പുത്രനിലും ഈ പ്രയോഗം രണ്ടുമൂന്നു പ്രാവശ്യം നടത്തി. പ്രഭുകുടുംബത്തിൽപ്പെട്ട ചില കുട്ടികളേയും അവരുടെ മാതാപിതാക്കന്മാരുടെ അപേക്ഷാനുസരണം കുത്തിവെച്ചതോടുകൂടി ജനങ്ങൾക്കു് ഈ സമ്പ്രദായത്തെപ്പററിയുണ്ടായിരുന്ന ആശങ്ക നിശ്ശേഷം മാറി.

വിശേഷമായി വല്ലതും കണ്ടുപിടിച്ചാൽ ആയതിനെ രഹസ്യമായി വെച്ചുകൊണ്ടു് ധനസമ്പാദനത്തെ കരുതി പ്രവൎത്തിക്കുക ലോകത്തിൽ സഹജമാണല്ലൊ. ജന്നർ തന്റെ കണ്ടുപിടിത്തത്തെ രഹസ്യമായി വെച്ചിട്ടു് ജനങ്ങൾക്കു രക്ഷ നൽകിയിരുന്നുവെങ്കിൽ അദ്ദേഹത്തിന്നു് എത്രയോ ധനലാഭം ഉണ്ടായേനേ. എന്നാൽ അദ്ദേഹം ഇ

തിനെ ഒരു ധനസമ്പാദനമാർഗ്ഗമായി കരുതാതെ ധനവ്യയംചെയ്തുപോലും ഈ നിവാരണസമ്പ്രദായത്തെ പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിക്കുവാനും അസംഖ്യം ജനങ്ങൾക്കു രക്ഷ നൽകുവാനും ആണ് ശ്രമിച്ചത്. മുൻനടപ്പിനും അഭിപ്രായത്തിനും വ്യത്യാസമായും വിശേഷമായും വല്ലതും ഒരു മനുഷ്യൻ പറയുകയോ പ്രവൎത്തിക്കയോ ചെയ്താൽ അതിനെ ആക്ഷേപിച്ച് തടയുകയാണല്ലൊ ലോകനയം. ജന്നരുടെ ഈ പുതിയ സമ്പ്രദായത്തിനും ആക്ഷേപവും തടസ്സവും ഉണ്ടാകാതിരുന്നില്ല. കുത്തിവെച്ച ഗോവസൂരി ഉൽപാദനം ചെയ്താൽ മനുഷ്യന് പശുവിന്റെ കൊമ്പും തലയും ഉണ്ടാകുമെന്നു കാണിക്കുന്ന മട്ടിൽ പശുവിന്റെ കൊമ്പോടും തലയോടും കൂടിയ ഒരു മനുഷ്യന്റെ ചിത്രം വരച്ച് പ്രസിദ്ധപ്പെടുത്തിയും, ജന്നർ കാണിച്ചുവരുന്നത് വലിയ അക്രമമാണെന്ന് ആക്ഷേപിച്ചെഴുതിയും, അദ്ദേഹത്തിന്റെ ജനോപകാരകമായ പ്രവൃത്തിയെ ഊൎജ്ജിതമായി പലരും പ്രതിഷേധിച്ചു. എന്നാൽ പ്രത്യക്ഷാനുഭവത്തിനെതിരായി വിപരീതാഭിപ്രായങ്ങളും ആക്ഷേപങ്ങളും നിലനില്ക്കാൻ തരമില്ലല്ലൊ. താമസിയാതെ ആക്ഷേപങ്ങൾ നീങ്ങി അദ്ദേഹം ജനങ്ങളുടെ സ്നേഹത്തിനും ബഹുമാനത്തിനും പാത്രമായി. ചക്രവൎത്തിയായ നെപ്പോളിയൻപോലും അദ്ദേഹത്തെ ലോകവന്ദ്യനായിക്കരുതി അദ്ദേഹത്തിന്റെനേൎക്ക് അസാമാന്യമായ പ്രേമം കാണിച്ചുവന്നിരുന്നു. ഒരവസരത്തിൽ നെപ്പോളിയൻ നിരാകരിച്ചതായ ഒരു അപേക്ഷയെ ജന്നരുടേതാണെന്നറിഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞുകൊണ്ട് അതിനെ വീണ്ടും അനുവദിച്ചു. "ജന്നരുടേതാണോ ഈ അപേക്ഷ? അദ്ദേഹത്തിന്റെ അപേക്ഷയെ നാംതന്നെ നിരാകരിക്കത്തക്കതല്ല."

ഒരിക്കൽ കുത്തിവെയ്ക്കുന്നതുകൊണ്ട് ഒരാളുടെ ജീവിതകാലം മുഴുവനും ടി രോഗത്തെ തടഞ്ഞുകഴിഞ്ഞു എന്നു വി

ചാരിച്ചാൽ ആയത്ത് അബദ്ധമായേക്കാം. എന്നാൽ നിശ്ച യമായും മസൂരിയുടെ ഉഗ്രതയെ കുറയ്ക്കാനും ഭയങ്കരതയെ മാററാനും അതു മതിയാകുമെന്നുള്ളത് സർവ്വസമ്മതമാണ്.

ഈ രോഗനിവാരണസമ്പ്രദായം ജന്നർ വിചാരിച്ച തിൽനിന്നു എത്രയോ അധികം ഫലവത്തായിത്തീൎന്നു. എങ്ങനെയെന്നാൽ ഇതിൽ അടങ്ങിട്ടുള്ള തത്വം അനുസ രിച്ച് കുത്തിവെച്ച് മററു രോഗങ്ങളേയും തടയുന്നതിനു ള്ള ശ്രമം അദ്ദേഹത്തിൻെറ പിൻഗാമികൾ ചെയ്തുതുടങ്ങി. ജന്നരുടെ പിൻഗാമികളിൽ ഈ സമ്പ്രദായത്തിൽ മറെറാരു കഠിനമായ രോഗത്തിൻെറ നിവാരണംകൊണ്ടു പ്രസി ദ്ധിലഭിച്ചവർ കാച്ചും, പാസ്റ്ററും ആയിരുന്നു. ആൻത്രാ ക്സ് (പൊളവ) എന്ന രോഗം ഒരണുപ്രാണിയുടെ ചേഷ്ടമൂ ലം ഉണ്ടായതായിരിക്കണമെന്നു സംശയിച്ച് കാച്ച് ചിലജന്തുക്കളിൽ ടി രോഗബീജങ്ങളേക്കടത്തി രോഗോൽ പാദനംചെയ്തു. പിന്നീട് ഈ രോഗം ടി അണുപ്രാണി കൾമൂലം മാത്രമാണുണ്ടാകുന്നതെന്നും, കുത്തിവെച്ച് ഇ തിനേയും തടയാമെന്നും, പാസ്റ്ററാണ് തെളിയിച്ചത്. അ ക്കാലത്ത് ഈ രോഗം പിടിപെട്ട് അനേകായിരം കന്നുകാ ലികൾ അകാലമരണം പ്രാപിച്ചുവന്നിരുന്നു. പാസ്റ്റർ ത ൻെറ അഭിപ്രായത്തിൻെറ വസ്തുതയെ തെളിയിച്ചത് ഇപ്ര കാരമായിരുന്നു. ആദ്യമായി ഇരുപത്തിയഞ്ചു ആടുകളിൽ അദ്ദേഹം ഈ രോഗബീജം കടത്തി. കുറേനാൾ കഴിഞ്ഞിട്ട് ഈ ഇരുപത്തിയഞ്ചു ആടുകളിലും, കുത്തിവെയ്ക്കാത്ത ഇരുപ ത്തിയഞ്ചു ആടുകളിലും ഈ രോഗത്തേ കഠിനമായി ഉൽപാ ദനം ചെയ്തു. ഇങ്ങനെ ചെയ്തതിൽ ആദ്യമേ കുത്തിവെച്ചി രുന്ന ആടുകൾ രക്ഷപ്പെടുകയും രണ്ടാമത്തെ കഠിനപ്രയോ ഗത്തിനു മാത്രം അധീനങ്ങളായിരുന്ന ഇരുപത്തിയഞ്ചും മരിക്കയും ചെയ്തു. നിർദ്ദിഷ്ടകാരണമുള്ളയിടത്തു ഫലം കാണുകയും കാരണമില്ലാത്തയിടത്തു ഫലം കാണാതെ വരി

കയ്യും ചെയ്താൽ അവയ്ക്കു തമ്മിൽ കാര്യകാരണസംബന്ധമുണ്ടെന്നു നിസ്സംശയം തെളിയുന്നതാണല്ലൊ.

കുത്തിവെച്ചു രോഗത്തെ തടയുക എന്ന സമ്പ്രദായം നായ്‌വിഷപരിഹാരാർത്ഥവും പാസ്റ്റർ പരീക്ഷിച്ചു നോക്കി. പേപ്പട്ടി കടിച്ചാൽ വിഷമേല്ക്കാതിരിക്കാൻ വേണ്ടി വീട്ടിലെ നായ്ക്കൾക്കു കുത്തിവെച്ചതിൽ നിന്നു് ടി വിഷബാധയേയും പരിഹരിക്കാമെന്നു് അദ്ദേഹം കണ്ടുപിടിച്ചു. എന്നാൽ വിഷമേററതിൽ പിന്നീട്ട് അതിൻെറ വ്യാപ്തിയേയും വർദ്ധനയേയും കുറച്ചു് രോഗശമനം വരുത്തേണ്ടതായിരുന്നു മനുഷ്യർക്കുള്ള ആവശ്യം. മസൂരിയേപ്പോലെ കുത്തിവെച്ചു് ഈ രോഗബാധയെ നിരോധിക്കേണ്ട ആവശ്യമില്ലല്ലൊ. എന്തെന്നാൽ പേപ്പട്ടികടിച്ചു് വിഷമേല്ക്കുക എന്നുള്ളതു് അപൂർവ്വമായി ചിലർക്കുമാത്രം പററുന്നതും കരുതലോടുകൂടി നടന്നാൽ ഒഴിക്കാവുന്നതുമായ ഒരു അപകടമത്രെ. വിഷത്തിൻെറ വ്യാപ്തിയേയും വർദ്ധനയേയും തടഞ്ഞു് രോഗശമനം വരുത്തുന്നതിനു് ഏതാനും പ്രാവശ്യം, നാലം ഇടവിട്ടു്, കുത്തിവെയ്ക്കുന്നതു പ്രയോജനകരമാണെന്നും പാസ്റ്റർ സൂക്ഷ്മമായ പരിശോധനകൾമൂലം കണ്ടറിഞ്ഞു് പല ആളുകളേയും അപ്രകാരം ചികിത്സിച്ചു് അവരുടെ രോഗം ശമിപ്പിച്ചു. ഈ വിഷബാധയ്ക്കു സർവ്വലോകസമ്മതമായ പ്രതിവിധി പാസ്ററരുടെ ചികിത്സാക്രമം ഒന്നുമാത്രമേയുള്ളു. തന്മൂലം അദ്ദേഹത്തിൻെറ യശസ്സു ലോകമെല്ലാം വ്യാപിച്ചു് ഇന്നും നിലനില്ക്കുന്നുണ്ടു്. മനുഷ്യരുടെ അതികഠിനമായ സങ്കടങ്ങളെ അകററി ജീവരക്ഷ കൊടുക്കുന്നതിനായി ജീവിതകാലം മുഴുവനും തങ്ങളുടെ ശ്രമത്തേയും കഷ്ടനഷ്ടങ്ങളേയും വകവയ്ക്കാതെ നിരന്തരം പ്രവർത്തിച്ചുവന്ന പാസ്ററരേപ്പോലെയുള്ള മഹാന്മാരേപ്പോലും അവരുടെ കാലത്തുള്ള ജനങ്ങൾ ആക്ഷേപിക്കാതിരുന്നിട്ടില്ല.

ദൃഷ്ടാന്തമായി- പാസ്റ്റർ ഒരു കഠിനഹൃദയനാണെന്നും ജീവകാരുണ്യമില്ലാത്ത ഒരാളാണെന്നുമാണു ചിലർ അഭിപ്രായപ്പെട്ടിരുന്നത്. ഈ അഭിപ്രായം യഥാർത്ഥത്തിനു വിപരീതമാണെന്നുള്ളത് താഴെ വിവരിക്കുന്ന സംഗതികൊണ്ടു കാണാം. പരീക്ഷണാർത്ഥം പേപ്പട്ടിവിഷം ഒരു മൃഗത്തിൻെറ തലച്ചോറിൽ കടത്തേണ്ടിവന്നപ്പോഴും, ജീവകാരുണ്യം നിമിത്തം, അതു് അദ്ദേഹത്തിനു സാധിച്ചില്ല. ഒരു മൃഗത്തിൻെറ തലയോടു ഭേദിച്ചു്, തലച്ചോറിൽ വിഷം ഏല്പിക്കുക കഷ്ടമായ ഒരു പ്രവൃത്തിയായിട്ടാണു്, അദ്ദേഹത്തിനു തോന്നിയതു്. വിനോദാർത്ഥം ഒരു മൃഗത്തെ വെടിവെയ്ക്കുകപോലും അദ്ദേഹത്തിൻെറ പ്രകൃതിക്കു വിരുദ്ധമായിരുന്നു. അദ്ദേഹത്തിൻെറ ഒരു അസിസ്റ്റൻറു മേൽപറഞ്ഞ പരീക്ഷണം ഒരു പട്ടിയുടെ തലയിൽ നടത്തിയതു കേട്ടപ്പോൾ അദ്ദേഹത്തിൻെറ ദയാസമ്പൂർണ്ണമായ ഹൃദയം അലിഞ്ഞു്, 'അയ്യോ, അതിൻെറ തലച്ചോറിനു കേടുപററിയിരിക്കുമല്ലോ.' എന്നു് അദ്ദേഹം നിലവിളിച്ചുപോയി. എന്നാൽ മേല്പടി പരീക്ഷണത്തിനു പാത്രമായിരുന്ന നായ്, ഭാവഭേദം കൂടാതെ ഓടിക്കളിച്ചുവന്നതു കണ്ടപ്പോൾ, അദ്ദേഹത്തിൻെറ സന്തോഷത്തിനു കണക്കില്ലായിരുന്നു. അന്നുമുതൽ അതു് അദ്ദേഹത്തിൻെറ പ്രത്യേകവാത്സല്യത്തിനു ഭാജനമായിത്തീരുകയും ചെയ്തു.

രോഗനിവൃത്തിക്കായി മനുഷ്യശരീരത്തിൻെറ പല ഭാഗങ്ങളും കീറിത്തുറന്നും പിന്നീടു തച്ചും ശരിപ്പെടുത്തുന്ന അതിവിദഗ്ദ്ധന്മാരായ ഡാക്ടരന്മാൎക്കു് ശസ്ത്രക്രിയ ചെയ്തു മൂലം കരുണ ശോഷിച്ചുപോകയില്ല, വർദ്ധിച്ചുവരികയേയുള്ളൂ, എന്നുള്ളതിനു നമ്മുടെ പരിചയത്തിൽപെട്ട ഡാക്ടർമാർതന്നെയാണു് ഉത്തമസാക്ഷികൾ.

ജഗൽപ്രസിദ്ധിയും ലോകഹൃദയത്തിൽ ശാശ്വതമായ ഒരു നിലയും സിദ്ധിച്ചിരുന്ന പാസ്റ്റർ അഹങ്കാരത്തിനോ ഗർവ്വിനോ വശപ്പെടാതെ വിവേകംകൊണ്ടും വിനയം കൊണ്ടും നമ്രനായിരുന്നതേയുള്ളൂ. ഒരിക്കൽ ഒരു മെഡിക്കൽസമാജത്തിൽ(കാൺഗ്രസ്സിൽ) ചേരുന്നതിനായി സഭാമണ്ഡപത്തിൽ അദ്ദേഹം പ്രവേശിച്ചപ്പോൾ അവിടെക്കൂടിയിരുന്ന ജനങ്ങൾ അദ്ദേഹത്തോടു തങ്ങൾക്കുള്ള സന്തോഷബഹുമാനങ്ങളെ ("ചിയേഴ്സ്") ആർത്തുവിളിച്ച് പ്രകടിപ്പിച്ചു. എന്നാൽ അദ്ദേഹത്തിനു കാര്യം മനസ്സിലാകാതെ അടുത്തിരുന്ന മകനോടും, മരുമകനോടും കുറേ വല്ലായ്മയോടുകൂടി ഇപ്രകാരം പറയാനിടയായി:—"നാം കുറേ മുമ്പിൽ വരേണ്ടതായിരുന്നു; കുറേ താമസിച്ചുപോയി. ഇപ്പോൾ ഉണ്ടായ ചീയേഴ്സ്വിളി വെയിത്സിലെ രാജകുമാരനെ പുരസ്കരിച്ചല്ലേ?" അപ്പോൾ, "അതല്ല, നിങ്ങളുടെ വരവു പ്രമാണിച്ചുതന്നെയായിരുന്നു ആ ആർപ്പുവിളി" എന്നു പ്രസിദ്ധണ്ടു പറഞ്ഞപ്പോൾ മാത്രമേ അദ്ദേഹത്തിനു സംഗതി മനസ്സിലായുള്ളൂ. ഉടനെ അദ്ദേഹം എഴുന്നേററു നന്ദിസൂചകമായി യോഗസമക്ഷം വണങ്ങി സ്ഥാനത്തിരുന്നു.

അദ്ദേഹത്തിൻെറ പേരോടുകൂടി പാരീസുപട്ടണത്തിൽ സ്ഥാപിച്ചിരിക്കുന്ന ചികിത്സാമന്ദിരത്തിൽത്തന്നെ അദ്ദേഹത്തിൻെറ ശരീരം സ്ഥാപിക്കപ്പെട്ടു. ഇൻഡ്യയിലെ ജനങ്ങൾക്കു ഉപകരിക്കാൻവേണ്ടി കൂനൂരിൽ അദ്ദേഹത്തിൻെറപേരിൽ ഒരു വിഷവൈദ്യശാല ഏർപ്പെടുത്തിട്ടുള്ളതു് നമ്മേയും അദ്ദേഹത്തിൻെറ ആത്മാവിനോടു കൃതജ്ഞതാസമ്പന്നരാക്കിത്തീർത്തിരിക്കുന്നു.

# സർ,

# തോമസ് മോറിൻെറ

## ചരമം.

സർവ്വജ്ഞനും സർവ്വശക്തനുമായ ഈശ്വരൻ ലോകത്തെ സൃഷ്ടിച്ച് അതിനെ ഒരു നിശ്ചിതപന്ഥാവിൽക്കൂടി നിയന്ത്രിച്ച്, ഉദ്ദിഷ്ടമായ ഒരു ഉന്നതനിലയിലേയ്ക്ക് ക്രമേണ നയിക്കുന്നു എന്നുള്ളതിന്, മനുഷ്യൻെറ ബുദ്ധിശക്തിയും ജ്ഞാനവും വർദ്ധിച്ച് അവയ്ക്കനുസരണമായ പ്രവൃത്തിമൂലം മനുഷ്യലോകത്തിന് ഓരോ കാലങ്ങളിൽ സിദ്ധിച്ചിട്ടുള്ളതും സിദ്ധിക്കാവുന്നതുമായ ഉൽക്കർഷാവസ്ഥകൾ തന്നെയാണ് ഉത്തമലക്ഷ്യങ്ങൾ. ദൈവം മനുഷ്യനെ നിജസ്വരൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നു എന്നുള്ളതിന് മനുഷ്യൻെറ ബുദ്ധിശക്തിയും പരാക്രമവും വിശിഷ്ടകൃത്യങ്ങളും മതിയായ തെളിവുകളല്ലയോ? ദൈവത്തിങ്കൽ നാം സങ്കല്പിച്ചിരിക്കുന്ന ജ്ഞാനം, ശക്തി, ദയ മുതലായ ഗുണങ്ങൾ മഹാന്മാരിൽ അമാനുഷരീതിയിൽ അവതരിച്ചു കാണുന്നില്ലയോ?

അടുത്തകാലത്ത് അതിഘോരമായ മഹാസമരത്തിൽ ലോകം മുഴുവനും കുടുങ്ങിക്കുഴങ്ങിയതും, അഭൂതപൂർവ്വമായ ജീവനാശവും കഷ്ടതകളും നഷ്ടങ്ങളും ഉണ്ടായി മനുഷ്യരുടെ പ്രതീക്ഷയ്ക്ക് വിപരീതമായി അധോഗതിയെ പ്രാപിച്ചതും, ഇപ്പോഴും ലോകത്തിൻെറ താൽക്കാലികാവസ്ഥ കുഴപ്പത്തിൽതന്നെ ഇരിക്കുന്നതും കാക്കുമ്പോൾ ആദ്യം പ്രസ്താവിച്ച അഭിപ്രായം ശരിയാണോ എന്നുള്ള വിവാദത്തിന് ഇടവരുന്നു. എന്നാൽ ലോകത്തിൻെറ ഗതി മേല്പോട്ടു തന്നെയാണെന്നു കാണുന്നതിന് ഓരോ വിഷയത്തിലും ലോകത്തിൻെറ പൂർവ്വാവസ്ഥകളെ ഇപ്പോഴത്തേ നിലയോടു

ഒന്നുനോക്കിയാൽ മതിയാകും. ലോകമൊട്ടുക്കും വ്യാപിച്ച് കഷ്ടനഷ്ടങ്ങളെ ഉണ്ടാക്കിത്തീർത്തതായ ഈ മഹായുദ്ധത്തിൽ നിന്നും ലോകത്തിന് ആകപ്പാടെ ശ്രേയസ്കരമായ ഒരു ഭാവി ഉദിച്ചുകഴിഞ്ഞിരിക്കുന്നു എന്നുവേണം വിചാരിക്കാൻ. ലോകത്തിലെ മഹാശക്തികൾ ലോകത്തിൻെറ ശാശ്വതമായ രക്ഷയേയും സമാധാനത്തേയും കരുതി ഒന്നുചേൎന്ന് സ്ഥാപിച്ചിട്ടുള്ളസൎവ്വരാജ്യസഖ്യത്തെ(League of Nations) മേൽ സൂചിപ്പിച്ച ഭാവിയുടെ പ്രാരംഭമായി ഗണിക്കാവുന്നതാണ്. ഒരു രാജ്യത്തിലേയോ സമുദായത്തിലേയോ ജനങ്ങൾ ശത്രുത്വമില്ലാതെ സൗഹാൎദ്ദത്തോടുകൂടിയും മദമാത്സൎയ്യം കൂടാതെ അന്യോന്യശ്രേയോഭിവൃദ്ധികാംക്ഷികളായും വൎത്തിക്കണമെന്നാണല്ലൊ ഉദാരബുദ്ധികളായ സകല മനുഷ്യരുടേയും അഭിലാഷം. അതുപോലെതന്നെ ലോകത്തിലെ നാനാരാജ്യങ്ങളും നാനാജാതിമതസ്ഥന്മാരും ധൎമ്മത്തേയും ന്യായത്തേയും പുരസ്കരിച്ച് അന്യോന്യസൗഹാൎദ്ദത്തോടും സഹായത്തോടും വൎത്തിക്കുകയാണെങ്കിൽ അതിൽപരം ലോകത്തിനു ശ്രേയസ്കരമായ കാൎയ്യംമററൊന്നുമില്ലല്ലൊ. ലോകത്തിൽ അനേകം ആളുകൾ മഹത്തായ ജീവിതാദൎശങ്ങളെ ലക്ഷീകരിച്ച് മഹാത്മാക്കളായി ജീവിതം നയിച്ചിട്ടുണ്ട്. അവരെല്ലാവരും ഒരുപോലെ, പ്രാപഞ്ചികമായ പദവികളേയും ഐശ്വൎയ്യങ്ങളേയും മാത്രമല്ല തങ്ങളുടെ ജീവനേക്കൂടിയും ഉത്തമാദൎശസിദ്ധിക്കായി ത്യജീകരിച്ചു പ്രവൎത്തിച്ചവരാകുന്നു. ലോകത്തിന് ഇപ്പോൾ ലഭിച്ചിട്ടുള്ള ജ്ഞാനത്തിനും പൗരുഷത്തിനും അവർതന്നെയായിരുന്നു കാരണഭൂതന്മാർ. അവരുടെ വൎഗ്ഗത്തിലുൾപ്പെട്ട ഒരാളായിരുന്നു നാം ഇപ്പോൾ അവതരിപ്പിക്കാൻ പോകുന്ന കഥാനായകനായ സർ തോമസ് മോർ.

അദ്ദേഹത്തെപ്പററി ഇവിടെ സംക്ഷിപ്തമായി പ്രതിപാദിക്കാൻപോകുന്ന കാൎയ്യങ്ങൾ മനസ്സിലാകുന്നതിനും അ

ദ്ദേഹത്തിന്റെ ആശയങ്ങളെ മനസ്സിലാക്കി അദ്ദേഹത്തോട് അനുഭാവമുണ്ടായി അദ്ദേഹത്തിന്റെ ജീവിതാദൎശത്താൽ നമുക്ക ആത്മസംസ്കാരം സിദ്ധിക്കുന്നതിനും അദ്ദേഹം ജീവിച്ചിരുന്ന കാലത്തേയും പരിതഃസ്ഥിതികളേയും പററി ചില വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇംഗ്ലാണ്ടിൽ ക്രി. അ. ൧൫൨൯ മുതൽ ൧൫൩൨ വരെ രാജ്യഭാരംചെയ്തിരുന്ന ഹെൻറി അഷ്ടമന്റെ കാലത്ത് പ്രധാനന്യായാധിപതിയായിരുന്ന ഇദ്ദേഹം പ്രസിദ്ധപ്പെട്ട വൊൾസിക്ക് അനുഗാമിയായിട്ടാണ് ഉദ്യോഗം കൈയേററത്. ഇദ്ദേഹത്തിന് മൂന്നു പുത്രിമാരും ഒരു പുത്രനും ഉണ്ടായിരുന്നു. ആദ്യത്തെ ഭാൎയ്യ മരിച്ചപ്പോൾ രണ്ടാമതായി മിസ്സിസ് ആലിസ് മിഡിൽടൺ എന്ന വിഭൎത്തൃകയായ ഒരു സ്ത്രീയെ വിവാഹം കഴിച്ചു. അവൾക്കും പൂൎവ്വഭൎത്താവിൽനിന്ന് ഒരു പെൺകുട്ടി ഉണ്ടായിരുന്നു. പ്രസിദ്ധപ്പെട്ട തെംസുനദിയുടെ തീരത്ത് ചെൽസി എന്ന സ്ഥലത്ത് ഒരു മനോഹരമായ മന്ദിരത്തിലായിരുന്നു ഈ കുടുംബാംഗങ്ങളോടുകൂടി സുഖമായും സ്വൈരമായും ഇദ്ദേഹം വസിച്ചിരുന്നത്. ഇവിടെ ഇംഗ്ലാണ്ടിലേയും അന്യരാജ്യങ്ങളിലേയും വിദ്വച്ഛിരോമണികളും കലാകുശലന്മാരും ഇദ്ദേഹത്തെ സന്ദൎശിക്കാൻ വരാറുണ്ടായിരുന്നു. സർ തോമസ് മോറിന്റെ പാണ്ഡിത്യവും വിജ്ഞാനവും സംഭാഷണകുശലത്വവും ആയിരുന്നു അവരെ ഇവിടേയ്ക്കു് ആകൎഷിച്ചത്. രാജാവായിരുന്ന ഹെൻറി അഷ്ടമൻപോലും കിരീടധാരണത്തിനുമുമ്പു പലയവസരങ്ങളിലും അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് അദ്ദേഹത്തോട് മതതത്വങ്ങൾ ജ്യോതിശ്ശാസ്ത്രതത്വങ്ങൾ രാജ്യകാൎയ്യങ്ങൾ മുതലായ പല വിഷയങ്ങളെപ്പററി സരസമായ സംഭാഷണം നടത്തുക പതിവായിരുന്നു. രാജാവ് അദ്ദേഹത്തിന്റെ കുഞ്ഞുങ്ങളോട് നേരംപോക്കുകൾ പറഞ്ഞും അവരുടെ സംഗീതാദിവിനോദങ്ങൾ ഉത്സാഹമായി അനുഭവിച്ചും നേരംപോക്കുകയും പതിവായിരുന്നു. ഹെൻറി അഷ്ട

മനം വിഭചത്തചത്തിലും ബുദ്ധിസാമത്ഥ്യത്തിലും അതിവിശി ഷ്ടനായ ഒരു പുരുഷനായിരുന്നു. അതുകൊണ്ടായിരുന്നു അ ദ്ദേഹത്തിനു സർ തോമസ് മോറിനോട്ട് ഇത്ര സൗഹാർദ്ദ മായ സഖ്യവും ബഹുമാനവും ഉണ്ടായതു്.

ഹെൻറി അഷ്ടമൻ രാജ്യഭാരം കൈയേററു് കുറേക്കാ ലത്തേയ്ക്കു് തൻെറ പ്രസന്നത, ഹാർദ്ദമായ പെരുമാററം, സ്വാഭിപ്രായങ്ങളെ നിഷ്കാപട്യം തുറന്നുപറയുക, ഇത്യാദി വിശിഷ്ടസ്വഭാവഗുണങ്ങളെക്കൊണ്ട് ജനങ്ങളേയും ഉദ്യോ ഗസ്ഥന്മാരേയും വശപ്പെടുത്തി വച്ചിരുന്നു എങ്കിലും കാലക്ര മത്തിൽ അദ്ദേഹത്തിൽ അന്തർലീനമായിരുന്ന സ്വാത്മത ല്പരത, സ്വേച്ഛാധികാരാഭിലാഷം, ഹൃദയകാഠിന്യം, സ്വാ ഭിപ്രായങ്ങളോടു യോജിക്കാത്തവരുടെ നേക്കുള്ള ക്രൂരത, മുതലായവയെല്ലാം വെളിപ്പെട്ടുതുടങ്ങി. തന്നിമിത്തം രാ ജാവിനെത്താങ്ങി ആശ്രയിച്ച് അദ്ദേഹത്തിൻെറ പ്രീതിക്കു പാത്രീഭവിച്ചിരുന്ന വലിയ ഉദ്യോഗസ്ഥന്മാക്കുപോലും അദ്ദേഹത്തിൻെറ നേക്കു നീരസവും അവിശ്വാസവും ഉണ്ടാ യി. ഇതിനു ദൃഷ്ടാന്തം അദ്ദേഹത്തിൻെറ പ്രധാനന്യാ യാധിപനായിരുന്ന കാർഡിനൽ വൊൾസിയുടെ കഥത ന്നെ. ഹെൻറിയുടെ ഹിതാനുസരണം വേണ്ടതെല്ലാം പ്ര വത്തിക്കുന്നതിന് അദ്ദേഹം തയ്യാറായിരുന്നിട്ടും അവസാന ത്തിൽ ഒരു കായ്യംസംബന്ധിച്ച് രാജാവിന് അദ്ദേഹ ത്തിൻെറ പേരിൽ സംശയംതോന്നി അദ്ദേഹത്തെ ജോലി യിൽനിന്നും പിരിച്ചയയ്ക്കുകയും, പിന്നീട് അദ്ദേഹത്തിൻെറ പേരിൽ രാജദ്രോഹകുററം ചുമത്തി വിചാരണയ്ക്കായി വേ ണ്ട നടപടികൾ നടത്തിത്തുടങ്ങുകയും ചെയ്തു. ഭാഗ്യവ ശാൽ വിചാരണയ്ക്കായി ലണ്ടനിലേയ്ക്കു പോകുന്ന വഴിക്കു വെച്ചുതന്നെ അദ്ദേഹം സുഖക്കേടുകൊണ്ടും ക്ഷീണംകൊ ണ്ടും ഒരു സ്ഥലത്തു താമസിക്കേണ്ടിവരികയും വിചാരണയ്ക്കു മുമ്പുതന്നെ മരിക്കാനിടയാവുകയുംചെയ്തു. എല്ലാവരുടേയും

അനുഭവത്തിനു ചേരുന്നതായ ഈ മഹദ്വാക്യം മരണാവ സരത്തിൽ അദ്ദേഹത്തിൻെറ മുഖത്തിൽനിന്നും പുറ പ്പെട്ടു. "എൻെറ രാജാവിനേ സേവിച്ചതിൽ പകുതി ഭക്തിയോടെ ഞാൻ ദൈവത്തെ മാത്രം സേവിച്ചിരുന്നുവെ ങ്കിൽ വയസ്സുകാലത്തു് എന്നെ ഈ വിധമുള്ള കഷ്ടാനുഭവ ങ്ങൾക്കു് അധീനനാക്കാതെ ദൈവം സംരക്ഷിക്കുമായി രുന്നു."

വൊൾസിയുടെ നേക്കു് രാജാവിനു കോപം ജനിച്ച തിൻെറ കാരണം താഴെപ്പറയും വിധമായിരുന്നു. ഹെൻറി പതിനെട്ടാമത്തെ വയസ്സിൽ സിംഹാസനാരോഹണം ചെ യ്തു. താമസ്സിയാതെ തൻെറ ജ്യേഷ്ഠൻെറ ഭാൎയ്യയായിരുന്ന ക്യാതറീൻ രാജ്ഞിയെ വിവാഹം ചെയ്തു. ക്യാതറീൻ രാജ്ഞിയുടെ സൗന്ദൎയ്യാദിഗുണങ്ങളെ വിചാരിച്ചോ അവ രോടുള്ള സ്നേഹബഹുമാനങ്ങൾകൊണ്ടോ ആയിരിക്കണം അദ്ദേഹം തൻെറ ജ്യേഷ്ഠൻെറ ഭാൎയ്യയെ പത്നിയായി വരി ച്ചതു്. പതിനേഴ കൊല്ലത്തോളം ക്യാതറീൻ രാജ്ഞിയോടു കൂടി ഹെൻറി സുഖമായും സൈ്വരമായും പാൎത്തുവന്നു. ഇത്ര യുംകാലം കഴിഞ്ഞതിൽപിന്നെ അരമനയിലെ പരിവാര ജനങ്ങളിൽ ഒരുത്തിയായ ആന്നി ബോളീൻ എന്ന സ്ത്രീയുടെ നേക്കു ഹെൻറിക്കു മോഹം ജനിച്ചു. അവളെ ഏതുവിധ ത്തിലും വിവാഹംചെയ്തു രാജ്ഞിയാക്കണമെന്നു് അദ്ദേഹം ഉറച്ചു. ക്യാതറീൻ രാജ്ഞിയുടെ കുഞ്ഞുങ്ങളിൽ ഒരു സ്ത്രീ പ്രജയൊഴികെ, മറെറല്ലാം മരിച്ചുപോയതു് ന്യായവിരുദ്ധമാ യ വിവാഹത്തിലുണ്ടായ ദൈവകോപംനിമിത്തമായിരിക്കു മോ എന്നുള്ള ആശങ്ക ഹെൻറിയുടെ മനസ്സിനെ പീഡിപ്പി ച്ചുതുടങ്ങിപോൽ. രാജ്യത്തിനവകാശിയായി തനിക്കൊരു പു രുഷസന്താനമില്ലല്ലോ എന്നുള്ള സന്താപവും അദ്ദേഹത്തെ നൂതനവിവാഹത്തിനു പ്രേരിപ്പിച്ചു എന്നും പ്രസ്താവിച്ചുകാ

ണന്നുണ്ട്. എന്നാൽ ക്രിസ്തുമതവിധിപ്രകാരം ഒരുപുരുഷനു രണ്ടു ഭാൎയ്യമാർ പാടുള്ളതല്ലല്ലോ. ആദ്യത്തെ ഭാൎയ്യയെ കാരണസഹിതം കോടതിമുഖേന നീക്കിയല്ലാതെ വേറൊരു സ്ത്രീയേ ഭാൎയ്യയാക്കാൻ നിവൃത്തി ഇല്ലായിരുന്നു. പണത്തിലാകട്ടെ സ്ത്രീയിലാകട്ടെ മോഹം വന്നുകഴിഞ്ഞാൽ മനുഷ്യൻ, ഉദ്ദിഷ്ടകാൎയ്യം സാധിക്കാൻ സത്യവും നീതിയും മാനവും വെടിഞ്ഞു് എന്തും ചെയ്യുന്നതിനു ഒരുങ്ങുക സഹജമാണല്ലോ. ക്യാതറീൻ രാജ്ഞിയെ തൽസ്ഥാനത്തുനിന്നും ബഹിഷ്കരിക്കുന്നതിനു മതിയായ കാരണം ഹെൻറി എളുപ്പം കണ്ടു. ആദ്യം ക്യാതറീൻരാജ്ഞിയെ വിവാഹം ചെയ്തതുതന്നെ മതവിധിക്കും ആചാരത്തിനും വിരുദ്ധമായിരുന്നു. അതിനു പരിഹാരമായി അക്കാലത്തു ആചാൎയ്യസ്ഥാനം വഹിച്ചിരുന്ന പോപ്പിന്റെ പ്രത്യേക അനുമതി വാങ്ങീട്ടായിരുന്നു ക്യാതേറീനെ രാജ്ഞിയായി സ്വീകരിച്ചതു്. എന്നാൽ പോപ്പിന്റെ അനുവാദത്തോടുകൂടിയായിരുന്നാലും ആ വിവാഹം അത്ര ശരിയായില്ല എന്നു തോന്നി പശ്ചാത്താപവും ക്ലേശവും തനിക്കുണ്ടായിരിക്കുന്നു എന്നു്, രാജാവു് അപ്പോഴത്തേ പോപ്പിനെ അറിയിക്കയും അദ്ദേഹത്തിന്റെ ആനുകൂല്യം ഇക്കാൎയ്യത്തിൽ വേണമെന്നു് അപേക്ഷിക്കയും ചെയ്തു. പതിനേഴുകൊല്ലം കഴിഞ്ഞിട്ടു് തന്റെ മനസ്സാക്ഷി ഇപ്രകാരം രാജാവിനെ പീഡിപ്പിക്കാൻ തുടങ്ങി എന്നുള്ള കഥ എത്ര വിശേഷമായിരിക്കുന്നു. മുമ്പിലത്തെ പോപ്പ് ചെയ്ത തീരുമാനത്തെ മാററാൻ ക്ലെമൻറു ഏഴാമനു സമ്മതമില്ലായിരുന്നുവെങ്കിലും തന്റെ ശിഷ്യകോടിയിലുൾപ്പെട്ട പൗരുഷവും പ്രതാപവുമുള്ള ഒരു രാജാവായ ഹെൻറിക്കു് അപ്രിയമായി വല്ലതും പറയാനും പ്രവൎത്തിക്കാനും വൈമനസ്യം ഉണ്ടായിരുന്നു. അതുകൊണ്ടു് ഒരു അനുകൂലമായ തീരുമാനം ചെയ്തുകൊടുക്കാമെന്നുള്ള ഭാവത്തിൽ രാജാവിന്റെ പ്രിയമന്ത്രിയായ വൊൾസിയേയും റോമിലെ വേറൊരു സ്ഥാനികനേയും ഇക്കാൎയ്യത്തെ

പ്പററി വിചാരണചെയ്യുന്നതിന പോപ്പ നിയോഗിച്ചു. എന്നാൽ അവർചേൻസ് ഒരു വിചാരണ നടത്തി അഭിപ്രായം പറയുന്നതിന മുമ്പുതന്നെ അവക്ക കൊടുത്തിരുന്ന അധികാരത്തെ പോപ്പ് പിൻവലിക്കയും അദ്ദേഹത്തിന്റെ തലസ്ഥാനമായ റോമിൽവെച്ച് അദ്ദേഹം തന്നെ ഈ വിചാരണ നടത്തേണ്ടതാണെന്ന തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെവന്നതിൽ ഹെൻറിക്ക് അത്യധികമായ സങ്കടമുണ്ടായി.

ഇക്കാര്യത്തിൽ തന്റെ പ്രിയമന്ത്രിയായ വൊാഠംസിയും പോപ്പിനോടു യോജിച്ചതായി സംശയിച്ച് രാജാവ് അദ്ദേഹത്തെ മന്ത്രിപദത്തിൽനിന്നും നീക്കി. വൊാഠംസി എതുവിധത്തിൽ രാജാവിന ദ്രോഹിയായിത്തീൎന്ന എന്ന നമുക്കിപ്പോഠം ഊഹിക്കാൻ കഴിയുന്നതല്ല. പോപ്പുതന്നെ സ്വാഭിപ്രായം മാറീട്ട് ആദ്യം നല്കിയ അധികാരത്തെ പിൻവലിച്ചതായിരിക്കാം. അല്ലെങ്കിൽ വൊാഠംസിതന്നെ താൻ ഒരു ദുർഘടാവസ്ഥയിൽ ആയി എന്നുകണ്ട് പോപ്പിനോട് ആ ജോലിയിൽനിന്നും തന്നെ വിട്ടൊഴിക്കണമെന്ന യാചിച്ചതായും വരാം. രാജാവിന് അനുകൂലമായി അഭിപ്രായം പറഞ്ഞാൽ ആയതു മുമ്പിലത്തെ പോപ്പിന്റെ തീൎച്ചയ്ക്കും ഇപ്പോഴത്തെ പോപ്പിന്റെ അഭിപ്രായത്തിനും വിപരീതമായി വരും; പോപ്പിന് അപ്രിയം വന്നാൽ തനിക്ക് അദ്ദേഹത്തിൽനിന്നും ലഭിച്ചിട്ടുള്ള സ്ഥാനമാനങ്ങഠംക്ക് ഹാനി വന്നേക്കാം; രാജാവിന അപ്രിയം പറഞ്ഞാൽ മന്ത്രിസ്ഥാനം വിട്ടൊഴിയുന്നതിനും രാജകോപത്താൽ പല സങ്കടങ്ങളും അനുഭവിക്കുന്നതിനും ഇടയാകും; ഈ അവസ്ഥയിൽ വൊാഠംസി എന്തുചെയ്യും? ഈ നിലയിൽ തന്റെ കഷ്ടനഷ്ടങ്ങളെ ഓൎത്ത് ആദ്യമായി പോപ്പ് തന്നിൽ ചുമത്തിയ കൃത്യം വഹിക്കാൻ മനസ്സില്ലാതെ പോപ്പിന്റെ സഹായത്തോടുകൂടി ഒഴിഞ്ഞതാണ് എന്നായിരിക്കണം

ഹെൻറിയുടെ സംശയം. മോഹാന്ധനായിരിക്കുന്ന ഒരാളിന് അന്യായം ന്യായമായും ന്യായം അന്യായമായും വരുന്നതു് എളുപ്പമാണല്ലോ.

പോപ്പ് ക്ലെമൻറ് ഏഴാമൻ ഹെൻറിയെ വേണ്ടപ്രകാരം അനുകൂലിക്കായ്കകൊണ്ട് ഇംഗ്ലണ്ടിലെ ജനങ്ങളുടെ മതാധിപത്യം രാജാവിൽതന്നെ സ്ഥിതിചെയ്യണമെന്നും ഇംഗ്ലണ്ടിലെ ജനങ്ങളുടെ മേൽ റോമിലെ പോപ്പിനു യാതൊരു അധികാരവും ഇല്ലെന്നും ഫർമ്പർ-ൽ ഹെൻറിയുടെ ഉത്സാഹത്താൽ പാർലമെൻറിൽ ഒരു ചട്ടം പാസ്സാക്കപ്പെട്ടു. പിന്നീടു തൻെറ അധികാരത്തിലുറപ്പെട്ട കാൻറർബറി ആർച്ചു ബിഷപ്പായ മതാചാര്യനിൽ നിന്നും ക്യാതറീനുമായുള്ള വിവാഹം ന്യായവിരോധമാണെന്നുള്ള ഒരു അഭിപ്രായം വാങ്ങിട്ട് ഹെൻറി ക്യാതറീൻ രാജ്ഞിയെ തൽസ്ഥാനത്തുനിന്നും നീക്കി ആന്നി ബോളീൻ എന്ന സ്ത്രീയെ വിവാഹംചെയ്തു രാജ്ഞിയാക്കി.

ഇംഗ്ലണ്ടിലെ മിക്ക ജനങ്ങളും പോപ്പിൻെറ ആധിപത്യത്തിൽനിന്നും തങ്ങളെ മോചിപ്പിച്ചതിനെപ്പററി രാജാവിനെ അനുമോദിക്കയാണു ചെയ്തതു്. പോപ്പിൻെറ സ്ഥാനമഹിമയെപ്പററി ജനങ്ങളുടെ ഇടയിൽ വിശ്വാസം കുറഞ്ഞു് അദ്ദേഹത്തിൻെറ അധീനതയിൽ ഇരുന്നിട്ടു കാര്യമില്ലെന്നു പരക്കെ തോന്നിയിരുന്ന കാലമായിരുന്നു അതു്. ചിലർ പോപ്പിൻെറ പദത്തെ അവഗണിക്കുന്നതിനോ ഇംഗ്ലണ്ടിലെ രാജാവിനെ തന്നെ മതാധിപതിയായി സ്വീകരിക്കുന്നതിനോ അനുകൂലികളല്ലായിരുന്നു. എന്നാൽ ഈ നൂതന വ്യവസ്ഥ ന്യായമാണെന്ന് ഇംഗ്ലണ്ടിലെ ജനങ്ങൾ എല്ലാവരും ഒരുപോലെ സമ്മതിക്കണമെന്നും വിശേഷിച്ചും പ്രധാനപ്രഭുക്കന്മാരും ഉദ്യോഗസ്ഥന്മാരും ഈ നയത്തെ പിൻതാങ്ങുകയും രാജാവിൻെറ പുതിയ രാജ്ഞിയായ ആ

ന്നി ബോളിനെ രാജ്ഞിയായി കൊണ്ടാടുകയും ചെയ്യണമെന്നും രാജാവിനു നിർബന്ധമുണ്ടായിരുന്നു. ബിഷപ്പ് ഫിഷർ, തോമസ് മോർ, മുതലായ ചില പ്രമുഖന്മാർ ഇക്കാര്യത്തിൽ രാജാജ്ഞയെ അനുസരിക്കാൻ തയ്യാറില്ലായിരുന്നു- പുരാതനവും പാവനവും ആയ ഒരു ഏർപ്പാടിൽ, പാരമ്പര്യമായി സിദ്ധിച്ചിട്ടുള്ള സ്ഥാനമാനങ്ങളെക്കൊണ്ടു പോപ്പിനോടു വിധേയത്വവും മതവിശ്വാസവും തികഞ്ഞ, അനേകം മാന്യന്മാർ ഭക്തിബഹുമാനപുരസ്സരം വർത്തിച്ചിരുന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലൊ. പോപ്പിനെ ത്യജിച്ചിട്ട്, ന്യായവും നിലയും വിട്ടു മോഹാധീനനായിത്തീർന്ന രാജാവിനെ മതാധിപതിയായി സ്വീകരിക്കുന്നതിന് സർ തോമസ് മോറിനേപ്പോലെയുള്ള മഹാന്മാരുടെ മനസ്സ് എങ്ങനെ അനുവദിക്കും? സത്യവും ന്യായവും ഇന്നതാണെന്നു ബോദ്ധ്യപ്പെട്ടു മനസ്സാക്ഷിക്കൊത്തു പ്രവർത്തിക്കുന്നവർക്ക് അവരുടെ ബോധത്തിനു വിപരീതമായ അഭിപ്രായത്തേയോ നിലയേയോ സ്വീകരിക്കുക സാദ്ധ്യമാണോ? രാജ്യത്തിന്റെ രക്ഷയേയോ ശ്രേയസ്സിനേയോ അല്ലെങ്കിൽ ജന്മസാഫല്യത്തേയോ ലാക്കാക്കി പ്രവർത്തിക്കുന്നവർ അവരുടെ ജീവഹാനികരങ്ങളായ പ്രതിബന്ധങ്ങളേക്കൂടിയും വകവയ്ക്കുമോ?

രാജാവിനു താൻ ചെയ്ത കാര്യം ശരിയാണെന്നു വരുത്തണമെന്നും, അതു ശരിയല്ലെന്നു വാദിക്കുന്നവർ, തന്നെ ദ്രോഹിക്കുന്നവരാകയാൽ അവരിൽ ഒരുവനെപ്പോലും വെറുതെ വിട്ടയയ്ക്കാൻ പാടില്ലെന്നും നിർബന്ധമുണ്ടായിരുന്നു. മേൽ വിവരിച്ച രീതിയിലുള്ള രാജാവിന്റെ അഭിപ്രായങ്ങളും നടപടികളും തനിക്കു രസമില്ലാതായിത്തീർന്ന ഘട്ടത്തിലാണ് സർ തോമസ് മോർ മന്ത്രിപദം രാജിവെച്ചു രാജസന്നിധിയിൽനിന്നും മാറിയതു്. ഉദ്യോഗം രാജിവെച്ചു പിരിഞ്ഞതിൽ ഇദ്ദേഹത്തിനു യാതൊരു സങ്കടവും ഉണ്ടായിരുന്നില്ല; എന്നു മാത്രമല്ല, സമാധാനവും സന്തോഷവും

ഉണ്ടായിരുന്നു. ഉദ്യോഗം രാജിവെച്ചതിനെ നിസ്സാരമായ ഒരു സംഗതിയാക്കിയാണ് ഇദ്ദേഹം ഭാൎയ്യയെ താഴെപ്പറയും പ്രകാരം വിനോദമായി അറിയിച്ചത്. ദേവാലയത്തിൽ പ്രാൎത്ഥനകഴിഞ്ഞു സർ തോമസ് മോർ ഗൃഹത്തിലേക്കു തിരിക്കാറാകുമ്പോൾ സേവകൻ ലേഡി മോറിനെ ആ വിവരം ഇങ്ങനെ അറിയിക്കുക പതിവായിരുന്നു. "അമ്മേ ലാർഡു പൊയ്ക്കഴിഞ്ഞു." അതു കേട്ട് മദാമ്മയും പള്ളിയിൽനിന്നിറങ്ങി മോറിനോടു ചെന്നുചേരും. ഉദ്യോഗം രാജിവെച്ച അവസരത്തിൽ മാത്രം മോർതന്നെ നേരിട്ടു ഭാൎയ്യയോടു ചെന്ന് "ലാർഡു പൊയ്ക്കഴിഞ്ഞു" എന്നു പറഞ്ഞു. ഇതിൻെറ അൎത്ഥം ജോലി രാജിവെച്ചുകഴിഞ്ഞുവെന്നും അതോടുകൂടി ലാർഡ് എന്ന സ്ഥാനവും പോയി എന്നും ആയിരുന്നു.

ഇങ്ങനെ ജോലി രാജിവെച്ചൊഴിഞ്ഞു് സ്വസ്ഥമായും സ്വൈരമായും കുടുംബാംഗങ്ങളോടുകൂടി കാലംനയിച്ചുവരവേ ആന്നി ബോളീൻ രാജ്ഞിയായി കിരീടധാരണം ചെയ്യുന്ന അവസരത്തിൽ സർ തോമസ് മോർ കൂടി സന്നിഹിതനായിരിക്കണമെന്നറിയിക്കുന്നതായ ഒരു ക്ഷണക്കത്തും തദവസരത്തിൽ ധരിക്കുന്നതിനു ഡ്രെസ്സിനായിട്ട് ഇരുപതു പവനും രാജാവിനാലയയ്ക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ മനസ്സാക്ഷി ആ ക്ഷണത്തിനെ സ്വീകരിക്കാൻ അനുവദിച്ചില്ല. രാജാവിൻെറ ക്ഷണത്തെ ഈവിധം നിരാകരിച്ചതു രാജാവിനേയും രാജ്ഞിയേയും എത്രമാത്രം കോപിപ്പിക്കുമെന്നും അവരുടെ കോപംമൂലം തനിക്ക് എന്തെല്ലാം കഷ്ടതകൾ ഉണ്ടാകാനിടയുണ്ടെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. എന്നിട്ടും മനസ്സാക്ഷിയെ വഞ്ചിച്ച് രാജാവിൻെറ പ്രീതിയെ പ്രതീക്ഷിച്ചിട്ടാവശ്യമില്ല എന്നു നിശ്ചയിച്ച് അദ്ദേഹം നിശ്ചലമായ സത്യനിലയെ അവലംബിച്ചുനിന്നു.

വിചാരിച്ചപോലെ തന്നെ രാജാവും രാജ്ഞിയും കോപാക്രാന്തരായി മോറിനെ കുററപ്പെടുത്തി അപകടത്തിലാക്കണമെന്നുറച്ചു പ്രവൎത്തിച്ചുതുടങ്ങി. സ്വേച്ഛാധികാരമുള്ള ഒരു രാജാവു വിചാരിച്ചാൽ എന്താണു സാധിക്കാത്തതു്? രാജപ്രീതിക്കായി എന്തും ചെയ്യാൻ കാത്തിരിക്കുന്ന ആളുകളും പലരും കാണുമല്ലോ.

ആദ്യമായി മോറിൻെറ പേരിൽ താഴെപ്പറയുന്ന ചില കുററങ്ങൾ ആരോപിക്കപ്പെട്ടു. അദ്ദേഹം ന്യായാധിപതിയായിരുന്നകാലത്തു കൈക്കൂലി വാങ്ങിച്ചു എന്നായിരുന്നു ഒന്നാമത്തെക്കുററം. ഒരവസരത്തിൽ ഒരു മദാമ്മയുടെ പക്കൽനിന്നും സ്വൎണ്ണനാണയം നിറച്ചിരുന്ന ഒരുജോടി കൈയുറവാങ്ങി എന്നും മറെറാരു മദാമ്മയുടെ പക്കൽനിന്നും ഒരു സ്വൎണ്ണക്കിണ്ണം വാങ്ങിച്ചു എന്നുമായിരുന്നു കുററപത്രികയിൽ പ്രസ്താവിച്ചിരുന്നതു്. വിചാരണ നടത്തിയതിൽ ഇതിൻെറ അവാസ്തവം തെളിഞ്ഞു. വൎഷപ്പിറപ്പുദിവസം ഒരു മദാമ്മ ഒരു സ്വൎണ്ണക്കിണ്ണം കാഴ്ചവെച്ചതും മറെറാരു മദാമ്മ സ്വൎണ്ണം നിറച്ചു രണ്ടു കൈയുറകൾ കാഴ്ചയായി വെച്ചതും വാസ്തവം തന്നെയായിരുന്നു. എന്നാൽ സ്ത്രീകളുടെ നേക്കു കാണിക്കേണ്ട മൎയ്യാദയെ ഓൎത്തു് ആ സ്വൎണ്ണക്കിണ്ണത്തിൽ കുറേ വീഞ്ഞുപാനം ചെയ്തിട്ടു കിണ്ണം തിരിച്ചു കൊടുത്തു എന്നും കൈയുറ മാത്രം ഗ്രഹിച്ചുകൊണ്ടു് സ്വൎണ്ണനാണയങ്ങൾ തിരിച്ചു കൊടുത്തു എന്നുമാണു തെളിഞ്ഞതു്.

രണ്ടാമത്തെ ചാൎജ്ജു രാജാവിനെപ്പററി അക്രമമായി ആക്ഷേപിച്ചുകൊണ്ടു നടന്നിരുന്ന ഒരു സ്ത്രീയോടുകൂടി അദ്ദേഹം സഖ്യം ചെയ്തിരുന്നു എന്നായിരുന്നു. ഇക്കാൎയ്യത്തേപ്പററി വിചാരണ നടത്തിയതു് രാജാവും കൗൺസിലും കൂടി ആയിരുന്നു. ഈ വിചാരണയുടെ മുഖ്യ ഉദ്ദേശ്യം സർ തോമസ് മോർ പാർലിമെൻറിലെ

ആജ്ഞ അനുസരിച്ച് പോപ്പിന്റെ അധികാരത്തെ ത്യജിച്ചിട്ട് തന്റെ അധികാരത്തിന്ന കീഴ്പെടുമോ ഇല്ലയോ എന്നറിയുന്നതിനായിരുന്നു. എന്നാൽ മോർ രാജാവിന്റെ ഉപായങ്ങളേയും അഭിപ്രായങ്ങളേയും ഭീഷണികളേയും തീരെ വകവയ്ക്കാതെ രാജാജ്ഞാനുസരണം പ്രവത്തിക്കാൻ തയ്യാറില്ലെന്നു സധൈര്യം തുറന്നുപറഞ്ഞു. രാജസന്ദർശനം കഴിഞ്ഞു് തിരിയെ വരുമ്പോൾ അദ്ദേഹം സാമാന്യത്തിലധികം ഉത്സാഹം പ്രദർശിപ്പിച്ചതായികണ്ടു. അതുകൊണ്ട് അദ്ദേഹത്തിന്റെ ജാമാതാവായ റോപ്പർ, ശ്വശ്രൂരന് അപകടം ഒന്നുമില്ല രക്ഷകിട്ടി എന്നും, രാജാവു് സമാധാനപ്പെട്ടിരിക്കണം എന്നും തീച്ചയാക്കി. എന്നാൽ മോറിനോട്, എല്ലാം ഭംഗിയായും ശുഭമായും അവസാനിച്ചു എന്നു കാണുന്നതിൽ താൻ സന്തോഷിക്കുന്നു എന്നു റോപ്പർ പറഞ്ഞപ്പോൾ, ഉണ്ടായ മറുപടി ഇങ്ങനെ ആയിരുന്നു. "അതെ, ദൈവകൃപയാൽ എന്റെ അഭീഷ്ടം ഇപ്പോൾ സാധിച്ചു എന്നു പറയാം. എന്തെന്നാൽ മനശ്ചാഞ്ചല്യത്തെ ഉണ്ടാക്കുന്നതായ ഇഹലോകത്തിലെ ആശാപാശമായ പിശാചിനെ ഞാൻ ബഹിഷ്കരിച്ചു കഴിഞ്ഞു. ചിത്തം തെളിഞ്ഞു് ഞാൻ ആനന്ദവും അനുഭവിച്ചുതുടങ്ങിയിരിക്കുന്നു. രാജാവിനോടും കൗൺസിൽകാരോടും എന്റെ അഭിപ്രായങ്ങളെ സ്ഥൈര്യത്തോടും ധൈര്യത്തോടും തുറന്നു പറഞ്ഞുകഴിഞ്ഞു. ഇത്രയും സാധിച്ചുവല്ലൊ എന്നുള്ളതാണ് എനിക്കുള്ള സന്തോഷത്തിന്നു കാരണം. ഇനി അപമാനം കൂടാതെയും നിസ്സാരനാകാതെയും രാജാവിന്റെ ഹിതം അനുഷ്ഠിക്കുന്നകാര്യം എനിക്കു സാദ്ധ്യമല്ലാതെ ആക്കിത്തീത്തിട്ടുണ്ട്. രാജാവിന്റെ അങ്ങേയററത്തെ വിധിക്കും ഞാൻ തയ്യാറായിരിക്കുന്നു." ഈ മറുപടി റോപ്പരുടെ ആഗ്രഹത്തിനും പ്രതീക്ഷയ്ക്കും വിപരീതമായിരുന്നതുകൊണ്ട് അയാളെ അതു കുഴക്കുകയും വിസ്മയിപ്പിക്കുകയും ചെയ്തു.

മോറിൻെറ പ്രിയപുത്രിയായ മാർഗററവും ആരോ പറഞ്ഞു കേട്ടുകൊണ്ട് അച്ഛൻെറ പേരിൽ ചുമത്തിയ കുററം രാജാവു ഖള്ളിക്കളഞ്ഞതായ സന്തോഷവർത്തമാനം അദ്ദേഹത്തെ അറിയിച്ചപ്പോൾ "അങ്ങനെ അല്ല മക്കളെ, വിധി മാറുമോ, അതു നീക്കിവെച്ചിരിക്കുന്നതേയുള്ളു" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. മകൾ അദ്ദേഹത്തോടു താൻ കേട്ട വർത്തമാനം പറഞ്ഞപ്പോഴും അദ്ദേഹം അതിനു മറുപടി നല്കിയപ്പോഴും അദ്ദേഹത്തിൻെറ മനസ്ഥിതിയും മുഖഭാവവും സമാധാനത്തേയും സന്തുഷ്ടിയേയും പ്രദർശിപ്പിച്ചതേയുള്ളു. ഒരവസരത്തിൽ അദ്ദേഹം ഉത്സാഹപൂർവം മകളോട് ഇങ്ങനെ ചോദിക്കയുണ്ടായി. "കുഞ്ഞെ, പുതിയരാജ്ഞിയുടെ കഥ എന്തെല്ലാമാണ് കേൾക്കുന്നത്?" "അച്ഛാ, അരമനയിൽ എപ്പോഴും നൃത്തവും കളിയും തന്നെ. ഇങ്ങനെയുള്ള കോലാഹലം ഒരിക്കലുമുണ്ടായിട്ടില്ല" എന്നു മകൾ പറഞ്ഞപ്പോൾ, സർ തോമസ് മോർ സഗൌരവം പറഞ്ഞ മറുപടി അദ്ദേഹത്തിൻെറ ദീർഘദർശിത്വത്തിനോ അല്ലെങ്കിൽ വാക്ഫലിതത്തിനോ ഒരുത്തമദൃഷ്ടാന്തമായിത്തീർന്നു. അദ്ദേഹം പറഞ്ഞതാവിതു്. "പാവം; ആ രാജ്ഞിക്ക് വരാൻപോകുന്ന കഷ്ടത്തെ ഓർത്തു് ഞാൻ വ്യസനിക്കുന്നു. അവരുടെ നൃത്തമെല്ലാം നമ്മുടെ ശിരസ്സിനെ ഭേദിച്ചുരുട്ടുന്നതുവരെയുണ്ട്. അധികം താമസിയാതെ തന്നെ രാജ്ഞിയുടെ ശിരസ്സും നമ്മുടേതുപോലെ ഭിന്നമായി നൃത്തം തുടങ്ങും." സർ തോമസ് മോറിൻെറ ഈ വാക്ക്, രാജാവും രാജ്ഞിയുംകൂടി അദ്ദേഹത്തെ പരലോകത്തേയ്ക്കു് യാത്ര അയച്ചതിൽപിന്നീട്,അധികം താമസിയാതെ തന്നെഫലിച്ചു രാജാവിന്ന് ആനി ബോളിൻ രാജ്ഞിയോടും കുറേക്കഴിഞ്ഞപ്പോൾ വെറുപ്പുതോന്നി അവരുടെ ശിരശ്ഛേദനവും രാജാജ്ഞയാൽ കഴിഞ്ഞു.

തനിക്കു വരാൻപോകുന്ന ശിക്ഷയേപ്പററി സൂചി

പ്പിക്കുന്നതിനും അതിന് അദ്ദേഹം പൂൎണ്ണമായി ഒരുങ്ങിയിരുന്നു, എന്നുള്ളതിനെ കാണിക്കുന്നതിനുമായി അദ്ദേഹം ഒരു പ്രഹസനം നടത്തി. ഒരുദിവസം സ്വഗൃഹത്തിൽ ഭാൎയ്യ, കുഞ്ഞുങ്ങൾ എല്ലാവരും സന്തോഷമായി ഡിന്നർ കഴിച്ചുകൊണ്ടിരിക്കവെ ഒരു രാജപുരുഷൻ ഗേററുതുറപ്പിച്ച് അകത്തേക്കുകടന്ന് മോറിനെ പിടിച്ചുകൊണ്ടു പോകാൻ ഒരു വാറണ്ടു കൊണ്ടുവന്നിട്ടുണ്ടെന്നു നടിച്ചു വേണ്ട നടപടികളെല്ലാം നടത്തിത്തുടങ്ങി. അവിടെ കൂടിയിരുന്നവർ എല്ലാവരും പരിഭ്രമത്തിലും കുഴപ്പത്തിലുമായി വിലപിച്ചുതുടങ്ങി: അപ്പോൾ മോറിനുമാത്രം ഭാവഭേദമൊന്നുമുണ്ടായില്ലെന്നുകണ്ട് അവർ ആശ്ചൎയ്യപ്പെടുകയും ചെയ്തു. ഒടുവിൽ നടന്നതെല്ലാം വ്യാജമാണെന്നും അതു മോറിന്റെ ഏൎപ്പാടിൽ ഒരു നേരംപോക്കു മാത്രമായിരുന്നു എന്നും അവൎക്കു മനസ്സിലായി.

എന്നാൽ ഇതുകഴിഞ്ഞു് ഏറെത്താമസിയാതെ രാജാജ്ഞപ്രകാരം ഗവൺമെണ്ടിൽനിന്നും തന്നെ ഒരു സമൻസു അദ്ദേഹത്തിനു വന്നുചേൎന്നു. ഇംഗ്ലണ്ടിലെ ജനങ്ങളുടെ മതാധിപതി രാജാവു തന്നെയാണെന്നും ഇംഗ്ലാണ്ടിലെ ദേവാലയങ്ങളുടേയോ ജനങ്ങളുടേയോ നേൎക്കു പോപ്പിന് യാതൊരു അധികാരവുമില്ലെന്നും സമ്മതിച്ചു സത്യം ചെയ്യുവാൻ വരണമെന്നായിരുന്നു ഈ സമൻസ്. സമൻസു കൈപ്പററിയ ഉടനെ അദ്ദേഹം പള്ളിയിൽചെന്ന് പ്രാൎത്ഥന കഴിച്ചിട്ടു മടങ്ങിവന്നു. പിന്നീടു രാജസന്നിധിയിലേയ്ക്കു തിരിച്ചു. മോർ എവിടെയെങ്കിലും യാത്രയായി പോകുമ്പോൾ ഭാൎയ്യയും കുഞ്ഞുങ്ങളും കുടുംബാംഗങ്ങളെല്ലാവരും തോട്ടത്തിലെ ഗേററുകഴിഞ്ഞു റോഡ്ഡിൽ കുറേദൂരവും ചിലപ്പോൾ നദീതീരംവരെയ്ക്കും അനുഗമിക്കുക പതിവായിരുന്നു. എന്നാൽ ഈയവസരത്തിൽ ഭാൎയ്യയോടും കുഞ്ഞുങ്ങളോടുമുള്ള സ്നേഹം തന്നെ ബാധിച്ചേയ്ക്കുമോ എന്നു സംശയിച്ച്

അവരെ ഗേററുകഴിഞ്ഞു പിൻതുടരാൻ സമ്മതിച്ചില്ല. ഗേററിൽവെച്ചുതന്നെ അവരെ നിറുത്തി അവരോടു സമാധാനവാക്കുകൾ പറഞ്ഞു യാത്രയായി. അപ്പോൾ അദ്ദേഹത്തെ അനുഗമിച്ചിരുന്ന ജാമാതാവായ റോപ്പറോട്ട് അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. "ദൈവകൃപയാൽ എനിക്കു വിജയം സിദ്ധിച്ചു. എൻെറ മനസ്സാക്ഷിയെ അനുസരിക്കുന്നതിനും ന്യായത്തെ നിലനിറുത്തുന്നതിനുമായി എനിക്കു ജീവത്യാഗം ചെയ്യുന്നതിനു സാധ്യമായല്ലോ." കൌൺസിലിൽ എത്തിയപ്പോൾ അവരുടെ അപേക്ഷാനുസരണം രാജ്യക്ഷേമസംബന്ധമായി ചില ചട്ടങ്ങളെ സമ്മതിച്ചു മോർ സത്യം ചെയ്തു. എന്നാൽ രാജാവിൻെറ മതാധികാരത്തെപ്പററിയുള്ള ചട്ടം ന്യായമാണെന്നു പറയാൻ നിവൃത്തിയില്ലെന്നും പറഞ്ഞു. ഇതിൽവെച്ച് അദ്ദേഹം കുററക്കാരനാക്കപ്പെട്ട്, ലണ്ടനിലെ പ്രധാന കാരാഗൃഹമായ ടൌവറിലേയ്ക്കു നയിക്കപ്പെട്ടു. ഒരു വിചാരണകൂടി കഴിച്ചു വിധി പ്രസ്താവിക്കുന്നതുവരെയ്ക്കും അവിടെത്തന്നെയായിരുന്നു അദ്ദേഹത്തിൻെറ വാസം.

ഈ വത്തമാനം കേട്ടു വളരെ ഖേദത്തോടുകൂടി അദ്ദേഹത്തിൻെറ ഭാൎയ്യ ഭർത്തൃസന്ദശ്നാത്ഥം ടൌവരിൽ ചെല്ലുകയുണ്ടായി; അദ്ദേഹത്തെ കണ്ട മാത്രയിൽ വ്യസനാക്രാന്തയായി ലേഡി മോർ ഇപ്രകാരം ഭത്താവിനോടു ഗുണദോഷരൂപമായി ഒന്നുരണ്ടു വാക്കു പറഞ്ഞു. "രാജാവിൻെറ പ്രീതിയേയും സന്തോഷത്തേയും വെടിഞ്ഞു് വൃത്തികെട്ടതും അപമാനകരവുമായ ഈ തടവിൽ പാക്കാൻ നിങ്ങൾക്ക് ബുദ്ധിമൌഢ്യം ഉണ്ടായല്ലോ. എന്തു കഷ്ടം!" ഇതിനുത്തരം "ഞാൻ ഇപ്പോൾ പാക്കുന്ന ഈ വീട്ട് നമ്മുടെ സ്വന്ത ഗൃഹത്തിനൊപ്പം സ്വൎഗ്ഗത്തിനടുത്തിരിക്കുന്നില്ലയൊ?" എന്നുമാത്രമായിരുന്നു. മോറിൻെറ ഭാൎയ്യയുടെ അഭിപ്രായം ഏറ്റ സാധാരണ സ്ത്രീയുടെ എന്നല്ല പുരുഷൻേറയും അഭിപ്രായത്തിനു

യോജിച്ചതാണല്ലോ. മഹാന്മാരുടെ ആശയവും നിലയും സാധാരണജനങ്ങൾക്ക് അവഗാഹമാകുന്നതെങ്ങിനെ?

ഇങ്ങനെ കുറേ ദിവസം കഴിഞ്ഞ് പിന്നെയും വിചാരണയ്ക്കായി അദ്ദേഹം കൌൺസിൽ മുമ്പാകെ ഹാജരാക്കപ്പെട്ടു. കുറേ ദിവസത്തെ ബന്ധനംകൊണ്ട് ക്ഷീണിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന് ഇരിക്കാൻ ഒരു കസേര ഇട്ടുകൊടുത്തു. വിചാരണാവസരത്തിൽ ജഡ്ജിമാരുടെ ചോദ്യങ്ങൾക്ക ഋജുവായും ചുരുക്കത്തിലും ഉത്തരം പറയാതെ അദ്ദേഹം വിനോദകരമായി വാഗ്വാദം ചെയ്തു. ജഡ്ജിമാർക്ക കുററം ചുമത്തുന്നതിനു ശരിയായ പിടിയൊന്നും കിട്ടിയില്ല. ഒടുവിൽ കോട്ടിൽനിന്നും ഈ വിധം ഒരു കുററപത്രിക വായിച്ചുകേൾപ്പിച്ചു. ൧. രാജാവിനെ ഇംഗ്ലാണ്ടിലെ മതാധിപതിയായി നിങ്ങൾ സ്വീകരിക്കുന്നുണ്ടോ എന്ന ചോദ്യത്തിനു ശരിയായ ഉത്തരം പറയാതെ അലക്ഷ്യമായി സംസാരിക്കുന്നു. ൨. നിങ്ങൾ ബിഷപ്പ് ഫിഷറിന് ഇപ്രകാരം എഴുതിയതായി കാണുന്നു. "പാർലമെൻററിലെ ആക്ട് (ചട്ടം) രണ്ടു ധാരയുള്ള ഒരു അസിപോലെയാണ്. എന്തുകൊണ്ടെന്നാൽ ആക്ട് അനുസരിച്ചാൽ ആത്മനാശം സിദ്ധം; ആക്ടിനെ പ്രതികൂലിച്ചാൽ ശരീരനാശം നിശ്ചയം." ൩. സോളിസിററർ ജെനറലിനോട് നിങ്ങൾ രാജദ്രോഹമായി എന്തൊക്കെയോ സംസാരിച്ചു.

മേൽപറഞ്ഞ കുററങ്ങളിൽ ആദ്യത്തെ കുററത്തിന് മോറിൻെറ ഉത്തരം ഇപ്രകാരമായിരുന്നു. "ജനങ്ങളുടെ മതാധികർത്തൃത്വം പോപ്പിലൊ രാജാവിലൊ സ്ഥിതിചെയ്യുന്നതു? രാജാവ് ആനി ബോളിനെ രാജ്ഞിയായി സ്വീകരിച്ചതു ന്യായമോ അന്യായമോ? ഇത്യാദി വിഷയങ്ങളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. ദൈവത്തെ സേ

വിക്കാനും ദൈവത്തിൻെറ കരുണയ്ക്ക് പാത്രീഭവിക്കാനും ഇഹലോകം വെടിയാനും ഞാൻ ഉറച്ചിരിക്കയാണ്."

കുററപത്രം വായിച്ചതിൽ പിന്നീട്ട ബന്ധനസ്ഥനായ മോറിനോട്ട് ന്യായാധിപതി പിന്നെയും ഇപ്രകാരം പറകയുണ്ടായി. "രാജാവിനോട്ട് അതികഠിനമായ അപരാധമാണ് നിങ്ങൾ ചെയ്തിട്ടുള്ളത്. അപരാധത്തിൽനിന്നും നിവൎത്തിച്ച് തിരുമനസ്സിലെ കരുണയ്ക്കു പാത്രീഭവിക്കാൻ ഇനിയും കാലം തെററീട്ടില്ല. ക്ഷമായാചനം ചെയ്താൽ തിരുമനസ്സിൽ നിന്നും മാപ്പുതരാൻ തയ്യാറായിരിക്കുന്നു." ഇതിന് മോറിൻെറ മറുപടി:"ഭവാൻെറ ദയയ്ക്കു ഞാൻ നന്ദി പറഞ്ഞു കൊള്ളുന്നു. ഞാൻ ഒരു തരത്തിലും കുററക്കാരനല്ല. രാജാവിൻെറ അധികാരത്തെ എതിൎത്ത് ഞാൻ ഒന്നും പ്രവൎത്തിച്ചിട്ടില്ല. എന്നാൽ രാജാവിൻെറ മതാധികാരത്തെ ഞാൻ അനുകൂലിക്കുന്നു എന്നൊ അനുകൂലിക്കുമെന്നോ പറയാൻ നിവൃത്തിയില്ല; എൻെറ മനസ്സാക്ഷിയനുസരിച്ചു മാത്രമേ താൻ ഇക്കാൎയ്യത്തിൽ നടന്നിട്ടുള്ളു. മനസ്സാക്ഷിക്കു വിപരീതമായി ഒന്നും പ്രവൎത്തിക്കാതിരിക്കുമ്പോൾ ഞാൻ കുററക്കാരനാകുന്നതെങ്ങനെ? എൻെറ മനഃസ്ഥിതി മരണംവരെക്കും ഇതേ നിലയിൽതന്നെ ഇരിക്കണമെന്ന് ഞാൻ ദൈവത്തെ പ്രാൎത്ഥിച്ചുകൊള്ളുന്നു."

പാർലമെൻറിലെ തീരുമാനത്തെ ശരിവയ്ക്കാത്തതുകൊണ്ട് മോർ കുററക്കാരനാണെന്നും മനസ്സാക്ഷിക്കു വിപരീതമായി നടന്നിട്ടില്ലാത്തതുകൊണ്ട് അദ്ദേഹം കുററക്കാരനല്ലെന്നും ആയിരുന്നു വാദപ്രതിവാദങ്ങൾ. രാജാജ്ഞയ്ക്കും ചട്ടത്തിനും വിപരീതമായി നില്ക്കുന്ന പ്രജകളിൽ ഒരുവൻെറ മനസ്സാക്ഷിക്കു (അതു എത്രതന്നെ പരിശുദ്ധമായിരുന്നാലും) ഈ ലോകത്തിൽ എന്തു വിലയാണുള്ളത്? അതുകൊണ്ടു കൌൺസിലിൽ നിന്നും മോർ കുററക്കാരൻതന്നെ

ണ്ണെയാണെന്നു തീച്ച്പ്പെടുത്തി വിധി പ്രസ്താവിക്കയൊണു ണ്ടായതു്. വിധിയെ തടയാൻ വല്ലതും പറയാനുണ്ടോ എന്നു കോടതിയിൽ നിന്നും പിന്നെയും ചോദിച്ചതിനു് മുൻ പറഞ്ഞ മട്ടിൽ തന്നെയായിരുന്നു അദ്ദേഹം വാദിച്ചതു്. "ഏതു ചട്ടപ്രകാരം ഈ വിചാരണ നടത്തി എന്നെ കുററ പ്പെടുത്തി എന്നു ഞാൻ അറിയുന്നില്ല. പോപ്പിൻെറ അധി കാരത്തിനുതന്നെ ഞാൻ ഇപ്പോഴും കീഴ്പ്പെട്ടിരിക്കുന്നു" ഇതു വിധിയെ തടയാനുള്ള വാദമല്ലെന്നു സ്പഷ്ടമാണല്ലൊ.

അക്കാലത്തു രാജദ്രോഹത്തിനുള്ള സാധാരണ ശിക്ഷ ജീവനോടെ അഗ്നിയിൽ ദഹിപ്പിക്കുക ആയിരുന്നു. "എ ന്നാൽ രാജാവിൻെറ കാരുണ്യംകൊണ്ടു ശിരശ്ഛേദനശി ക്ഷനല്കിയിരിക്കുന്നു" എന്നുംകൂടി ജഡ്ജിമാർ പ്രസ്താവിച്ചു. ഇതിനു മറുപടിയായി "എൻെറ സ്നേഹിതന്മാക്കെങ്കിലും മേലാൽ ഇങ്ങനെയുള്ള കരുണ രാജാവു് കാണിക്കാൻ ഇട വരുത്തരുതേ ദൈവമേ! ഇങ്ങനെയുള്ള രാജകാരുണ്യത്തിൽ നിന്നും എൻെറ വംശസ്ഥന്മാരെ ദൈവം രക്ഷിക്കട്ടേ"എന്നു മോർ പറഞ്ഞു.

കോടതിയിൽ നിന്നും ടൌവറിലേയ്ക്കു് മോർ തിരി ക്കാറായ അവസരത്തിലും ജഡ്ജിമാർ അദ്ദേഹത്തോടു വീണ്ടും ഇപ്രകാരം പറഞ്ഞു. "ഇനിയെങ്കിലും ജീവരക്ഷയെക്കരുതി രാജാജ്ഞയെഅനുസരിക്കുമെങ്കിൽ വീണ്ടും കേസ്സെടുത്തു് അ നുകൂലമായ വിധി പ്രസ്താവിക്കാൻ ഞങ്ങൾ തയ്യാറാണു്." മുൻപറഞ്ഞതൊന്നും വകവയ്ക്കാതെ വീണ്ടും മോറിനോടു് അപേക്ഷിക്കുന്ന മട്ടിലുള്ള ജഡ്ജിമാരുടെ പ്രസ്താവനകൾ നോക്കുമ്പോൾ രാജാവിനും ജഡ്ജിമാക്കും അദ്ദേഹത്തോടു് എത്രമാത്രം സ്നേഹബഹുമാനങ്ങൾ ഉണ്ടായിരുന്നു എന്നുതെ ളിയുന്നു. മോറിനെ കുററക്കാരനാക്കി ശിക്ഷിക്കാൻ രാജാ വിൻെറ മനസ്സാക്ഷി അനുവദിച്ചില്ല എന്നുവേണം വിചാ

രിക്കാൻ. തന്റെ ഊർജ്ജിതത്തിനും ഗൌരവത്തിനും കുറവു വന്നേക്കുമോ എന്നു വിചാരിച്ച് മാത്രമായിരിക്കണം മോറിനെ രാജാവു ശിക്ഷയിൽനിന്നും നിവർത്തിപ്പിക്കാത്തത് എന്നുകൂടി ഊഹിക്കാൻ ന്യായമുണ്ട്.

അതെങ്ങനെ ആയിരുന്നാലും കോടതിയുടെ ഒടുവിലത്തെ പ്രസ്താവനയ്ക്കു മറുപടിയായി മോർ ഈവിധമാണ് പറഞ്ഞത്. "രക്തസാക്ഷിയായിത്തീർന്ന സ്റ്റീഫന്റെ മരണകാലത്ത് അദ്ദേഹത്തെ കല്ലെറിഞ്ഞവരുടെ വസ്ത്രങ്ങൾ സൂക്ഷിച്ചുകൊണ്ടു നിന്നിരുന്ന സെയിന്റ് പാളും സ്വർഗ്ഗാരോഹണംചെയ്ത സ്റ്റീഫനെപ്പോലെതന്നെ മഹാത്മാവായിത്തീർന്ന്, രണ്ടുപേരും സ്നേഹിതന്മാരായി പരലോകത്തിൽ വർത്തിക്കുന്നതുപോലെ * തന്നെ ഇഹലോകത്തിൽ എനിക്ക് ഈ വിധി പറഞ്ഞ നിങ്ങളും ഞാനും മോക്ഷം പ്രാപിച്ച് പര

---

* സ്റ്റീഫനും പോളും.

ക്രിസ്തുവിനേയും ക്രിസ്തുവിന്റെ അഭിപ്രായങ്ങളേയും പ്രശംസിച്ചു പ്രവചിച്ചുകൊണ്ടു നടന്നിരുന്ന ക്രിസ്തുഭക്തനായ സ്റ്റീഫനെ, വിശ്വാസമില്ലാത്ത മൂഢജനങ്ങൾ കല്ലെറിഞ്ഞു കൊല്ലുകയാണ് ചെയ്തത്. ആ അവസരത്തിൽ ഈ ദുഷ്പ്രവൃത്തിയിലേർപ്പെട്ടിരുന്നവർ പ്രവൃത്തിസൌകര്യത്തിനായി മേൽ ധരിച്ചിരുന്ന വസ്ത്രങ്ങളെ സൂക്ഷിക്കാനായി പോളിനെ നിയോഗിച്ചല്ലിച്ചു. പോളും അവരെ സൂക്ഷിച്ച് അവരെ സഹായിച്ചതുകൊണ്ടു ഒരു പാപിയായിത്തീർന്നു എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ദൈവകൃപയാൽ അനുഗ്രഹിതനായിട്ടു പോളും സ്റ്റീഫനെപ്പോലെ തന്നെ ഉത്തമഭക്തനായിത്തീർന്ന് ക്രിസ്തുമതപ്രചരണം ചെയ്തുതുടങ്ങി. പോളിനു ഈ മനോഭാവം വന്നതിനുള്ള കാരണം അദ്ദേഹത്തിനു പെട്ടെന്നുണ്ടായ അന്ധതയും അനേനിയസ് എന്നൊരു ക്രിസ്തുഭക്തന്റെ സ്പർശം മാത്രം കൊണ്ടുണ്ടായ അതിന്റെ നിവാരണവും ആയിരുന്നു. ഒടുവിൽ പോളിനെപ്പോലെ തന്നെ പരമഭക്തനായിത്തീർന്ന് അദ്ദേഹവും സ്വർഗ്ഗാരോഹണം ചെയ്തു എന്നാണ് ബൈബിളിലെ കഥ.

ലോകത്തിൽ സന്ധിക്കണമെന്നു ഞാൻ ആശിക്കയും പ്രാത്ഥിക്കയും ചെയ്യുന്നു. ദൈവം നിങ്ങളെ രക്ഷിക്കട്ടെ; എന്റെ യജമാനനായ രാജാവിനെയും അദ്ദേഹത്തിനു യോഗ്യന്മാരായ ഉപദേഷ്ടാക്കളേക്കൊട്ടുത്തു രക്ഷിക്കട്ടെ.”

ഇത്രയും പറഞ്ഞുംവെച്ച് മോർ കോടതിമുറിവിട്ട് സ്വഗൃഹമായിത്തീന്നിരുന്ന ബന്ധനസ്ഥലമായ ടൌവറിലേയ്ക്കു തിരിച്ചു. ക്ഷീണിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തെ നടത്താതെ വള്ളത്തിൽ കയററി ടൌവറിൽ കൊണ്ടാക്കി. മോറിനെ ടൗവറിലേയ്ക്കുനയിച്ച അവസരത്തിൽ ആ മഹാനെ സന്ദശിച്ചനുഗ്രഹം പ്രാപിക്കുന്നതിനും അദ്ദേഹത്തോട് അനുശോചിച്ച് ദൈവത്തെ പ്രാത്ഥിക്കുവാനും കാഴ്ചകാണാൻ മാത്രവുമായി അസംഖ്യം ജനങ്ങൾ എല്ലാവശത്തുനിന്നും തിങ്ങിഅനുഗമിച്ചു. മോറിനെ സൂക്ഷിക്കുന്നതിന് ആയുധപാണികളായി ശിപായിമാരും അദ്ദേഹത്തെച്ചുററി ഉണ്ടായിരുന്നു. ഈ തിരക്കിനിടയിൽ അച്ഛന്റെ മുഖംകണ്ട് അനുഗൃഹീതയാകണമെന്നുള്ള ആഗ്രഹത്തോടുകൂടി മോറിന്റെ സ്നേഹാതിരേകത്തിനു ഭാജനമായിരുന്ന മകൾ മാർഗററും ഉണ്ടായിരുന്നു. മോർ ടൌവറിലെ കോണിപ്പടിയിൽ കാൽവെച്ചപ്പോൾ ഈ പെൺകുഞ്ഞ് ആ വലിയ തിരക്കിനിടയിൽ തള്ളിക്കൊണ്ട് മുമ്പോട്ട് കടന്നും പട്ടാളക്കാരുടെ അണിയെ ഭേദിച്ചും അച്ഛന്റെ അടുക്കൽചെന്നു കഴുത്തിൽ കൈയിട്ടുകൊണ്ട് ഹാ! ഹാ! എന്റെ അച്ഛാ! എന്നു വിളിച്ചു കരഞ്ഞുംകൊണ്ട് അദ്ദേഹത്തെ പലതവണയും ചുംബനം ചെയ്തു. അദ്ദേഹം തന്റെ വാത്സല്യഭാജനമായ പ്രിയപുത്രിയുടെ സ്വാഭാവികവും നിർവ്യാജവുമായ ചേഷ്ടകൾകണ്ട് അവളെ പൂണ്ണമായി അനുഗ്രഹിച്ചു. 'താൻ ഒരു കുററവും ചെയ്യാതിരുന്നപ്പോൾ വന്ന ഈ അനുഭവം ദൈവസമ്മതത്തോടുകൂടി ആയിരുന്നു' എന്നുമാത്രം മകളോടു പറഞ്ഞുനിർത്തി.

രാജ്യത്തിന്റെ ക്ഷേമത്തിനും തന്റെ മോക്ഷത്തിനും മായി ദൈവം കല്പിച്ചു കൊടുത്ത ഒരു വിധിയായിട്ടുമാത്രമാണ് ആ ശിക്ഷയെ അദ്ദേഹം വിചാരിച്ചിരുന്നത് എന്നുള്ള അഭിപ്രായം അദ്ദേഹത്തിന്റെ ഈ വാക്കിൽനിന്നു തെളിയുന്നു. മകളുടെ ഹൃദയത്തിൽ തിങ്ങി നിറഞ്ഞിരുന്ന വിചാരങ്ങളെല്ലാം അദ്ദേഹം അറിഞ്ഞുവെന്നും ദൈവഗതിക്കും ദൈവത്തിന്റെ പ്രീതിക്കും ഇണങ്ങി തന്റെ വേർപാടിനെപ്പററി വിഷാദിക്കാതെ സഹിക്കണമെന്നുംകൂടി അദ്ദേഹം പറയുകയുണ്ടായി. മകം അച്ഛനെ വിട്ടുമാറി പത്തടി പോയിട്ടു പെട്ടെന്നു പിന്നെയും തിരിഞ്ഞു് അച്ഛന്റെ അടുത്തുചെന്നു് കണ്ഠത്തിൽ കൈയിട്ടുകൊണ്ടു സ്നേഹപൂർവ്വം പലതവണയും ചുംബനംചെയ്തു. നിഷ്കളങ്കമായ സ്നേഹത്തിന് അതിരില്ലല്ലോ. സ്നേഹബന്ധം മുറിയുമോ? സ്നേഹംകൊണ്ടു് ബന്ധിക്കപ്പെട്ട ഹൃദയങ്ങൾക്ക് അകൽച്ച വർദ്ധിക്കുന്തോറും അന്യോന്യം ആകർഷണവും കൂടിവരുന്നതേയുള്ളു. ഈ അവസരത്തിൽ മോർ ഒന്നുംതന്നെ പറഞ്ഞില്ല. അദ്ദേഹത്തിന്റെ ഗാംഭീര്യനിലയ്ക്കു ഭംഗം വന്നില്ലെങ്കിലും അദ്ദേഹത്തിന്റെ മനസ്സു സ്നേഹംകൊണ്ടലിഞ്ഞു് കണ്ണുകൾ അശ്രുപൂർണ്ണങ്ങളായി കാണപ്പെട്ടു. പിതാവിന്റേയും മകളുടേയും പ്രേമസമ്പൂർണ്ണമായ ചേതോവികാരങ്ങളെയും ആലിംഗനചുംബനാദി ചേഷ്ടകളേയും കണ്ടു നിന്ന എല്ലാവരുടേയും മനസ്സു ദ്രവിച്ചു് അവർ കരഞ്ഞുപോയി.

മർമ്മഭേദകമായ ഈ അവസരത്തിലും മോറിന്റെനില സ്വഗൃഹത്തിൽനിന്നും ദൂരെ യാത്രയായി പോകുന്ന ഒരാളിന്റേതുപോലെ മാത്രമായിരുന്നു. മരണം അദ്ദേഹത്തിന് ശ്രേയസ്കരമായ ഒരു സംഗതിയായിട്ടാണു തോന്നിയിരുന്നതു. മനസ്സാക്ഷിക്കൊത്തു സ്വേച്ഛയായി ജീവിക്കുന്നതിന് അസൌകര്യവും ഞെരുക്കവുമുള്ള ഒരു രാജ്യംവിട്ടു് സ്വാതന്ത്ര്യത്തോടും സുഖമായും ജീവിക്കാൻ സൌകര്യമുള്ള മറെറാരു

രാജ്യത്തേയ്ക്കു പോകേണ്ടിവന്നാൽ ഏതൊരു മനോഭാവം ഒരു മനുഷ്യനുണ്ടായിരിക്കുമോ അതായിരുന്നു മോറിനു ഇഹലോകംവിട്ടു പരലോകത്തേയ്ക്കുള്ള യാത്രയിലും. അതിതീവ്രമായ അദ്ദേഹത്തിൻെറ മതവിശ്വാസം തന്നെയായിരുന്നു ഈ മനോഭാവത്തിനു കാരണം. ഇതുപോലെയുള്ള മനോഭാവം കൂടാതെ ആരാണ് ലോകത്തിനു മഹത്തായ കാര്യങ്ങൾ സാധിച്ചിട്ടുള്ളത്?

വിധിപ്രസ്താവിച്ചതിൽ പിന്നീട് നാലുദിവസംകൂടി അദ്ദേഹത്തിന് ഇഹലോകത്തിൽ കാരാഗൃഹത്തിൽ കഴിച്ചുകൂട്ടേണ്ടിവന്നു. അത്രയും കാലം ദൈവപ്രാർത്ഥനയിലും സമാധാനനിഷ്ഠയിലുമാണ് കഴിച്ചുകൂട്ടിയത്. അന്ത്യകാലം അടുക്കാറായപ്പോൾ മകൾക്കു തൻെറ സ്മാരകമായും അനുഗ്രഹമായും തൻെറ കമ്പിളി ഉടുപ്പു കൊടുത്തയച്ചു.

നേരം വെളുത്തപ്പോൾ, രാജവിധി നടത്തുന്നതിനുള്ള സമയം അന്നു രാവിലെ ഒൻപതുമണിക്കാണെന്നു സർ തോമസ് മോറിനെ അറിയിക്കുന്നതിനായി പോപ്പ് എന്നൊരു ഉദ്യോഗസ്ഥൻ കാരാഗൃഹത്തിൽ എത്തി. സമാധാനത്തോടും ധൈര്യത്തോടും ആ വർത്തമാനം കേട്ട് മോർ ഇപ്രകാരം പറഞ്ഞു. “രാജാവിൻെറ പല ബഹുമാനാദരങ്ങൾക്കും ഞാൻ അദ്ദേഹത്തോടു കൃതജ്ഞനായിരിക്കുന്നു. ഇഹലോകത്തെ സങ്കടങ്ങളിൽനിന്നും എന്നെ ഇപ്പോൾ തന്നെ നിവർത്തിപ്പിക്കാൻ ദയവുണ്ടായ ആ തിരുമേനിക്കു ഞാൻ അത്യന്തം കടപ്പെട്ടിരിക്കുന്നു.”

പിന്നെയും പോപ്പ് രാജാവു പറഞ്ഞയച്ചതായ ഒരു സംഗതികൂടി മോറിനെ അറിയിച്ചു. ശിക്ഷക്കളത്തിൽ വെച്ച് മോർ അധികം സംസാരിച്ചുപോകരുതെന്നു നിയോഗമായിരുന്നു അത്. അതിനു മറുപടിയായി “ഇവിടെ

വെച്ചുതന്നെ മുൻകൂട്ടി രാജാവിൻെറ നിയോഗം നിങ്ങൾ എന്നെ അറിയിച്ചതു് നന്നായി. അല്ലെങ്കിൽ ഞാൻ കുറെ സംസാരിച്ചുപോകുമായിരുന്നു തിരുമനസ്സിലെ ആജ്ഞ യെ ഞാൻ ശിരസാ വഹിച്ചുകൊള്ളുന്നു.'' എന്നാണു് അ ദ്ദേഹം പറഞ്ഞതു്. രാജാവിൻെറ ഈ നിയോഗത്തിൻെറ അർത്ഥം എന്തായിരിക്കാം? മോറിനു മരണശിക്ഷ കൊടു ത്ത കാര്യത്തിൽ രാജാവിനുതന്നെ എന്തോ അസ്വാസ്ഥ്യം ഉണ്ടായിരുന്നു എന്നു വേണം വിചാരിക്കാൻ.

പിന്നീടു മരണാനന്തരം നടക്കേണ്ടതായ സംസ്കാരാദി ഏർപ്പാടുകളെപ്പററി പോപ്പുമായി സംസാരിച്ച കൂട്ടത്തിൽ മോറിൻെറ കുടുംബാംഗങ്ങൾ സംസ്കാരത്തിനു ഹാജരായിരി ക്കാൻ അനുവദിക്കണമെന്നുള്ള ഒരഭ്യർത്ഥനയും ഉണ്ടായി രുന്നു.

മോർ തനിച്ചായപ്പോൾ തനിക്കുണ്ടായിരുന്ന ഏററ വും വിലപിടിച്ചതായ ഉടുപ്പു ധരിച്ചു. ഇതിൻെറ ഉദ്ദേശ്യം, തന്നെ പരലോകത്തേക്കയയ്ക്കാൻ പോകുന്ന ആരാച്ചാർക്ക് അതൊരു പ്രതിഫലമായിരിക്കട്ടെ എന്നു മാത്രമായിരുന്നു. അടുത്തുനിന്നിരുന്ന ഒരു ഉദ്യോഗസ്ഥൻ അതത്ര ശരിയല്ല; അതിൽ തനിക്കു സങ്കടമുണ്ടു്, എന്നു പറഞ്ഞതുകേട്ടു് ആ യതുമാററി, ഒരു സാധാരണ ഉടുപ്പു ധരിച്ചു. തൻെറ ഉദ്ദേ ശത്തിനു ഭംഗം വരാതിരിപ്പാൻവേണ്ടി ആരാച്ചാർക്കു് ദൈവ ദൂതൻെറ ഒരു സ്വർണ്ണപ്രതിമയാണു് അനുഗ്രഹമായി അദ്ദേ ഹം കൊടുത്തയച്ചതു്. ആരാച്ചാർക്കും മോറിനെപ്പോലെയു ള്ള ഒരു മഹാൻെറ കഥകഴിക്കേണ്ടിവന്നതിൽ നിശ്ചയമാ യും സങ്കടമുണ്ടായിരുന്നിരിക്കണം. എന്നാൽ മോറിൻെറ അന്തഃകരണത്തിൽ തൻെറ മരണത്തെപ്പററി സന്താപമോ, മാരകക്രിയനടത്തുന്ന ആളിനോടു ദ്വേഷമോ, ഉണ്ടായിരു ന്നില്ലെന്നു കാണിക്കുന്നതായ ഈ പ്രതിമാദാനം, ആരാച്ചാ രെ സ്വല്പം ആശ്വസിപ്പിച്ചുകാണണം.

രാവിലെ മണി ഒൻപതായപ്പോൾ സർ തോമസ് മോർ ശിരശ്ഛേദനക്കളത്തിലേക്ക നയിക്കപ്പെട്ടു. കൈയിലൊരു ചുവന്ന കുരിശു പിടിച്ചുകൊണ്ടും നേത്രങ്ങളെ മേല്പോട്ട് ദൈവസന്നിധിയിലേയ്ക്ക് ഉയർത്തിക്കൊണ്ടും അദ്ദേഹം യാതൊരു കുലുക്കവും കൂടാതെ നടന്നു. മോറിൻെറ ഈ യാത്രാസമയത്ത്, അവിടെ കൂടിയിരുന്ന ജനങ്ങളുടെ ചേതോവികാരങ്ങളെല്ലാം സ്തബ്ധമായി, അശ്രുപൂർണ്ണങ്ങളായ നയനങ്ങളോടുകൂടി, അവർ അമ്പരന്നു നിന്നുപോയി.

കൊലക്കളത്തിൽ ചെന്നതിൽ പിന്നീട്, മോർ ജനങ്ങളെനോക്കി ചുരുക്കത്തിൽ ഒന്നു രണ്ടു വാക്കുകൾ പറഞ്ഞു. "പരിശുദ്ധമായ ക്യാതലിക് മതരക്ഷയ്ക്കായി ഞാൻ ഇതാ മരിക്കുന്നു. ദൈവത്തിൻെറ ഒരടിമയായിട്ടും രാജാവിൻെറ ഒരു വിശ്വസ്ത ഉദ്യോഗസ്ഥനായിട്ടും തന്നെയാണ് ഞാൻ വർത്തിച്ചിട്ടുള്ളത്. ആ സ്ഥിതിക്കു ഞാൻ ഒരുവിധത്തിലും അപരാധിയല്ല." ചരമകൃത്യം നിർവഹിക്കാറായപ്പോൾ ആരാച്ചാർ സർ തോമസ് മോറിനോടു ക്ഷമായാചനംചെയ്തു. അതിന് അദ്ദേഹം "ക്ഷമായാചനത്തിനു കാൎയ്യമില്ലല്ലോ. എനിക്ക് ഏററവും ശ്രേയസ്കരമായ നന്മയാണല്ലൊ നിങ്ങൾ ചെയ്യാൻ പോകുന്നത്." എന്നായിരുന്നു മറുപടി.

ശിരശ്ഛേദനത്തിനു തലവെച്ചുകൊടുക്കുംമുമ്പെ കണ്ണുകൾ രണ്ടും പൊത്തിക്കെട്ടുക പതിവായിരുന്നു. ആരാച്ചാർ അതിന് ഒരുങ്ങിയപ്പോൾ താൻതന്നെ ആ കൃത്യം നിർവഹിച്ചുകൊള്ളാമെന്നു പറഞ്ഞിട്ട് അദ്ദേഹം സ്വന്തകൈകൾകൊണ്ടുതന്നെ തുണിയെടുത്തു കണ്ണുകെട്ടിക്കൊണ്ടു കൊലത്തട്ടിൽ കയറി, ശിരശ്ഛേദനത്തിനു തീർത്തിട്ടുള്ള വധ്യകാഷ്ഠത്തിൽ തലവെച്ചുകൊടുത്തു. അപ്പോൾ അദ്ദേഹത്തിൻെറ നീണ്ടതാടി കഴുത്തുവരെ തൂങ്ങിക്കിടന്നതുകണ്ട് ആരാച്ചാരോട് ഇപ്രകാരം പറഞ്ഞു:—"കുറേ

നില്ക്കണെ, എൻെറ താടിയെ ഒരുവശത്തോട്ട് ഒതുക്കിക്കൊള്ളട്ടെ; അതു് ഒരു ദ്രോഹവും ചെയ്തിട്ടില്ലല്ലോ; അതിനെ ഛേദിക്കുന്നതു കഷ്ടമാണ്." ഇത്രയും പറഞ്ഞുതീന്നപ്പോഴേക്ക് അതിതീക്ഷ്ണമായ പരശു മോറിൻെറ കണ്ഠത്തിൽ പതിക്കയും ശിരസ്സ് ദേഹത്തിൽനിന്നും വേർപെടുകയും ചെയ്തു. ഇങ്ങനെയായിരുന്ന ഒരു മഹാൻെറ ഉത്തമജീവിതം എല്ലാവക്കും ആശ്ചര്യത്തേയും സന്താപത്തേയും ജനിപ്പിച്ചുംകൊണ്ട് അവസാനിച്ചതു്.

അദ്ദേഹത്തിൻെറ ശരീരം കുടുംബത്തിലേക്ക് അവരുടെ ആവശ്യപ്രകാരം കൊടുക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ ശിരസ്സ ലണ്ടൻപട്ടണത്തിൽ തെംസുനദിയിലെ പാലത്തിൽ ഒരു ദണ്ഡാഗ്രത്തിൽ സ്ഥാപിക്കപ്പെട്ടു. ഇതായിരുന്ന രാജദ്രോഹികളായി ഗണിച്ചു ശിക്ഷിക്കപ്പെടുന്നവരുടെ ശിരോഗതി. ഇദ്ദേഹത്തിൻെറ ശരീരം മാത്രം മതാചാരവിധിപ്രകാരം ചെൽസിപ്പള്ളിയിൽ സ്ഥാപിക്കപ്പെട്ടു.

അധികം താമസിയാതെതന്നെ മോറിൻെറ ശിരസ്സും പ്രിയപുത്രിയായ മിസ്സസ്സ് റോപ്പരുടെ കൈവശം വന്നുചേന്നു. ഇതിനെപ്പററി ഒരു കഥയുണ്ട്. ഒരുദിവസം മിസ്സസ്സ് റോപ്പർ പാലത്തിനടിയിൽകൂടി ബോട്ടിൽ കടന്നുപോകുമ്പോൾ പാലത്തിന്മുകളിൽ ഇരുന്ന ശിരസ്സിനെ നോക്കി, "ആ ശിരസ്സ് എത്രയോ അവസരങ്ങളിൽ എൻെറ മടിയിൽ ശയിച്ചിട്ടുള്ളതാണല്ലോ. ഇനിയും അതു് എൻെറ മടിയിൽ വന്നുചേരാൻ സംഗതിയുണ്ടാകുമോ ദൈവമേ?" എന്നും മററും വിലപിച്ച് ദൈവത്തെ പ്രാർത്ഥിച്ചതായിട്ടും തൽക്ഷണംതന്നെ അതു് എങ്ങനെയോ അവരുടേ മടിയിൽ പതിച്ചതായിട്ടും ആണ് ഐതിഹ്യം. രാജാവും മോറിൻെറ ശിരസ്സ് മിസ്സസ്സ് റോപ്പരുടെ കൈവശമായതിനെപ്പററി ഗൌരവമായ നടപടിയൊന്നുംനടത്താതെ അവർതന്നെ

അതിനെ വെച്ചുകൊള്ളുന്നതിന് അനുവദിച്ചു. പിന്നെ അതിനെ കേടുപററാത്തവിധത്തിൽ തൈലാദികൾകൊണ്ടു സുരഭീകൃതമാക്കി റോപ്പർ എപ്പോഴും തന്റെകൂടെ തന്നെ അതിപ്രേമാവോടെ വാസം ചെയ്യിച്ചുവന്നു മിസ്സസ്സ് റോപ്പു രുടെ മരണാനന്തരം അവരോടുകൂടിത്തന്നെ ആ ശിരസ്സും അടക്കംചെയ്യപ്പെട്ടു.

സർ താമസ് മോർ എന്ന മഹാൻ ജ്ഞാനസമ്പത്തി, ധനസമ്പത്തി, വാഗ്മിത്വം, ദയ ഇത്യാദി ഗുണങ്ങളെക്കൊണ്ടും നിശ്ചലമായ ദൈവഭക്തികൊണ്ടും യൂറോപ്പു മുഴുവനും പ്രസിദ്ധിലഭിച്ചിരുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിന്റെ കാരണവും മരണാവസരത്തിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ നിലയും ലോകത്തെ ഒട്ടുക്കും വിസ്മയിപ്പിക്കയും അവരുടെ ദൃഷ്ടിയിൽ അദ്ദേഹത്തെ ദേവകോടിയിൽ ചേർത്തു നിത്യവന്ദ്യനാക്കിത്തീർക്കയും ചെയ്തു. പലഘട്ടങ്ങളിലും അദ്ദേഹം പ്രദർശിപ്പിച്ച അമാനുഷമായ നില, അദ്ദേഹത്തിന്റെ സ്വാഭാവികമായ ആർജ്ജവംകൊണ്ടും നിശ്ചലമായ ദൈവഭക്തികൊണ്ടും അദ്ദേഹത്തിന് മതതത്വങ്ങളിൽ ഉണ്ടായിരുന്ന പൂർണ്ണവിശ്വാസംകൊണ്ടും ലഭിച്ചതായിരുന്നു.

# വാദ്ധക്യം.

ശാസ്ത്രീയജ്ഞാനം പ്രബലതയെ പ്രാപിച്ചിരിക്കുന്ന ആധുനികകാലത്തു കൂടിയും, വിശ്വസിക്കാൻ പാടില്ലാത്തതായ പല കഥകളും വൎത്തമാനപത്രങ്ങളിൽ ഇടയ്ക്കിടെ പ്രസ്താവിച്ചുകാണുന്നുണ്ട്. ജനസാമാന്യം, ഈ കഥകളെ ഈശ്വരപ്രേരണകൊണ്ടുണ്ടാകുന്ന അപൂൎവ്വവും അസാധാരണവുമായ സംഭവങ്ങളായിട്ടു കരുതുന്നുമുണ്ട്. ഇതിനുദാഹരണമായി ഒന്നു രണ്ടു സംഗതികൾ പറയാം.

൧. ഇന്നാണ്ട് ഇത്രാംതിയതി ലോകം അവസാനിക്കാൻപോകുന്നു.

൨. അമേരിക്കയിൽ മൂന്നോ നാലോ വയസ്സു പ്രായമായ ഒരു കുട്ടി ഗണിതശാസ്ത്രത്തിൽ അപാരമായ നിപുണത കാണിച്ചിരിക്കുന്നു.

൩. ഇന്ത്യയിൽ ഒരിടത്തു ഭൂമിയുടെ അടിയിൽ മൂന്നൂറുവൎഷക്കാലം യോഗനിദ്രയിൽ ലയിച്ചിരുന്ന ഒരു ദിവ്യദേഹത്തെ യാതൊരു കേടുംകൂടാതെ കണ്ടുകിട്ടിയിരിക്കുന്നു.

മേൽപറഞ്ഞ വിശേഷങ്ങളേപ്പോലെതന്നെ ചിലപ്പോൾ ചിലയാളുകൾ ഇരുനൂറും, മുന്നൂറും കൊല്ലങ്ങൾ ജീവിച്ചിരുന്നു എന്നും കേൾക്കാറുണ്ട്.

വൎത്തമാനപത്രങ്ങളിൽ കാണുന്നതെല്ലാം വാസ്തവം എന്നു വിശ്വസിക്കുന്നവർ പലരും ഉണ്ട്. ശാസ്ത്രീയജ്ഞാനവും പരിചയവും സിദ്ധിച്ചിട്ടുള്ള ആളുകൾ പ്രകൃതിനിയമങ്ങളെ ലംഘിച്ചു കാണുന്ന പ്രസ്താവങ്ങളേ അംഗീക

രിക്കുന്നതെങ്ങനെ? ലോകത്തിൽ അത്ഭുതപൂർവ്വങ്ങളായ ചില വിശേഷങ്ങളും കണ്ടേക്കാം. എന്നാൽ അവയും പ്രകൃതി നിയമങ്ങളനുസരിക്കുന്നവയായിട്ടുതന്നെ വിചാരണകൾ കൊണ്ടു തെളിയും. പ്രകൃതിനിയമങ്ങളെ അനുസരിക്കാത്തവയും ശാസ്ത്രീയമായ തെളിവുകൾക്കധീനമല്ലാത്തവയും നിരീക്ഷണം ചെയ്യുന്നതിനും പ്രായോഗികമായ പരീക്ഷണം ചെയ്യുന്നതിനും തയ്യാറായിരിക്കുന്നവരുടെ അനുഭവത്തിൽ പെടാത്തവയുമായ സംഭവങ്ങളെ ആരെങ്കിലും പ്രതിപാദിക്കയാണെങ്കിൽ അവ വിശ്വസിക്കാൻ പാടുള്ളവയല്ലെന്ന് സധൈര്യം പറയാവുന്നതാണ്.

മനുഷ്യരുടെ ജീവിതകാലം എത്രത്തോളം നീട്ടിക്കൊണ്ടുപോകാമെന്നുള്ളത് പലരുടേയും ആലോചനയ്ക്ക് ഗോചരമായിത്തീർന്നിട്ടുള്ള ഒരു വിഷയമാകുന്നു. മനുഷ്യർക്ക് ജാഗ്രതയും കരുതലുംകൊണ്ട് അവരുടെ ജീവിതകാലം കുറച്ചൊക്കെ നീട്ടിക്കൊണ്ടു പോകാവുന്നതാണ്. എന്നാൽ മനുഷ്യായുസ്സിന്റെ പരമാവധി ഇത്രയാണെന്നു പരിച്ഛേദിക്കുന്നതിന്, മനുഷ്യർ നമ്മുടെ അറിവിൽപെട്ട കാലങ്ങളിൽ എത്രകാലം ജീവിച്ചിരുന്നിട്ടുണ്ടെന്നുള്ള വിവരം ഉപകരിക്കുന്നതാണ്. പരിഷ്കൃതരാജ്യങ്ങളിൽ ഇപ്പോൾ നടത്തിവരുന്ന സെൻസസ്സു മൂലം നമുക്ക് ഈ അറിവു ലഭിക്കാൻ ഇടയായിട്ടുണ്ടുതാനും. ജനനമരണരജിസ്റ്ററുകൾ, അവയേക്കൊണ്ടുള്ള പ്രയോജനങ്ങളെക്കരുതി, ആധുനികകാലത്ത് ഏതു രാജ്യത്തും വളരെ സൂക്ഷ്മതയോടെ തയ്യാറാക്കപ്പെട്ടുവരുന്നു. ഈ കണക്കുകൾ രക്ഷാഭോഗക്കമ്പനിക്കാൎക്കും, ജനങ്ങളുടെ ആരോഗ്യസ്ഥിതിഭേദങ്ങളെക്കാണിക്കുന്നതുകൊണ്ട് ഗവമ്മെൻറിനും, വളരെ ഉപകരിക്കുന്നു. ടി കണക്കുകൾകൊണ്ടു മനുഷ്യരുടെ ജീവിതദശയിൽ ചില ഘട്ടങ്ങളിൽ മരണം കൂടുതലായും ചില ഘട്ടങ്ങളിൽ കുറവായും കാണുന്നതുകൊണ്ട് രക്ഷാഭോഗത്തിൽ ചേരേണ്ട വയസ്സു സാധാ

രണ്ടായായി ഇരുപതിൽ കുറയാതെയും നാല്പത്തിഅഞ്ചു അല്ലെങ്കിൽ അമ്പതിൽ കൂടാതേയും ഇരിക്കണമെന്ന് വ്യവസ്ഥചെയ്തിരിക്കുന്നു. ഇൻഷ്യൂറൻസ് ഏൎപ്പാടുകൾ നഷ്ടം കൂടാതെയും ഒരുവിധം ലാഭത്തോടുകൂടിയും നടത്തിപ്പോരുന്നതിനു വയസ്സിന്റെ ക്രമം അനുസരിച്ച് ഇത്ര രൂപാ അടയ്ക്കണമെന്നും മററുമുള്ള വ്യവസ്ഥകൾ ഈ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഇതുപോലെ തന്നെ ഓരോ രാജ്യത്തും ഓരോ ജീവിതഘട്ടത്തിലും അപമൃത്യുകരങ്ങളായ രോഗങ്ങളുടെ കാരണങ്ങൾ വൈദ്യശാസ്ത്രവിദഗ്ദ്ധന്മാർ കണ്ടുപിടിച്ച് ആരോഗ്യരക്ഷണാൎത്ഥം ഗവർമ്മെന്റിൽനിന്നും ചെയ്തുവരുന്ന ഏൎപ്പാടുകൾ എത്രകണ്ടു പ്രയോജനകരങ്ങളായിത്തീൎന്നിട്ടുണ്ടെന്നും മററും കാണുന്നതിനും ഈ കണക്കുകൾ ഉപകരിക്കുന്നുണ്ട്. കുറേക്കാലംമുമ്പുവരെ ൧൨൦-ം ൧൫൦-ം വയസ്സിൽ ലോകത്തിൽ അവിടവിടയായി ചില ആളുകൾ ജീവിച്ചിരുന്നു എന്നു ധാരാളം വിശ്വസിച്ചുപോന്നിരുന്നു.

എന്നാൽ കുറേക്കാലത്തെ പരിശോധനകൊണ്ട് നൂറു വയസ്സിലധികം ആളുകൾ ജീവിച്ചിരുന്നതായിട്ടു വിശ്വസിക്കാൻ പാടില്ലാതെ ആയിത്തീൎന്നിരിക്കുന്നു. അപൂൎവ്വം ചിലർ നൂററിയഞ്ചുവരെ ജീവിച്ചിരുന്നതായും തെളിഞ്ഞിട്ടുണ്ട്.

പിന്നെയും സെൻസസ്സ് കണക്കുകളിൽനിന്നും മനുഷ്യരുടെ ജീവിതത്തെപ്പററി താഴെപ്പറയുന്ന ചില സംഗതികൾ വെളിപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിലെ ജനങ്ങളുടെ ശരാശരി വയസ്സ് * അൻപത്തിരണ്ടാണെന്നു കണ്ടിരിക്കുന്നു.

---

* ഒരു ക്ലിപ്തകാലത്തിനിടയ്ക്കു (പത്തുകൊല്ലത്തിനിടയ്ക്കു) മരിച്ചിട്ടുള്ള ആളുകളുടെ ആയുസ്സുകളെ എല്ലാംകൂട്ടി കിട്ടുന്ന തുകയെ മരിച്ച ജനങ്ങളുടെ സംഖ്യകൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഫലംതന്നെയാണു് ശരാശരി വയസ്സ് എന്നു പറയുന്നതു്.

ഇതിൽനിന്നും സാധാരണമായി ഇംഗ്ലണ്ടിൽ ജനിക്കുന്ന ഒരു കുഞ്ഞു അൻപത്തിരണ്ടു വയസ്സോളം ജീവിച്ചിരിക്കാനിടയുണ്ടെന്നു കരുതാം. ഇരുപതുവയസ്സു കഴിഞ്ഞാൽ ഒരാൾ നാല്പത്തിയഞ്ചുകൊല്ലംകൂടി ജീവിച്ചിരിക്കാനിടയുണ്ടെന്നു കാണുന്നു. ഇതിൽനിന്നും ഇരുപതുവയസ്സുതികയും മുമ്പിൽ മരിക്കുന്ന ആളുകളുടെ സംഖ്യ കൂടുതലാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. നാല്പതു കഴിഞ്ഞാൽ ഇരുപത്തിയെട്ടുകൊല്ലംകൂടി ജീവിക്കുമെന്ന് ആശിക്കാം. അറുപതുകഴിഞ്ഞാൽ പതിന്നാലും ഏഴുപതു കഴിഞ്ഞാൽ എട്ടരയും തൊണ്ണൂറുകഴിഞ്ഞാൽ ഏകദേശം രണ്ടും നൂറു കഴിഞ്ഞാൽ ഒരു കൊല്ലവും ആയുസ്സു നീളുമെന്നു പ്രതീക്ഷിക്കാം.

സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ ആയുസ്സു കൂടുതലാണെന്നും വിവാഹം കഴിഞ്ഞ സ്ത്രീകൾക്കു വിവാഹം കഴിയാത്ത സ്ത്രീകളേക്കാൾ ആയുസ്സു കൂടുതലാണെന്നും കണ്ടിരിക്കുന്നു. നാട്ടുമ്പുറങ്ങളിലുള്ള കൃഷിക്കാർക്ക് അറുപതുവയസ്സു കഴിഞ്ഞാൽ സാധാരണ ജനങ്ങളേക്കാൾ മൂന്നോ നാലോ കൊല്ലത്തേക്കു് ആയുസ്സു നീണ്ടുകാണുന്നു. എന്നാൽ ആഫീസുകളിലെ എഴുത്തുജോലിക്കാർക്ക് സാമാന്യജനങ്ങളിൽനിന്നു ആയുസ്സ് സ്വല്പം കുറഞ്ഞാണു കാണുന്നതു്. പ്രസിദ്ധിനേടിയ ആളുകളുടെ ആയുസ്സും സാമാന്യരിൽനിന്നു കുറേ കുറവാണ്. ഒടുവിൽ പ്രസ്താവിച്ച സംഗതികളിൽനിന്നും ആയുസ്സ് ഓരോരുത്തന്റേയും ജോലിയുടെ സ്വഭാവം, ജീവിതരീതി, മനോഭാവം, സുഖദുഃഖങ്ങൾ, പരിശ്രമശീലം ഇവയെ ആശ്രയിച്ചിരിക്കുന്നു എന്നു തെളിയുന്നു. മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളിൽ ഓരോ ഇനത്തിന്റേയും ആയുസ്സു വ്യത്യാസപ്പെട്ടുകാണുന്നു.

പല ജന്തുക്കളുടെയും ജീവിതകാലങ്ങളെ സൂക്ഷിച്ചു നോക്കിക്കണ്ട വിവരങ്ങളിൽ ചിലതു താഴെ ചേർക്കുന്നു.

നായ്ക്കൾ പന്ത്രണ്ടുവയസ്സിൽ വാൎദ്ധക്യദശയേ പ്രാപിക്കുന്നു. പല്ലുകൊഴിച്ചിൽ (ദന്തഭ്രംശം) മുതലായ വാൎദ്ധക്യലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നു. കാട്ടിൽ സ്വേച്ഛയായി സഞ്ചാരം ചെയ്യുന്ന ശ്വാക്കൾ പല കാരണങ്ങളെക്കൊണ്ടും മിക്കവാറും ഈ വയസ്സിൽ മരിക്കയും ചെയ്യുന്നു. എന്നാൽ മനുഷ്യൻെറ രക്ഷയിൽപ്പെട്ട ശ്വാക്കൾ ഇരുപത്തിനാലുവയസ്സുവരെയും ജീവിച്ചിരുന്നതായി കണ്ടിട്ടുണ്ട്. മനുഷ്യരക്ഷയിൽപ്പെട്ട മിക്കമൃഗങ്ങൾക്കും വനങ്ങളിലുള്ള സ്വേച്ഛാസഞ്ചാരികളെക്കാൾ ആയുസ്സ് ഒട്ടുവളരെ വൎദ്ധിച്ചുകാണുന്നു.

പക്ഷികൾ അതേ വലിപ്പത്തിലുള്ള മൃഗങ്ങളേക്കാളും കൂടുതൽകാലം ജീവിച്ചിരിക്കുന്നു. കോഴി, അരയന്നം, കാക്ക, ഇവയും മാംസഭക്ഷണം കഴിക്കുന്ന ചിലപക്ഷികളും അമ്പതുകൊല്ലത്തോളം ജീവിച്ചിരിക്കുന്നു. കൂട്ടിൽ അടയ്ക്കപ്പെട്ടിരിക്കുന്ന ശുകങ്ങൾപോലും ഇരുപതു കൊല്ലത്തോളം ജീവിച്ചിരിക്കുന്നു. തത്ത (Parrot) തലയിൽ പൂവുള്ള ഒരു തരം കിളി (Cockatoo) ഇവയിൽ ചിലതു എൺപതു കൊല്ലത്തോളം ജീവിച്ചിരുന്നിട്ടുള്ളതായി കണ്ടിരിക്കുന്നു.

ജലജന്തുക്കളിൽ ആമ, ചീങ്കണ്ണി, ഇവ ഇരുനൂറുവൎഷക്കാലവും മത്സ്യങ്ങളിൽ ചിലതു നൂററിയൻപതുകൊല്ലത്തോളവും ജീവിച്ചിരുന്നതായി കണ്ടിരിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങളിൽ നിന്നും ഓരോ ഇനത്തിലുമുള്ള ജന്തുവിൻെറ ആയുസ്സ്, ജനനാൽ തന്നെ അതിൻെറ സൃഷ്ടിയനുസരിച്ച് ഒരു വിധം നിശ്ചിതമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. നിശ്ചിതകാലം കഴിഞ്ഞു ഒരു നിമിഷംപോലും ഒരു ജന്തുവിനു ജീവിച്ചിരിക്കാൻ കഴിയുന്നതല്ല.

ഉദാഹരണമായി ഒരു ഘടികാരത്തേയും ഒരു നാഴികമണിയേയും നോക്കുക. ഒരു ഘടികാരത്തിൻെറ സ്പ്രിങ്

പൂൎണ്ണമായി മുറുക്കിവച്ചാൽ അതു ൨൪ മണിക്കൂറു ഓടുന്നു. സ്പ്രിങ്ങിന്റെ ശക്തിയെക്കവിഞ്ഞു് ഘടികാരം ഓടുകയില്ല. ഒരു നാഴികമണിയിലെ സ്പ്രിങ്ങ് മുറുക്കിവച്ചാൽ ഒരാഴ്ച്ചയ്ക്കു് ഓടുന്നു. രണ്ടാഴ്ച്ചയ്ക്കു് ഓടുന്ന മണിയുംഉണ്ടു്. അതിലെ സ്പ്രിങ്ങിനു കൂടുതൽ വലിപ്പവും ശക്തിയുമുണ്ടായിരിക്കും. എന്നാൽ ഒരു ഘടികാരത്തിന്റേയോ മണിയുടേയോ ഓട്ടത്തെ അതിന്റെ സ്പ്രിങ്ങിന്റെ ശക്തിക്കൊത്ത കാലാവധിക്കു മുമ്പുതന്നെ തടഞ്ഞു നിറുത്തുന്നതിനു ചക്രങ്ങളുടെ പിണക്കം, കോട്ടം, തുരുമ്പു മുതലായ ദോഷങ്ങൾ ഉണ്ടായേക്കാം. ഒരു ഘടികാരത്തെപ്പോലെ ഓരോ ജന്തുവിനും ജനനാൽതന്നെ ഒരു കണക്കിൽ ജീവശക്തി നല്കപ്പെട്ടിരിക്കുന്നു. ലോകത്തിലുള്ള മററുശക്തികളിൽ നിന്നും പ്രതിബന്ധങ്ങളോ ദോഷങ്ങളോ വരാതിരിക്കുന്നപക്ഷം ഓരോ ജീവിയും അതിന്റെ ആയുസ്സിന്റെ പരമാവധിക്കു ചെല്ലും. ഒരു ജന്തുവിനും തന്റെ ജീവിതത്തിന്റെ പരമാവധിയെ പ്രതിബന്ധംകൂടാതെ പ്രാപിക്കുന്നതു് അത്ര സുകരമല്ല. മനുഷ്യരുടെ കഥയും അങ്ങനെതന്നെ.

മനുഷ്യരുടെ ദീൎഘായുസ്സു ൧൦൦ എന്നു പറഞ്ഞതുകൊണ്ടു നൂറുവയസ്സിനെ മനുഷ്യായുസ്സിന്റെ പരമാവധിയായി ഗണിക്കാൻ പാടില്ല. ദേഹത്തേയും മനസ്സിനേയും സദാ ബാധിച്ചുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾ ഏതെങ്കിലുംപ്രകാരത്തിൽ കുറയ്ക്കാമെങ്കിൽ അത്രയ്ക്കും മനുഷ്യന്റെ ആയുസ്സും ദീൎഘിക്കാനിടയുണ്ടു്. ഏതായാലും ഒരു ജന്തുവിന്റെ ജീവിതകാലം അതിനു ജനനാൽ സിദ്ധിച്ചിട്ടുള്ളതായ ജീവശക്തിക്കു പുറമേ പരിതഃസ്ഥിതികളാലും യദൃച്ഛാസംഭവങ്ങളാലും നിയതമാകുന്നു. അതുകൊണ്ടാണു മനുഷ്യരും മററു ജന്തുക്കളും പലപ്പോഴും അല്പായുസ്സുകളായിത്തീരുന്നതു്.

പിന്നെയും ഏതു ജന്തുവിനും ചില വയസ്സു കഴിഞ്ഞാൽ ജരവന്നുകൂടുന്നു. ജര എന്നതു ശരീരത്തിൽ കാല

ക്രമത്താൽ ഉണ്ടാകുന്ന ഒരു മാററമാകുന്നു. ഇതോടുകൂടി മാംസപേശ്യാദികൾക്കു ബലക്കുറവും ശരീരത്തിനു ക്ഷീണവും ഉണ്ടാകുന്നു. അജാഗ്രതകൊണ്ടും ആഹാരവിഹാരാദി വ്യാപാരങ്ങളുടെ നിയമാഭാവംകൊണ്ടും രോഗങ്ങളും ഉണ്ടാകുന്നു. ശരീരത്തിന്റേയും മനസ്സിന്റേയും ക്ലിഷ്ടതകൊണ്ടുണ്ടാകുന്ന ദേഹത്തിലെ ധാതുനഷ്ടങ്ങളാണ് വയസ്സുകാലത്ത് അസ്വാസ്ഥ്യത്തേയും വേദനയേയും ഉണ്ടാക്കി മരണത്തിനും കാരണമായിത്തീരുന്നത്.

വാൎദ്ധക്യംപ്രാപിച്ച് യാതൊരു പ്രവൃത്തിക്കും, ശക്തിയില്ലാതെ ലോകരംഗത്തിൽനിന്നും എന്നല്ല ഗാൎഹസ്ഥ്യനിലയിൽനിന്നും നിവൎത്തിക്കേണ്ടിവരുന്നകാലത്ത്, ഒരു മനുഷ്യന്റെ മനോഭാവം എന്തായിരിക്കുമെന്ന് ഒന്നാലോചിക്കാം. തന്റെ കൃത്യനിൎവ്വഹണമെല്ലാം കഴിഞ്ഞു് ലോകത്തിലെ ബഹുമാനത്തിനും ബന്ധുമിത്രങ്ങളുടെ സ്നേഹാദരങ്ങൾക്കും പാത്രീഭവിച്ചിട്ടുള്ള ഒരാളിനുപോലും ജീവസന്ധാരണം ഈ ദശയിൽ അതികഷ്ടമായിട്ടാണു തോന്നുന്നത്. എന്തെന്നാൽ ഏതു മനുഷ്യനും ഏതുകാലത്തും സ്വാഭിപ്രായത്തിനു പ്രത്യേകം വിലവയ്ക്കുന്നു. എന്നാൽ ഇതരജനങ്ങൾ ആ അഭിപ്രായത്തെ ഒരുകാലത്തും ആവശ്യപ്പെടുകയോ ആദരിക്കയോ ചെയ്യുക സാധാരണമല്ല. അതുകൊണ്ടു തനിക്കു ലോകത്തിൽ ഒരു നിലയോ വിലയോ ഇല്ലെന്നും ഭൂമിക്കു കേവലം ഒരു ഭാരമായിട്ടുമാത്രമേ മററാളുകൾ തന്നേ ഗണിക്കുന്നുള്ളു എന്നും വയോവൃദ്ധനു തോന്നിപ്പോകുന്നു. വൃദ്ധന്മാൎക്കു ചെറുപ്പക്കാരോടുകൂടി അവരുടെ അഭിലാഷങ്ങളിലും ഭോഗാദികളിലും അനുഭാവമുണ്ടായി സന്തോഷിക്കുന്നതിനു പ്രാപ്തിയില്ലാതെ വരുന്നതോടുകൂടി അവർ അസൂയാലുക്കളായിട്ടുപോലും തീരുന്നു.

ജരയും അശക്തതയും ദേഹത്തെ ബാധിക്കുന്നതോടുകൂടി അവ മനസ്സിന്റെ ഉന്മേഷത്തേയും ധൈൎയ്യത്തേയും

കുറച്ച് ഒരു പുരുഷനെ ജഡപ്രായമാക്കിത്തീർക്കുന്നു. ഇതെത്ര കഷ്ടം! വാൎദ്ധക്യാവസ്ഥയെപ്പററി ആത്മജ്ഞാനിയായിത്തീൎന്ന ഭർത്തൃഹരി ഈ വിധം പറഞ്ഞിരിക്കുന്നു:—

ഗാത്രം സങ്കുചിതം ഗതിർവ്വിഗളിതാ,
ഭ്രഷ്ടാ ച ദന്താവലിഃ
ദൃഷ്ടിർന്നശ്യതി വർദ്ധതേ ബധിരതാ
വക്ത്രം ച ലാലായതേ;
വാക്യം നാദ്രിയതേ ച ബാന്ധവജനോ
ഭാര്യാ ന ശുശ്രൂഷതേ
ഹാ കഷ്ടം പുരുഷസ്യ ജീർണ്ണവയസഃ
പുത്രോഽപ്യമിത്രായതേ.

നിവൃത്താ ഭോഗേച്ഛാ പുരുഷബഹുമാനോഽപി ഗളിത-
സ്സമാനാഃ സ്വര്യാതാസ്സപദി സുഹൃദോ ജീവിതസമാഃ,
ശനൈര്യഷ്ട്യുത്ഥാനം ഘനതിമിരരുദ്ധേ ച നയനേ
അഹോ മൂഢഃ കായസ്തദപി മരണാപായ ചകിതഃ.

വാൎദ്ധക്യദശയെ പ്രാപിച്ചു ജീവിച്ചിരിക്കുന്ന ഒരു മനുഷ്യന്റെ ജീവിതം ഈവിധമൊക്കെ ആയിരുന്നാലും അവനു ഇഹലോകജീവിതം വെടിയുന്നതിലുള്ള വൈമനസ്യവും സങ്കടവും അസാമാന്യമായിത്തന്നെയിരിക്കുന്നു. ഇതു ഒരു വൈചിത്ര്യം തന്നെ.

അതിയായ സങ്കടം അനുഭവിച്ചുകൊണ്ടെങ്കിലും ജീവിച്ചിരിക്കണമെന്നുള്ള മോഹത്തിനു കാരണമെന്തായിരിക്കുമെന്ന് ഒന്ന് ആലോചിച്ചുനോക്കാം. മരിച്ചാൽ പിന്നീടുള്ള കഥയെപ്പററി നിൎണ്ണയമായ ഒരു രൂപവുമില്ല. എന്നാൽ ബാല്യംമുതൽക്കു കേട്ടിട്ടുള്ള കഥകൾ മനുഷ്യരുടെ മനസ്സിൽ പററി നില്ക്കുന്നു. മനുഷ്യരുടെ ഇഹലോകജീവിതക്രമം അനുസരിച്ചു അവർ സ്വൎഗ്ഗത്തിലോ നരകത്തിലോ

ചെല്ലുമെന്നോ അല്ലെങ്കിൽ ഉൽകൃഷ്ടമനുഷ്യരായോ നികൃഷ്ട ജന്തുക്കളായോ വീണ്ടും ജനിക്കുമെന്നോ ഉള്ള കഥകളെ പൊളിവാക്കുകളായി തള്ളിക്കളയാൻ ആക്കും അവസാനഘട്ടത്തിൽ സാധിക്കുന്നതല്ല. തനിക്കു സ്വർഗ്ഗംതന്നെ, അല്ലെങ്കിൽ ഇതിലും ഉൽകൃഷ്ടമായ മനുഷ്യജന്മം തന്നെ, എന്നു തീർച്ച്യാക്കി ഉറച്ചുനിൽക്കുന്നതിനും ആക്കും ധൈര്യ്യം ഇല്ല. കൂടാതെയും ജീവിതത്തിലെ ആശാപാശങ്ങൾ സ്വബോധമുള്ളിടത്തോളം കാലം മനുഷ്യനെ വിട്ടുമാറുന്നുമില്ല. "എന്റെ ജീവിതോദ്ദേശം മുഴുവനും സാധിച്ചുകഴിഞ്ഞിട്ടില്ല. എന്റെ കുട്ടിയുടെ പഠിത്തം അവസാനിച്ചിട്ടില്ല. ഒരു കുട്ടിക്ക് ഉദ്യോഗം ലഭിച്ചിട്ടില്ല. ഒരു കുട്ടിക്കു വിവാഹം കഴിഞ്ഞിട്ടില്ല. ഞാൻ കണക്കുകൾ എല്ലാം ശരിയാക്കി വച്ചിട്ടില്ല. ചിലക്കു പണം കൊടുക്കാനുണ്ട്; ചിലർ പണം തരുവാനുണ്ട്. വിലയ്ക്കു വാങ്ങിയ വസ്തു കൈവശമായിട്ടില്ല. ഫലം എടുത്തിട്ടില്ല. കുറെ ധർമ്മങ്ങൾ ചെയ്യാനുണ്ട്. ഞാൻ കഷ്ടങ്ങൾ ധാരാളം അനുഭവിച്ചു കഴിഞ്ഞു. മക്കൾക്ക് ഇപ്പോൾ പൌരുഷം വന്നിട്ടുണ്ട്. സുഖം അനുഭവിക്കാനുള്ള കാലം ആസന്നമായിരിക്കുന്നു. ഇപ്പോൾ ഞാൻ മരിക്കയാണെങ്കിൽ എത്ര കഷ്ടം ദൈവമേ! ഇപ്പോഴത്തെ അപകടത്തിൽനിന്നു ഈ ഒരു തവണയ്ക്കും എന്നെ രക്ഷിക്കണേ. എന്നാൽ ഞാൻ അനുഗ്രഹീതനായി." എന്നെല്ലാം വിലപിച്ചു മിക്ക മനുഷ്യരും ഖേദിക്കുന്നു. ജീവിതത്തിൽ മനുഷ്യനുള്ള ഈ ആസക്തിയേ നിന്ദിച്ചു നിരസിക്കുന്നതും ന്യായമല്ല. ജീവിതത്തിൽ ആസക്തി സ്വതസ്സിദ്ധമാണല്ലോ. അതില്ലെങ്കിൽ ജീവികൾ ആത്മരക്ഷാപ്രവൃത്തികളിൽ നിന്നു വിരമിച്ച് എളുപ്പം നശിച്ചുപോകാനിടയാകുന്നതാണല്ലോ. മനുഷ്യവർഗ്ഗംതന്നെ ആകപ്പാടെ നശിച്ചു തീരെ നഷ്ടമായി പോകുന്നതിനും ഇടയായേക്കാം. ജീവിതത്തിൽ കഷ്ടം അനിവാര്യമായ ഒരു സംഗതിയാണ്. ഒരു കാലത്തെങ്കിലും കഷ്ടം അനുഭവിക്കാത്ത മനുഷ്യനി

ല്ല. എന്നാൽ ഈ കഷ്ടദശയേ തരണം ചെയ്തു ജീവിക്കണമെന്നുള്ള ആശ ആരെയും വിട്ടുന്നുമില്ല. ഈ ആശയെ ജനിപ്പിക്കുന്നതും ശക്തിമത്താക്കിത്തീക്കുന്നതും, ഭാവിയിൽ സുഖവും ഭാഗ്യവും നമ്മുടെ പ്രയത്നം കൊണ്ടും ദൈവാനുഗ്രഹത്താലും വന്നുചേരുമെന്നുള്ള ദൃഢമായ വിശ്വാസം തന്നേയാണു്.

ഈ വിശ്വാസം അടിസ്ഥാനരഹിതവുമല്ല. പലക്കും ജീവിതത്തിൽ ഓരോകാലങ്ങളിൽ പല പല കഷ്ടനഷ്ടങ്ങളെ അനുഭവിച്ചതിൽ പിന്നീട് അവസാനത്തിൽ സുഖമായും സമാധാനത്തോടും കാലം കഴിച്ചുകൂട്ടാൻ ഇടയായിട്ടുണ്ടു്. അതുകൊണ്ടു് ഈ വിശ്വാസം വാൎദ്ധക്യദശയിലും രോഗത്തിൻെറ കാഠിന്യംകൊണ്ടു മരണം ആസന്നമായിരിക്കുമ്പോഴും ബോധംകെടുന്നതുവരെ നില്ക്കുന്നു. ഇതിൽ ഒട്ടും ആശ്ചൎയ്യപ്പെടാനില്ലല്ലോ. ജീവിതാരംഭംമുതല്ക്കു വളൎന്നു് ബലവത്തായിത്തീൎന്നിട്ടുള്ള ഈ മനോഭാവം നശിക്കേണ്ടതു തന്നെയാണോ? നശിക്കുന്നതു് എളുപ്പമാണോ? ഭാവിയേക്കുറിച്ചുള്ള ആശയും വിശ്വാസവും തന്നെയാണു് അനേകംപേൎക്കു് അന്ത്യകാലത്തു പരലോകത്തെ സംബന്ധിച്ചും ആശ്വാസത്തേയും, സമാധാനത്തേയും നൽകുന്നതു്.

കഴിയുമെങ്കിൽ വാൎദ്ധക്യംകൊണ്ടുള്ള കഷ്ടതകളേയും യഥാകാലം ജീവിച്ചിരുന്നശേഷം മരണഭയത്തേയും ഒഴിക്കതന്നെ വേണം. നമ്മുടെ ജീവിതകാലത്തെ നൂറുകൊല്ലത്തിലധികം നീട്ടിക്കൊണ്ടു പോകുന്നതിനു വല്ല മാൎഗ്ഗവുമുണ്ടോ എന്നല്ലാ നാം ആലോചിക്കേണ്ടതു്. ഒരു മനുഷ്യൻെറ പൂൎണ്ണവയസ്സായി വിചാരിച്ചുപോരുന്ന നൂറു കൊല്ലത്തേക്കു്, വാൎദ്ധക്യദശയിൽ ഇപ്പോൾ കണ്ടുവരുന്ന അശക്തതയും അരിഷ്ടതകളും കൂടാതെ ജീവിച്ചിരിക്കുന്നതിനും ജീവാവസാനംവരെ യഥാശക്തി പ്രവൎത്തിച്ചുകൊണ്ടും ഉപാധികൂടാതെ ക്രമമായി ആഹാരം ചെയ്തുകൊണ്ടും ജീവിക്കുന്നേ

തിനും വല്ല മാൎഗ്ഗവുമുണ്ടോ എന്നാണു് നാം ആലോചിക്കേണ്ടതു്. ഇത്രയും സാധിക്കുമെങ്കിൽ, ദിവസേന വിശ്രമാൎത്ഥം മനുഷ്യൎക്കുണ്ടാകുന്ന നിദ്രപോലെ തന്നെ സഹജമായിത്തീരും മരണവും.

അപൂൎവ്വമായിട്ടെങ്കിലും ചില ആളുകൾ മരണത്തെപ്പറ്റിയുള്ള ആശങ്ക കൂടാതെ തന്നെ സ്വല്പമായ അസ്വാസ്ഥ്യമോ ആലസ്യമോ കൊണ്ടുമാത്രം ജീവിതത്തെ അവസാനിപ്പിക്കുന്നു. അവരെ ഭാഗ്യവാന്മാരായിട്ടും നാം കരുതുന്നു. തപോനിഷ്ഠരായ മഹാന്മാരുടെ ഗതി ഇതിലും വിശേഷമായിട്ടാണു നാം കേട്ടിട്ടുള്ളതു്. ഒരുദിക്കിൽനിന്നു മറ്റൊരു ദിക്കിലേക്കു യാത്രപറഞ്ഞു പിരിയുന്ന മട്ടിലാണു് അവരുടെ പരലോകയാത്ര. ദേഹവിയോഗത്തിനു കാലം അടുത്തിരിക്കുന്നു. ഒന്നോ രണ്ടോ ദിവസമോ മണിക്കൂറോ മാത്രമേയുള്ളു എന്നുള്ള മുന്നറിവോടുകൂടിയും ആണു് അവരുടെ യാത്ര. എന്നാൽ അതു് അവരുടെ ശരീരത്തിനോ മനസ്സിനോ വൈകല്യമോ സങ്കടമോ ലേശംപോലും ഉണ്ടാകുന്നില്ല. ലോകക്ഷേമത്തേയും സായൂജ്യലബ്ധിയേയും മാത്രം ലാക്കാക്കി ജീവിച്ചിട്ടുള്ള മഹാന്മാൎക്കു സായൂജ്യപദവി ആസന്നമായിരിക്കുന്ന അവസരത്തിൽ ഇഹലോകവാസം വെടിയുന്നതു് ഒരു നഷ്ടമായിട്ടോ കഷ്ടമായിട്ടോ തോന്നാനിടയുണ്ടോ? സ്വൎഗ്ഗസാമ്രാജ്യത്തെ പ്രാപിക്കാൻ പോകുന്നതായ അവസരത്തിൽ കുരിശിലെ ആരോഹണം ക്രിസ്തുദേവനു കഷ്ടമായിരുന്നുവോ? ഇങ്ങനെയുള്ള മനോഭാവം അവരുടെ അനുഭവസിദ്ധങ്ങളായ കാൎയ്യങ്ങളെക്കൊണ്ടു മഹാന്മാൎക്കു മാത്രമേ ലഭിക്കുവാൻ സാധിച്ചിട്ടുള്ളു. മുൻ വിവരിച്ച വാൎദ്ധക്യാരിഷ്ടതകളെ പരിഹരിക്കുന്നതിനു മഹാന്മാരുടെ ജീവിതരീതി ഉത്തമസരണിതന്നെയാണു്. എന്നാൽ ആയതു സാധാരണ ജനങ്ങൾക്കു അനുകരിക്കുവാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. അല്ലെങ്കിൽ ജ്ഞാനവും വിവേകവും സമ്പാ

ദിച്ചിട്ടുള്ള അനേകം ജനങ്ങൾ അത്തരം ജീവിതം നയിച്ചു സുഖികളായിത്തീൎന്നേനേ.

ഇനി ആലോചിക്കേണ്ടതു് നവീനശാസ്ത്രപരിജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തി ജീവാവസാനംവരെ വാൎദ്ധക്യദശയിലുള്ള ക്ലേശങ്ങൾക്കു വശപ്പെടാതെ മനുഷ്യനു ജീവിക്കുന്നതിനു സാദ്ധ്യമാണോ എന്നാണു്. വൈദ്യശാസ്ത്രാഭിവൃദ്ധിമൂലം കാരണങ്ങൾ അറിഞ്ഞു പരക്കെ വ്യാപിക്കാനിടയുള്ളതായ എത്രയോ രോഗങ്ങളെ തടഞ്ഞു പൊതുജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കപ്പെട്ടിട്ടുണ്ടു്. വിവിധങ്ങളായ രോഗങ്ങൾക്കു വശമായി വലഞ്ഞു സഹിക്കാൻ വഹിയാത്ത വേദനയനുഭവിച്ചു വന്നിരുന്ന എത്ര ആളുകൾ നവീനശാസ്ത്രജ്ഞാനപ്രയോഗംമൂലം സസുഖം രക്ഷിക്കപ്പെട്ടിട്ടുണ്ടു് അതുപോലെതന്നെ വാൎദ്ധക്യദശയ്ക്കു കാരണമാകുന്ന സംഗതികൾ എന്തെല്ലാമാണെന്നു സൂക്ഷ്മമായി അറിയാൻ കഴിയുമെങ്കിൽ അതിന്റെ നിവാരണമാൎഗ്ഗങ്ങളും എളുപ്പം കാണാവുന്നതാണു്.

ജന്തുക്കൾക്കു് ആഹാരവിഷയാദികൾ മാത്രമേയുള്ളു. അവ മിതമായിരിക്കാനേ തരമുള്ളു. എത്രതന്നെ ശ്രമിച്ചാലും ആവശ്യത്തിലധികം ആഹാരസാധനങ്ങൾ ലഭിക്കുക എന്നതു് അപൂൎവ്വമാണു്. ജന്തുക്കൾക്കു തങ്ങളുടെ ജീവിതത്തിനു വിരുദ്ധങ്ങളായ പരിതഃസ്ഥിതികളേയും ശത്രുക്കളേയും നിരോധിക്കുന്നതിനോ, നിരാകരിക്കുന്നതിനോ അല്ലെങ്കിൽ അവയെ ജയിക്കുന്നതിനോ വേണ്ട ശക്തികൾ സ്വതേതന്നെയുണ്ടു്. ഇവ പരിചയംകൊണ്ടു വൎദ്ധിച്ചുവരികയുംചെയ്യുന്നു. എന്നാൽ ഇവ ക്ഷയിച്ചുതുടങ്ങുമ്പോൾ, ജന്തുക്കൾ എളുപ്പം നാശത്തെ പ്രാപിക്കയും ചെയ്യുന്നു. അതുകൊണ്ടു ജന്തുക്കൾ സാധാരണമായി രോഗബാധകളെക്കൊണ്ടോ വാൎദ്ധക്യാരിഷ്ടതകളെക്കൊണ്ടോ സങ്കടപ്പെടാ

തെ യഥാശക്തി പ്രവൎത്തിച്ചുതന്നെ ജീവാവസാനംവരെ കഴിച്ചുകൂട്ടുന്നു.

മനുഷ്യനു വിശേഷജ്ഞാനം ലബ്ധമായതോടുകൂടി ജീവിതക്രമം മാറാനിടയായിട്ടുണ്ട്. ആത്മരക്ഷ മാത്രമല്ല മനുഷ്യൻ കരുതുന്നത്. കുടുംബാംഗങ്ങളുടെ രക്ഷയേയും ആത്മരക്ഷയെപ്പോലെതന്നെ ജീവാവസാനംവരെ അവൻ കരുതുന്നുണ്ട്. ഓരോ അംഗങ്ങൾക്കു വരുന്ന സങ്കടങ്ങളേയും തനിക്കു വന്നതുപോലെ കരുതി അവൻ ഖേദിക്കുന്നു. കാലഗതിഭേദങ്ങളറിഞ്ഞു ഭാവിയെ ചിന്തിച്ചു പ്രവൎത്തിക്കുന്നു. ഉദ്ദിഷ്ടകാൎയ്യങ്ങൾ സാധിച്ചില്ലെങ്കിലും ക്ലേശംതന്നെ. അറിവുവൎദ്ധിക്കുന്നതോടുകൂടി മനുഷ്യന്റെ ആഗ്രഹങ്ങളും വൎദ്ധിക്കുന്നു. ഇവയെല്ലാം ആജീവനാന്തം വിശേഷസുഖത്തിനും കഷ്ടത്തിനും കാരണങ്ങളായിത്തീൎന്നിട്ടുണ്ട്. സുഖാനുഭവങ്ങൾ പലതരത്തിൽ വൎദ്ധിച്ചിട്ടുണ്ട്. അമിതഭോഗങ്ങൾക്കും തന്നിമിത്തമുണ്ടാകാവുന്ന രോഗങ്ങൾക്കും മനുഷ്യൻ എളുപ്പം വശമായിത്തീൎന്നിട്ടുമുണ്ട്. മനുഷ്യന്റെ അനുകമ്പയും സ്നേഹവും കുടുംബത്തോടുകൂടി അവസാനിക്കുന്നില്ല. തന്നിമിത്തം കൂടുതൽ പരിശ്രമം വേണ്ടിയിരിക്കുന്നു. സാമുദായികരക്ഷകൊണ്ടു അതിലെ ഓരോ അംഗങ്ങൾക്കും ബലവും ജീവിതസൌകൎയ്യവും സിദ്ധിക്കുന്നുമുണ്ട്. ഏവംവിധേന വിശേഷജ്ഞാനാവിർഭാവത്തോടുകൂടി മനുഷ്യന്റെ ജീവിതലോകം, ദീർഘദർശിത്വംകൊണ്ടും സാമുദായികഘടനകൊണ്ടും, വിപുലമായും രമണീയമായും തീൎന്നിട്ടുണ്ട്. എന്നാൽ അല്പജ്ഞാനംകൊണ്ടും സംകുചിതഹൃദയംകൊണ്ടും മനുഷ്യർ വളരെ കഷ്ടതകൾ അനുഭവിച്ചുവരുന്നു. പൂൎണ്ണജ്ഞാനവും വിശാലഹൃദയവുംകൊണ്ട് ഇവ പരിഹരിക്കാവുന്നതും, നിരോധിക്കാവുന്നതുമാണെന്നാണ്, മഹാന്മാരുടെ അഭിപ്രായം. "ആത്മവൽ സൎവ്വഭൂതാനി യഃ പശ്യതി സ പണ്ഡിതഃ." പൂൎണ്ണജ്ഞാനം കൊണ്ടു വരേണ്ടതായ ഭൂതദയ

ഉൽപന്നമാകുമ്പോൾ മാത്രമേ, ഈ അവസ്ഥ മനുഷ്യനു ലഭിക്കയുള്ളൂ.

ശാസ്ത്രീയജ്ഞാനം വർദ്ധിച്ചുവരുന്തോറും, കാരണമറിഞ്ഞു്, വാർദ്ധക്യാവസ്ഥയിലെ സങ്കടങ്ങളെ നിരോധിക്കുന്നതിനു സൌകര്യമുണ്ടാകുന്നതാണ്. ഒരു കാലത്തു്, അത്രയും ജ്ഞാനം, നമുക്കു സിദ്ധിക്കുകതന്നെ ചെയ്യുമെന്നും ആശിക്കാം. ഇപ്പോൾ നാം ആ നിലയ്ക്കു വന്നിട്ടില്ലെന്നേയുള്ളൂ. ഏതുകാര്യത്തിലും വേണ്ട, അറിവു സമ്പാദിച്ചാൽ മാത്രം പോരാ. ആയറിവിനെ പ്രായോഗികമാക്കുകയും അതനുസരിച്ചു പ്രവർത്തിച്ചു് ഉൽകൃഷ്ടജീവിതത്തെ പ്രാപിക്കയും വേണം. അതിലും ക്ലേശമുണ്ടു്. ഓരോരുത്തനും സിദ്ധിച്ചിട്ടുള്ള അറിവിനൊത്തു പ്രവർത്തിച്ചാൽ അനേകകഷ്ടങ്ങൾക്കു് ഇപ്പോൾതന്നെ നിവൃത്തിയുണ്ടെന്നു കാണാം: അന്യർ നമ്മുടെ ക്ഷേമത്തെക്കരുതി പ്രവർത്തിക്കയാണെങ്കിൽ ആയതു് അത്ര ഫലവത്തായി വരുന്നതല്ല. സ്വപ്രയത്നത്താൽ മാത്രമേ കഷ്ടനിവാരണം സാദ്ധ്യമാകയുള്ളൂ. അന്യപ്രയത്നത്താൽ നിവൃത്തിമാത്രമേ ലഭിക്കയുള്ളൂ. ഏതായാലും അറിവില്ലായ്മകൊണ്ടുണ്ടാകുന്ന കഷ്ടങ്ങൾ അമേയമായും, അറിവിരുന്നിട്ടും വരുന്നവ, വളരെ പരിമിതമായിട്ടുമേ വരാൻ തരമുള്ളൂ. ജ്ഞാനസമ്പാദനം ഏതുവിധം നോക്കിയാലും ക്ഷേമജനകമായ പ്രവൃത്തിതന്നെയാണ്.

ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ള അറിവിനെ വച്ചുകൊണ്ടു്, വാർദ്ധക്യദശയിലെ കഷ്ടതകളെ എത്രത്തോളം പരിഹരിക്കാമെന്നു ചിന്തിക്കാം.

ജീവാവസാനംവരെ ആരോഗ്യസ്ഥിതിയിൽതന്നെ കഴിച്ചുകൂട്ടുന്നതിനുണ്ടാകുന്ന തടസ്സം, ഒന്നാമതായി പല്ലിനു കേടു പററുക, പല്ലു കൊഴിയുക, തന്നെ. മദ്ധ്യവയസ്സു കഴിഞ്ഞാൽ, മനുഷ്യനു താഴെയുള്ള ഉയർന്നതരം മൃഗങ്ങളുടെ

മരണത്തിന മുഖ്യകാരണം ഇതുതന്നെയാകുന്നു. കരടി, കടുവാ, സിംഹം, ചെന്നായ് മുതലായ മാംസഭുക്കുകൾക്കു പല്ലു എളുപ്പം നഷ്ടമായിപ്പോകുന്നു. അവയുടെ ഇരയാകുന്ന ജന്തുക്കളെ പിടിക്കുന്നതിനോ ശത്രുക്കളെ എതിക്കുന്നതിനോ അവയ്ക്കു ശക്തിയില്ലാതെയായിത്തീരുന്നു. തൃണഭുക്കുകളായ കുതിര, പശു, ആടു, മാൻ ഇവകൾക്കു പല്ലുനഷ്ടമാകുമ്പോൾ, ആഹാരംവേണ്ടുവോളം കടിച്ചുപറിച്ചെടുക്കാനും, ചവച്ചു പാകപ്പെടുത്താനും, സാധിക്കാതെ, ക്ഷീണം വൎദ്ധിക്കയും, ശത്രുക്കളെ എതിക്കുന്നതിനോ, അവരിൽ നിന്നൊഴിയുന്നതിനോ, കഴിവില്ലാതെ വരികയുംചെയ്യുന്നു. അതോടുകൂടി യമപുരിയിലേക്കുള്ള യാത്രയും എളുപ്പംകഴിയുന്നു. മനുഷ്യന്റെ അവസ്ഥയും പുരാതനകാലത്തു ഇതുതന്നെയായിരുന്നിരിക്കണം. എന്നാൽ ജ്ഞാനാഭിവൃദ്ധിയോടുകൂടി രുചിരുചിഭോഗാദികളിൽ ആസക്തിവൎദ്ധിച്ചു മനുഷ്യർ ആഹാരാദികൾ വേവിച്ചും പലവിധത്തിൽ പാകംചെയ്തും കഴിച്ചുതുടങ്ങി. ആയതുകൊണ്ടു പല്ലിന മററു മൃഗങ്ങളെപ്പോലെതന്നെ അത്ര എളുപ്പം കേടു പററുന്നില്ല. അഥവാ കേടുപററിയാലും ദേഹസ്ഥിതിക്കു തക്കവണ്ണം ആഹാരത്തെ പക്വമാക്കിയും നിയന്ത്രിച്ചും ദേഹത്തിന എളുപ്പം ക്ഷീണം തട്ടാതെ സൂക്ഷിക്കുന്നതിന മനുഷ്യന സാധിക്കുന്നു. അതുകൊണ്ടു പല്ലിനവരുന്ന കേടു അല്ലെങ്കിൽ അതിന്റെ കൊഴിച്ചിൽ മനുഷ്യന്റെ മരണത്തിന മുഖ്യകാരണമാകുന്നില്ല.

രണ്ടാമതായി ആരോഗ്യത്തിന വിഘാതകമായിത്തീരുന്നതു രക്തനാഡികളുടെ സംകോചവികാസശക്തികളുടേയും തലച്ചോറു, ഞരമ്പു ഇവയുടെ ചേതനാ (പ്രബോധനാ)ശക്തികളുടേയും കാലകം(Liver) കരള്(Kidneys) ലാലമണി Saliva മുതലായ ഇന്ദ്രിയങ്ങളുടെ രസോൽപ്പാദകശക്തികളുടേയും ക്ഷയംതന്നെ. മേൽ വിവരിച്ച അംഗങ്ങളിലെ ജീവാണുക്കൾ വളരെ നേരിയവയും ഉയന്ന തരത്തിലുള്ളവയും

ആണ്. എല്ല്, മാംസപേശികൾ മുതലായ മററു ഭാഗങ്ങൾ നാരുപോലെയുള്ളതും ഉറപ്പുള്ളതുമായ പദാൎത്ഥങ്ങളെക്കൊണ്ടു നിൎമ്മിതങ്ങളായി ഇന്ദ്രിയാദികളെ താങ്ങിക്കൊണ്ടും മൂടിക്കൊണ്ടും ദേഹത്തിൽ വ്യാപിച്ചുകിടക്കുന്നു. ഇവ അത്ര നേരിയവയോ ഇതരപദാൎത്ഥസമ്പൎക്കത്താൽ മാറുന്നവയോ അല്ലാ. എന്നാൽ ഇവയിൽ മുൻവിവരിച്ച ഉയൎന്നതരം അണുക്കളെ ഗ്രഹിക്കുന്നതിനും നശിപ്പിക്കുന്നതിനും ശക്തിയുള്ള ഒരുതരം ഭക്ഷകാണുക്കൾ ഉണ്ട്. ഈ ഭക്ഷകാണുക്കൾ രക്തത്തിൽ കാണുന്ന ശ്വേതാണുക്കൾ തന്നെ. ഇവ നേരിയ അണുക്കളുടെ ഗുണങ്ങളെ കെട്ടുത്തു തങ്ങളെപ്പോലെതന്നെ ചൈതന്യവും ചലനവും കുറഞ്ഞ വകയാക്കിത്തീൎക്കുന്നു. അതുകൊണ്ട് ഭക്ഷകാണുക്കളുടെ ശക്തിയെ കുറയ്ക്കുകയോ നേരിയ അണുക്കളുടെശക്തിയെ കൂട്ടുകയോ ചെയ്യാമെങ്കിൽ ശരീരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം കേടുകളെ നമുക്കു തടയാമെന്നു നിശ്ചയിക്കാം. ഇതെങ്ങിനെയാണ് സാധിക്കേണ്ടതെന്നുള്ളത് ഒരുപ്രത്യേകവിചാരണയ്ക്കുവിഷയമായിരിക്കുന്നു.

ഈ വിചാരണയിൽ തെളിഞ്ഞിട്ടുള്ള ചില സംഗതികളെ മാത്രം ഇവിടെ പ്രസ്താവിക്കാം.

൧. നാം ഉൾക്കൊള്ളുന്ന ദോഷയുക്തങ്ങളായ ചില സാധനങ്ങൾ തലച്ചോറിന്റേയും രക്തനാഡികളുടേയും മററിന്ദ്രിയങ്ങളുടേയും ശക്തിയെ കുറയ്ക്കുന്നു. ഇവയിൽ പ്രഥമമായി നില്ക്കുന്നതു മദ്യം തന്നെയാണ്.

൨. രണ്ടാമതായി കാണുന്ന ദോഷം വിഷയത്തിൽ നിന്നുണ്ടാകുന്ന (ഉപദംശ) രോഗബീജങ്ങളുടെ വ്യാപ്തിയാകുന്നു.

൩. മൂന്നാമതായി ഗണിക്കേണ്ടവ ദഹിച്ചു രക്തത്തോടു ചേരാതേയും ദഹിക്കാതെയും വലിയ കുടലിൽ കിട

ക്കുന്ന ആഹാരത്തിൻെറ അവശിഷ്ടം ചീഞ്ഞുണ്ടാകുന്ന വിഷബീജങ്ങളാണ്.

ഈ മൂന്നു തരത്തിലുള്ള വിഷമയങ്ങളായ ബീജങ്ങൾ നിമിത്തമാണ് തലച്ചോറു മുതലായ അധികം ജീവസ്സുള്ള പദാൎത്ഥങ്ങളുടെ ശക്തിയും യോഗ്യതയും കുറഞ്ഞ് വാൎദ്ധക്യദശയിലെ ശരീരക്ഷയവും ക്ഷീണവും ഉണ്ടാകുന്നത്. ആദ്യത്തെ രണ്ടു കാരണങ്ങളും നമ്മുടെ കരുതലുകൾ കൊണ്ടു എളുപ്പം നീക്കാവുന്നതാണ്. മദ്യപാനം വളരെ കുറയ്ക്കാം. നിവൃത്തുകയും ചെയ്യാം. ഉപദംശത്തിൻെറ ബാധയും ഈ രോഗം പിടിപെട്ടു നില്ക്കുന്ന ആളുകളുടെ സംസൎഗ്ഗം ഒഴിയുന്നതുകൊണ്ടു തടയാം.

മദ്ധ്യവയസ്സുകഴിഞ്ഞു യദൃച്ഛാസംഭവങ്ങൾകൊണ്ടല്ലാതെയുള്ള മരണങ്ങളിൽ ഏകദേശം പകുതിഭാഗവും മദ്യപാനം, ഉപദംശം ഈ രണ്ടു കാരണങ്ങളെക്കൊണ്ടുണ്ടാകുന്നവയാണെന്നു കണ്ടിരിക്കുന്നു.

മൂന്നാമത്തെ ദോഷം ഏതു വിധത്തിൽ നീക്കാമെന്നാണ് ഇനി ആലോചിക്കാനുള്ളത്. മനുഷ്യൎക്ക നിരുപയോഗമായും ദോഷകരമായും തീൎന്നിട്ടുള്ള വലിയ കുടൽ മാംസഭുക്കുകളായ കടുവാ, പുലി, സിംഹം, മുതലായ ജന്തുക്കൾക്കു ഇല്ലെന്നുള്ള വസ്തുത നാം അറിഞ്ഞിരിക്കേണ്ടതാണ്. എന്നാൽ തൃണജീവികളായ ആടു, മാടുകളിൽ ഈ വലിയ കുടൽ കാണുന്നുമുണ്ട്. അവയ്ക്കു അതുകൊണ്ട് ഉപയോഗവുമുണ്ട്. ചെറുകുടലിലെന്നപോലെതന്നെ വലിയ കുടലിലും ആഹാരം പക്വമാക്കപ്പെടുന്നു. ഉൾക്കൊള്ളുന്ന ആഹാരത്തെ ദീൎഘനേരത്തേക്കുവെച്ചുകൊണ്ടിരിക്കാനും സാവകാശത്തിൽ പക്വം ചെയ്യാനും ഈ കുടൽ ഇത്തരം മൃഗങ്ങൾക്ക് ഉപകരിക്കുന്നു. എന്നാൽ മനുഷ്യജീവിതത്തിന് ഈ കുടൽ ഒരു

വിധത്തിലും ഉപകരിക്കുന്നില്ലെന്നു മാത്രമല്ല പലപ്പോഴും ഉപദ്രവത്തിനു കാരണമായും തീൎന്നിട്ടുണ്ട്. വലിയ കുടലിൽ രോഗം ബാധിച്ചു കഷ്ടപ്പെട്ടുകൊണ്ടിരുന്ന അനേകം ആളുകൾക്കു ശസ്ത്രക്രിയകൊണ്ട് ഈ കുടൽ മുഴുവനും മാററിയതിൽ പിന്നീടു പൂൎണ്ണസുഖവും ആരോഗ്യവുംസിദ്ധിച്ചിട്ടുണ്ട്. നല്ല ആരോഗ്യസ്ഥിതിയിൽ ഇരിക്കുന്ന ഒരു മനുഷ്യൻെറ യൌവനദശയിൽ തന്നെ ഈ കുടൽ ശസ്ത്രക്രിയകൊണ്ടു ഛേദിച്ചു മാററാമെങ്കിൽ വാൎദ്ധക്യദശയിൽ വന്നുകൂടുന്ന ക്ഷീണം അശക്തത മുതലായ ദോഷങ്ങളെ പരിഹരിക്കാം എന്നുകൂടി ഒരഭിപ്രായമുണ്ട്. ഒരു കാലത്തു് ഇത്തരം ശസ്ത്രക്രിയ സൎവ്വസാധാരണമായി നടപ്പിലാവാനും ഇടയായേക്കാം. അതുവരെ വേറെ വിധത്തിൽതന്നെ ഈ മൂന്നാമത്തെ ദോഷത്തിനു നിവാരണമാൎഗ്ഗം കാണേണ്ടിയിരിക്കുന്നു. ആഹാരാവശിഷ്ടങ്ങളിൽ നിന്നുൽഭവിക്കുന്നതും ദോഷകരമായിട്ടുള്ളതുമായ രോഗബീജങ്ങളെ വലിയ കുടലിൽ ഉൽപന്നമാവാതെ തടയുകതന്നെ ഉത്തമമായിട്ടുള്ളതു്. ഭാഗ്യവശാൽ അതിനു വേണ്ട അറിവു ശാസ്ത്രീയലോകത്തിൽ ലഭിച്ചിട്ടുമുണ്ട്.

മേൽവിവരിച്ച പ്രകാരം വലിയ കുടലിൽ വിഷബീജങ്ങൾ ഉണ്ടായി വൃദ്ധിയെ പ്രാപിക്കുന്നതിനു ക്ഷാരരസം ഉണ്ടായിരിക്കണം എന്നു കണ്ടിരിക്കുന്നു. ക്ഷാരരസത്തെകുറച്ചു അമ്ലരസത്തെ കൂട്ടിയാൽ ഈ വിഷബീജങ്ങൾ വൎദ്ധിച്ചു വരുന്നതല്ല. വലിയ കുടലിൽ തന്നേ ക്ഷീരമയമായ (Lactic) ഒരുവക ബീജം ഉണ്ട്. അതു പഞ്ചസാരയോടു ചേരുമ്പോൾ ക്ഷീരമയമായ അമ്ലത്തേ ധാരാളം ഉൽപന്നമാക്കുന്നു. അതുകൊണ്ടു ഈ ദോഷനിവാരണാൎത്ഥം നാം ചെയ്യേണ്ടതെന്തെന്നാൽ വലിയ കുടലിൽ ചെന്നു പററത്തക്കവണ്ണം പഞ്ചസാരയും ക്ഷീരമയജീവികൾ ധാരാളം അടങ്ങിട്ടുള്ള ആഹാരവും ഭക്ഷിക്കണം. ഉറഒഴിച്ചു് നാം ഉണ്ടാക്കുന്ന തൈരിൽ ഈ ജീവികൾ ധാരാളം ഉണ്ടെന്നു കാണുന്നു. വാ

ഴക്കാ, വാഴപ്പഴം, ഇവയും പഞ്ചസാരയെപ്പോലെ തന്നെ തയിരോടു ചേൻറ വലിയ കുടലിൽ ചെല്ലുമ്പോരം അവിടെയുള്ള വിഷബീജങ്ങളെക്കുറച്ചു ദോഷരഹിതങ്ങളാക്കിത്തീക്കുന്നതിനു വേണ്ട ക്ഷീരമയമായ അമ്ലത്തെ ഉണ്ടാക്കുന്നു. അതുകൊണ്ടു് നമ്മുടെ ഭക്ഷണസാധനങ്ങളിൽ, വഴക്കാ, വാഴപ്പഴം, തയിരു, പഞ്ചസാര, ഇവകരംക്കു് ഒരു പ്രധാനസ്ഥാനം നൽകേണ്ടതാകുന്നു. അങ്ങനെ ചെയ്താൽ തലച്ചോറും ഇന്ദ്രിയങ്ങളും, രക്തനാഡികളും അത്ര എളുപ്പം ക്ഷയിക്കുകയോ ക്ഷീണിക്കുകയോ ചെയ്യുന്നതല്ല. ഇക്കായ്യത്തിൽ വാഴക്കായുടെ ഗുണം ഉരുളക്കിഴങ്ങിനും ഉള്ളതാകുന്നു. അയർലാണ്ടു് രാജ്യത്തു് ഉരുളക്കിഴങ്ങും തയിരും, അവശ്യം വേണ്ടതായ ആഹാരസാധനങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ നാട്ടിൽ നമ്മുടെ ആഹാരത്തിൽ മോരിനും, വാഴക്കാ, വാഴപ്പഴം, ഇവയ്ക്കും ഒരു ഗണ്യമായ സ്ഥാനം നാം കൊടുത്തിട്ടുണ്ടു്. പായസത്തിനും അതുപോലെതന്നെ പ്രഥമസ്ഥാനമാണു് നാം നൽകിട്ടുള്ളതു്. തയിരും, പഴവും പ്രഥമനും കൂട്ടിയുണ്ണുന്നവക്കു് വാദ്ധക്യദശയിൽ ക്ഷീണവും അശക്തതയും അത്ര ഉണ്ടാകുന്നതല്ലെന്നാണു് വിചാരിക്കേണ്ടിയിരിക്കുന്നതു്. എന്നാൽ നമ്മുടെ ആരോഗ്യരക്ഷ നാം ചെയ്യുന്ന ആഹാരപദാത്ഥങ്ങളെ മാത്രമല്ലാ ആശ്രയിച്ചിരിക്കുന്നതു് എന്നുകൂടി നാം ഓക്കണം. നമ്മുടെ പൂവ്വികന്മാർ ഈ തത്വങ്ങരം അറിഞ്ഞിട്ടോ അറിയാതെയോ നമ്മുടെ ആഹാരത്തെ ഉത്തമരീതിയിൽ നിയന്ത്രിച്ചുകാണുന്നതിൽ നമുക്കു വളരെ ചാരിതാത്ഥ്യമുണ്ടു്. ആയുവ്വേദശാസ്ത്രം എത്രയോ കാലങ്ങരംക്കു മുമ്പു നമ്മുടെ പൂവ്വികന്മാക്കു വശമായിരുന്നതുകൊണ്ടു് അവർ കായ്യമറിയാതെ ഗുണകരമായ ഈ ഭക്ഷണരീതി ഏപ്പെടുത്തി എന്നു വിചാരിക്കാൻ ന്യായമില്ല.

പിന്നെയും ശരീരരക്ഷയ്ക്കായി നാം ഓൎക്കേണ്ടതായ ഒന്നു രണ്ടു പ്രധാന തത്വങ്ങളെ പ്രസ്താവിച്ചുകൊണ്ടു് ഈ വിഷയത്തെ അവസാനിപ്പിക്കാം.

വാൎദ്ധക്യകാലത്തെ സുദീൎഘവും സസുഖവും, ആക്കിത്തീൎക്കണമെന്നുള്ളവർ മിതമായി ഭക്ഷിക്കണം; മിതമായി പാനംചെയ്യണം; പുകയില കുറയ്ക്കണം; വേലയും കുറക്കണം; ദോഷകരമായ ഒരു പ്രവൃത്തിയിലും ഏൎപ്പെടരുതു്. അപകടം വല്ലതും പററിയാൽ അതിൽനിന്നു നിവൎത്തിക്കുന്നതിനു യൌവനത്തിൽപോലെ വാൎദ്ധക്യദശയിൽ ദേഹത്തിനു ശക്തിയില്ലെന്നോൎക്കണം.

# മെക്കാളെ പ്രഭു

മാനുഷജന്മം ലഭിച്ചിട്ടുള്ള നമ്മുടെ ജീവിതത്തിന്റെ പരമോദ്ദേശ്യം ജ്ഞാനത്തിലും, കമ്മത്തിലും, ധമ്മത്തിലും, ഉൽകൃഷ്ടനിലയെ പ്രാപിച്ച് സാധാരണജനങ്ങൾക്കു മാതൃകാപുരുഷന്മാരായിത്തീരുക എന്നുള്ളതുതന്നെ. ഒരാളിന് മററൊരാളെ പൂണ്ണമായി അനുകരിക്കാൻ സാധിക്കുന്നതല്ല. എന്തെന്നാൽ ജന്മനാതന്നെ ബുദ്ധിയിലും സാമത്ഥ്യത്തിലും സ്വഭാവഗുണങ്ങളിലും മനുഷ്യർ തമ്മിൽ ഭിന്നരായിട്ടാണിരിക്കുന്നത്. പ്രവൃത്തിയിലും ഉത്സാഹത്തിലും ഒരുപോലെയുള്ള ആളുകളും മേൽപ്പറഞ്ഞ വ്യത്യാസങ്ങളെക്കൊണ്ടും, വിദ്യാഭ്യാസം പ്രവത്തനം ഇവകളുടെ സൌകയ്യാസൌകയ്യങ്ങളേക്കൊണ്ടും ഭിന്നനിലകളെ പ്രാപിക്കാതിരിക്കാൻ തരമില്ല. ഇങ്ങനെ ജനങ്ങൾ പല പദങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഓരോപടിയിലുമുള്ള ആളുകൾ അവരവരുടെ ദൃഷ്ടിക്ക് ഗോചരങ്ങളും അനുകരണീയങ്ങളുമായ ആദശങ്ങളെ ലക്ഷ്യമാക്കി പ്രവത്തിക്കുന്നു. എല്ലാവക്കും ജന്മസാഫല്യം പൂണ്ണമായി ലഭിക്കുവാൻ സാധിക്കുന്നതല്ലെങ്കിലും ആക്കുംതന്നെ നിഷ്കപടമായും നിസ്തന്ദ്രമായും യഥാശക്തി നല്ല മനസ്സോടും അവരവരുടെ ആദശങ്ങളനുസരിച്ച് പ്രവത്തിക്കുന്നതിനു കഴിയും. അങ്ങനെ സമസ്തജനങ്ങളും പ്രവത്തിക്കുകയാണെങ്കിൽ ഓരോരുത്തനും പ്രത്യേകമായും ലോകമൊട്ടുക്കു പൊതുവേയും ഐശ്വയ്യസമ്പൽസുഖാദികൾ സുലഭമായിത്തീരുന്നതാണ്. സ്വധമ്മാനുഷ്ഠാനംകൊണ്ട് എല്ലാവക്കും മോക്ഷംലഭിക്കുമെന്നാണ് ശാസ്ത്രം ഘോഷിക്കുന്നത്.

കല്പനാശക്തികൊണ്ട് സൃഷ്ടിക്കപ്പെടുന്ന കഥാപാത്രങ്ങളും ആദർശങ്ങളും നമ്മെ ആകർഷിക്കുകയും സന്മാർഗ്ഗ

വൃത്തിയിലേക്കു നയിക്കുകയും ചെയ്യുന്നുവെങ്കിലും ഒരു യഥാൎത്ഥമായ ജീവിതകഥയേപ്പോലെതന്നെ അവ അത്ര ശക്തിയോടെ നമ്മെ ഇളക്കി ഉത്തമാദൎശസിദ്ധിക്കായി പ്രേരിപ്പിക്കുകയോ ഉന്മേഷിപ്പിക്കുകയോ ചെയ്യുന്നില്ല. ഇതാണ് ജീവചരിത്രങ്ങളുടെ വൈശിഷ്ട്യം. പ്രസിദ്ധചരിത്രകാരനും സാഹിത്യകോവിദനുമായി 19-ാംശതവൎഷാരംഭത്തിൽ ജീവിച്ചിരുന്ന മെക്കാളെ പ്രഭുവിൻെറ ജീവചരിത്രം നമുക്ക് ഇപ്പോൾ സംക്ഷിപ്തമായി ഒന്ന് അവലോകനം ചെയ്തു അതിൽനിന്ന് ഏതെല്ലാം പ്രമാണങ്ങളും സാരോപദേശങ്ങളും ഗ്രഹിക്കാം എന്നു വിചിന്തനം ചെയ്യാം.

ഇദ്ദേഹം ഇൻഡ്യാമഹാരാജ്യത്തിലെ ജനങ്ങളോട് സ്നേഹാദരപൂൎവം പെരുമാറിയവനും ആധുനികവിദ്യാഭ്യാസത്തിന് അടിസ്ഥാനക്കല്ലിട്ട് അവരുടെ സ്നേഹബഹുമാനങ്ങൾക്കു ഭാജനമായിത്തീൎന്നവനും ആയ ഒരു മഹാനാണ്. ഇദ്ദേഹം എ. ഡി. 1800-ാമാണ്ട് അക്ടോബർ 25-ാംനു- ഇംഗ്ലാണ്ടിൽ റാത്തിലി ടെംപിൾ എന്ന നാമധേയം ധരിച്ചിരുന്ന ഒരു മാന്യപുരാതനകുടുംബത്തിൽ സഞ്ജാതനായി. ഇദ്ദേഹം ജനനാൽ പ്രഭുകുടുംബത്തിൽപ്പെട്ട ആളായിരുന്നില്ല. എന്നാൽ ഇദ്ദേഹത്തിൻെറ മാതൃഷ്വസാവ് റാത്തിലി ടെംപിളിലെ സ്ക്വയറായ (ഒരു സ്ഥാനികനായ) ഒരു പ്രഭുവിൻെറ ഭാൎയ്യയായിരുന്നു. അദ്ദേഹത്തിൻെറ ഗൃഹത്തിൽ മെക്കാളയുടെ മാതാവ് അതിഥിയായി ചെന്നു താമസിച്ചിരുന്നപ്പോഴാണ് മെക്കാളെ ജനിച്ചതു്. മെക്കാളയുടെ ശൈശവത്തിലെ ക്രീഡാവിഹാരങ്ങൾ ലണ്ടൻ പട്ടണത്തിൻെറ കേന്ദ്രസ്ഥാനത്തു കിടക്കുന്ന ഡ്രേപ്പർ ഗാർഡൻസിൽ തന്നെ ആയിരുന്നു. കളിച്ചു നടക്കുന്നതിനും കാററുകൊള്ളുന്നതിനുമായി ഈ ഉദ്യാനത്തിലേക്കു മെക്കാളയെ വളൎത്തമ്മ കുട്ടികൊണ്ടുപോകുക പതിവായിരുന്നു. ശൈശവത്തിലുള്ള പഴക്കം നിമിത്തം

അനേകസംവത്സരങ്ങൾ കഴിഞ്ഞിട്ടും വിശ്രമവിനോദാത്ഥം ഇദ്ദേഹത്തിന്ന് അവിടേയ്ക്കുള്ള ഗമനം മാത്രമേ സ്വൈരമായിരുന്നുള്ളു.

ശൈശവത്തിൽ സ്വഭവനത്തിലെ തൻെറ മുറിയിൽ നിന്നു നോക്കിയാൽ പുറത്തു കാണാവുന്ന അയൽ വീട്ടിലെ ചിമ്നിയിൽക്കൂടി ഇരുണ്ടും നിബിഡമായും പുറത്തുപാഞ്ഞു പൊയ്ക്കൊണ്ടിരുന്ന പുക കണ്ടിട്ട് "അച്ഛാ അതാണോ നരകം?" എന്നു ചോദിച്ചതു് അദ്ദേഹത്തിൻെറ ഓമ്മയിൽ സ്ഥിരമായി കുടികൊണ്ടിരുന്നു. അതുകൊണ്ട് അദ്ദേഹം അതിനെപ്പററി നേരംപോക്കായി പല അവസരങ്ങളിലും പ്രസ്താവിക്കാനിടയായിട്ടുണ്ട്. നരകത്തേപ്പററിയുള്ള വണ്ണനകൾ കേട്ടിട്ടുണ്ടായിരുന്നതു കൊണ്ടായിരിക്കണം അദ്ദേഹം ഇങ്ങനെ ചോദിച്ചതു്. പുത്രൻെറ ഈ ചോദ്യം അച്ഛനെ ഒട്ടധികം ഖേദിപ്പിച്ചതായി കാണുന്നുണ്ട്. ഇതിനുകാരണമെന്തായിരിക്കുമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. സപ്പമെന്ന പേരുകേട്ട മാത്രയിൽ ഞെട്ടും ചിലർ. കടുവയെപ്പററിയൊ കള്ളന്മാരെപ്പററിംയാ കഥകൾ കേട്ടാൽ ത്രസിക്കും ചിലർ. അതാണോ നരകം എന്നു മകൻ ചോദിച്ച മാത്രയിൽ നരകദർശനം ഉണ്ടായതുപോലെയുള്ള താൽകാലിക ക്ഷോഭമായിരിക്കാം അച്ഛൻെറ ഈ ഖേദത്തിനു കാരണം.

മെക്കാളയുടെ പൂവ്വികന്മാർ വൈദികപാരമ്പയ്യമുള്ള വംശത്തിൽപെട്ടവരായിരുന്നു. അക്കാലത്തെ വൈദികന്മാർ സ്വല്പശമ്പളംകൊണ്ടു തങ്ങളുടെ കുടുംബാംഗങ്ങളെ ശരിയാകുംവണ്ണം ശരീരപോഷണംചെയ്തും വിദ്യാഭ്യാസം നല്കിയും പുലത്തിവന്നതു് എങ്ങനെയാണെന്നുള്ളതു് ഊഹാതീതവും ആശ്ചയ്യകരവും തന്നെ. അവരുടെ മുഖ്യആഹാരം ഓട്ടമിൽ വേവിച്ചു വററിച്ചുണ്ടാക്കിയ പാറിഡ്ജ് (കഞ്ഞി) മാത്രമായിരുന്നു. വിലയേറിയതും ഗണ്യതയേറിയതുമായ മാംസാദി ആഹാരങ്ങൾ അവക്കു ദുർല്ലഭമായിരുന്നുവത്രെ.

മെക്കാളെ പ്രസിദ്ധനായതിൽ പിന്നീടും ഒരവസരത്തിൽ സാഹിത്യകേസരിയായ കാർലൈൽ അദ്ദേഹത്തോടു നേരംപോക്കായി ഇങ്ങനെ പറയുകയുണ്ടായി. "നിങ്ങൾ ഓട്ടമീൽകഞ്ഞി കുടിച്ച് നന്മയും നേരും സമ്പാദിച്ചു വളന്ന ഒരാളാണെന്ന് നിങ്ങളെ കണ്ടാൽ ആക്കും പ്രത്യക്ഷപ്പെടുന്നതാണ്" ഓട്ടമീൽ കഴിച്ചുവളന്നതിനും നന്മയ്ക്കും നേരിനുമുള്ള ബന്ധം എങ്ങനെയും ഇരിക്കട്ടെ. മെക്കാളെ കുടുംബത്തിൽപെട്ട അംഗങ്ങൾ എല്ലാവരും ഒരുപോലെ ലോകത്തെ അവർ കണ്ടപടിയിൽനിന്നു ഒന്നുയത്തുവാൻ ശ്രമിച്ചുവന്നിരുന്നു എന്നുള്ള സംഗതി അവിതക്കിതമാണു്. ഇംഗ്ലീഷുകാരിൽ നമ്മുടെ കഥാനായകനായ മെക്കാളയുടെ അച്ഛനാണ് അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതിനുള്ള ബിൽ പാർലമെൻറുസഭയിൽ ഇദംപ്രഥമമായി അവതരിപ്പിച്ച് അനുവദിപ്പിക്കുന്നതിനുവേണ്ട ശ്രമം ചെയ്തതു്. അതുവരെ അടിമകളുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു. അവരെ ജന്മികൾ കന്നുകാലികളുടെ കൂട്ടത്തിൽ ചേത്തും അവരോടു നിഷ്ഠൂരുണം പെരുമാറിയും ചന്തയിലെ ക്രയവിക്രയസാധനങ്ങളാക്കിയും വന്നിരുന്നു. ആ നില ഇപ്പോൾ ഏതു മനുഷ്യൻ സഹിക്കും? എന്നാൽ അക്കാലത്ത് അതു സഹജമായിരുന്നതുകൊണ്ട് ദയാപുരസ്സരം പെരുമാറിവന്നിരുന്ന യോഗ്യന്മാരായ ജന്മികൾക്കുപോലും അതിൻെറ ക്രൂരതയും കഷ്ടതയും തോന്നിയില്ല! വിദ്യയിലും ഭൂതദയയിലും അസാധാരണന്മാരായിരുന്ന ചില മഹത്തുക്കൾ അതു ഒട്ടും സഹിയാഞ്ഞു് അടിമകളുടെ മോചനാർത്ഥം പരിശ്രമിച്ചുതുടങ്ങിയ കാലത്ത് മെക്കാളയുടെ അച്ഛൻ ജമൈക്കായിൽ ഒരു കരിമ്പുതോട്ടത്തിലെ മനേജരായിരുന്നു. ആ പ്രവൃത്തിയിൽത്തന്നെ ധനാജ്ജനത്തെമാത്രം കരുതി അദ്ദേഹം കുറേക്കാലംകൂടി ഇരുന്നിരുന്നുവെങ്കിൽ ഒരു ഗണ്യനായ ധനികനാകാമായിരുന്നു. എന്നാൽ അദ്ദേഹം സ്വാർത്ഥമായ ദ്രവ്യസമ്പാദനത്തേക്കാൾ പരാധീനന്മാരായ അടിമക

ളുടെ ശാശ്വതമായ കഷ്ടവിമോചനത്തേയും സ്വാതന്ത്ര്യല ബ്ധിയേയും വലുതായി കരുതി കരിമ്പുകൃഷിത്തോട്ടത്തിലു ള്ള ഉദ്യോഗം ഒഴിഞ്ഞു് ഇക്കാര്യത്തിനുവേണ്ടി കച്ചകെട്ടിപ്പു റപ്പെട്ടിരുന്ന പ്രമാണികളെ തനിക്കു ലഭിച്ചിരുന്ന അറിവു കൊണ്ടും പ്രയത്നംകൊണ്ടും പൂർണ്ണമായി സഹായിപ്പാൻ ഒരു ങ്ങി. അടിമവ്യാപാരം കലശലായി നടന്നുവന്ന സ്ഥലത്തു തന്നെ അദ്ദേഹത്തിൻെറ കൃഷിജോലിയും നടന്നുവന്നിരുന്ന തുകൊണ്ടു് അടിമകളുടെ കഷ്ടപ്പാടുകളേയും ജന്മികളുടെ ക്രൂ രമായ പെരുമാററങ്ങളേയും പററി അദ്ദേഹത്തിനു സൂക്ഷ്മമാ യ അറിവു ധാരാളം ഉണ്ടായിരുന്നു. ഈ അറിവ് പ്രമാണി കൾക്കു് അവരുടെ പ്രവൃത്തിയിൽ ഒട്ടധികം ഉപകരിച്ചു.

ഈ മഹത്തായ ജോലിയിൽ അദ്ദേഹത്തിൻെറ ഭാര്യ യും സഹഭാവത്തോടുകൂടി യോജിച്ചു പ്രവർത്തിച്ചു. പാശ്ചാ ത്യരുടെ ജീവിതത്തിൽ അനുകരണീയങ്ങളായ പല സംഗതി കൾ ഉള്ളതിൽ ഭാര്യ ഭർത്താവിനോടൊരുമിച്ചു് പൊതുക്കാര്യ ങ്ങളിൽ ഒത്തു പ്രവർത്തിക്കുക ശ്ലാഘ്യമായ ഒന്നാണ്. മെ ക്കാളയുടെ മാതാവ് സ്നേഹിതസംഘത്തിൽ ഒരു അംഗമായി രുന്നു. അവിടെവെച്ചാണ് മിസ് ഹാന്നാ മോറിൻെറ പരി ചയം അവൾക്കു സിദ്ധിച്ചതു്. ഹാന്നാ മോർ ഒരുദിവസം മെ ക്കാളയുടെ മാതാപിതാക്കളെ സന്ദർശിക്കുന്നതിനായി അവരു ടെ ഗൃഹത്തിൽ ചെന്നപ്പോൾ അവർ അവിടെ ഇല്ലായിരു ന്നതുകൊണ്ടു് മെക്കാളയാണ് കതകു തുറന്നു മോറിനെ സ്വീ കരിച്ചതു്. 'അച്ഛനമ്മമാർ പുറത്തു പോയിരിക്കുകയാണ്. എങ്കിലും നിങ്ങൾ അകത്തുവരണെ.' എന്നു ക്ഷണിച്ചിട്ടു് ആ ബാലൻ സൽകാരാർത്ഥം പഴകിയ ഒയിൻ കുറെ കൊണ്ടു വരാൻ ഭൃത്യനോടു് ആജ്ഞാപിച്ചു. മിസ്സ് മോർ ഒയിൻ (വീഞ്ഞ്) മുതലായ ലഹരിപദാർത്ഥങ്ങൾ വർജ്ജിച്ച ഒരാ ളായിരുന്നതുകൊണ്ടു് ഒന്നു വിഷമിച്ചു. അതിഥിസൽകാര ത്തെ ഉപേക്ഷിക്കുന്നതും മര്യാദയല്ലല്ലൊ. വിശേഷിച്ചും ഒരു

പ്രിയബാലൻെറ സൽക്കാരത്തെയാണ് ഉപേക്ഷിക്കേണ്ടിവന്നിരിക്കുന്നത്. ഇതാണു മോറിൻെറ വിഷമതയ്ക്കുള്ള കാരണം. 'ഒയിൻ വേണ്ട, നന്ദിപറഞ്ഞുകൊള്ളുന്നു.' എന്നും മററും ഇംഗ്ലീഷുമുറയ്ക്കു പറഞ്ഞിട്ട് 'പഴകിയ സ്പിരിററിനെപ്പററി നിനക്കെന്തറിയാം?' എന്ന് വിനോദാർത്ഥം ഹാന്നാമോർ സസ്മിതം ബാലനോടു ചോദിച്ചപ്പോൾ ബാലൻെറ മറുപടി വിനോദകരമായിത്തന്നെയിരുന്നു. റാബിൻസൺ ക്രൂസോ അതു കൂടക്കൂടെ ഉപയോഗിച്ചുവന്നിരുന്നു എന്നായിരുന്നു മറുപടി. അത് ഒരു ബാലനു യോജിച്ചതും സങ്കോചമോ സംശയമോ കൂടാതെ പറഞ്ഞതും ആണ്. അറിയാവുന്നതു പറഞ്ഞു എന്നേയുള്ളൂ. നേരേമറിച്ച് ഈ മറുപടി ഒരു പ്രായംചെന്ന ആളിൽനിന്നും വരികയാണെങ്കിൽ ഹാസ്യമായിത്തീരുകയേ ഉള്ളൂ. ഒരു വാക്കുതന്നെ ഒരു ബാലൻെറ മുഖത്തുനിന്നും വരുമ്പോൾ രസകരമായും, വിനോദകരമായും കുറേ പ്രായംചെന്ന ആളിൽനിന്നുവരുമ്പോൾ ഹാസ്യകരമായും തീരുന്നതു പലപ്പോഴും നമ്മുടെ അനുഭവത്തിൽപെട്ട ഒരു സംഗതിയാണല്ലോ.

അഞ്ചാറു വയസ്സുമാത്രം പ്രായംചെന്നിരുന്ന ബാലൻ ആയിടയ്ക്കുതന്നെ അച്ഛനോടൊന്നിച്ച് ഒരു പ്രഭുവിൻെറ ഗൃഹത്തിൽ സന്ദർശനാർത്ഥം ചെന്നിരുന്നു. ആയവസരത്തിൽ നമ്മുടെ ബാലൻ പച്ചക്കോട്ടും ചുവന്ന കാളറും വെള്ള ട്രൌസറും ഭംഗിയായി ധരിച്ചിരുന്നു. പച്ചയും ചുവപ്പും അലങ്കാരത്തിനു യോഗ്യങ്ങളായിട്ടാണ് ഗണിച്ചുവരുന്നത്. നമ്മുടെ പട്ടാളശ്ശിപായിമാർ ചുവന്നതും പോലീസുകാർ പച്ചയും ആയ കോട്ടുകളാണല്ലോ വിശേഷദിവസങ്ങളിൽ ധരിച്ചുവരുന്നത്. നമ്മുടെ കോമളനായ ബാലൻ സന്തുഷ്ടനായി ലഘുഭക്ഷണം കഴിക്കുന്ന അവസരത്തിൽ ഒരുഭൃത്യൻെറ ഉപേക്ഷയാൽ വളരെ ചൂടുള്ള കാപ്പി ബാലൻെറ കാലിൽ വീണു. അപ്പോൾ ഗൃഹനായിക കുട്ടിയെ ആശ്വാ

സിപ്പിച്ചുതുടങ്ങി. എന്നാൽ ബാലൻ അവരെ നോക്കീട്ട് ക്ഷോഭമോ സങ്കടമോ കാണിക്കാതെ സമാധാനത്തോടെ ഇങ്ങനെ പറഞ്ഞു—"നന്ദി പറഞ്ഞുകൊള്ളുന്നു, അമ്മേ, വേദനയ്ക്കു് അല്പം ശമനമുണ്ട്." ഈ നിഷ്കപടമായ മറുപടി ഒരു ബാലനു യോജിച്ചതുതന്നെ. ഈ മറുപടി പ്രായം ചെന്ന ഒരാൾ പറയുകയാണെങ്കിൽ മര്യാദകേടായിട്ടോ കുണ്ഠിതപ്രകടനമായിട്ടോ വന്നേക്കാം. യഥാർത്ഥത്തിൽ വേദന അധികമായിരുന്നാലും നമ്മെ ഉപചരിക്കുന്ന ആൾ പരിഭ്രമത്തോടും സങ്കടത്തോടും നമ്മെ ആശ്വസിപ്പിക്കുന്നതിനായി സമാധാനവാക്കുകൾ പറയുമ്പോൾ സാരമില്ല എന്നു പറയുന്നതാണു് ലോകമര്യാദ.

ബാല്യകാലത്തു് സ്വഗൃഹത്തിൽ സഹോദരന്മാരും സഹോദരികളും തന്നോടുകൂടി കളിക്കാനും രസിക്കാനും കൂട്ടുകാർ ആയിരുന്നു. വീട്ടിനടുത്തുള്ള മൈതാനത്തിൽ അവിടവിടെയായി ചരൽക്കല്ലുകൾ നിറഞ്ഞ കുഴികളും മുൾച്ചെടികളും ചെറിയ കുളങ്ങളും കാണുമാനുണ്ടായിരുന്നു. ഇവ അസാധാരണമായ കല്പനാശക്തിയുള്ള ബാലന് യുദ്ധക്കളങ്ങളായും കള്ളന്മാർ ഒളിച്ചിരുന്ന ഗുഹകളായും കുററിക്കാടുകൾ നിറഞ്ഞിരുന്ന മരുഭൂമികളായും കല്പിക്കുന്നതിനുപകരിച്ചു. ഈ കല്പനകൾ ഒരു വലിയ ചരിത്രകാരനായിത്തീരാൻ പോകുന്ന ബാലൻെറ മനഃസ്ഥിതിയെ വെളിപ്പെടുത്തുന്നു.

പിന്നെയും അതിബാല്യത്തിൽത്തന്നെ റൂളിൻേറയും ഗവർമെണ്ടു് ചട്ടത്തിൻേറയും ശിയായ ബോധം ഇദ്ദേഹത്തിനുണ്ടായിരുന്നു എന്നുള്ളതിനുള്ള ലക്ഷ്യം ഒരു സംഭവത്തിൽനിന്നും കാണാവുന്നതാണു്. ഒരിക്കൽ വീട്ടിനടുത്തുള്ള തോട്ടത്തിൽ സ്വന്തം കൃഷിക്കായി ബാലൻ ചിപ്പികൾകൊണ്ടു് അതിർ പിടിച്ചു വേർതിരിച്ചിരുന്ന കണ്ടത്തിൽനിന്നു്, വീട്ടിലെ വേലക്കാരി കാര്യം മനസ്സിലാക്കാ

ത്തെ ചിപ്പികളെ പെറുക്കി ദൂരെ എറിഞ്ഞുകളഞ്ഞു. അപ്പോഠം ബാലനുണ്ടായ കോപം സാമന്യമല്ലായിരുന്നു. തന്റെ അമ്മ ഒന്നു രണ്ടു ആളുകളോടുകൂടി സംസാരിച്ചുകൊണ്ടിരിക്കുമ്പോഠം അവിടെ കയറിച്ചെന്നു കോപാവേശത്തോടെ ബാലൻ അമ്മയോട് ഇപ്രകാരം വിളിച്ചുപറഞ്ഞു:—"ആ വേലക്കാരി ശാപമേററു നരകത്തിൽ പതിക്കും, തീച്ചയാണ്. വേദപുസ്തകത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നുണ്ടല്ലോ. 'തന്റെ അയൽക്കാരന്റെ അതിർ മാററുന്നവൻ പാപിയാണ്. പാപത്തിന്റെ ഫലം നരകാനുഭവം തന്നെയാണ്.' നിയമനിഷ്ഠയിൽ എത്രമാത്രം ഗൌരവബുദ്ധി ഇദ്ദേഹത്തിനുണ്ടായിരുന്നു എന്ന് ഈ സംഭവത്തിൽ നിന്നും കാണാം. ഇൻഡ്യാഗവമ്മെണ്ട് ശിക്ഷാനിയമം പരിഷ്കരിച്ചെഴുതാൻ ഇദ്ദേഹത്തെയാണ് നിയോഗിച്ചതു് ഈ രണ്ടു സംഭവങ്ങളും ഒത്തുനോക്കുമ്പോഠം ദൈവത്തിന്റെ കൈ ഈ ഘടനയിൽ ഉണ്ടായിരുന്നു എന്നു ആക്കും തോന്നിപ്പോകും.

ഏകദേശം എട്ടുവയസ്സു പ്രായമായപ്പോഠം നമ്മുടെ ബാലൻ സൃഷ്ടിമുതൽ തന്റെ കാലംവരെയുള്ള ലോകചരിത്രം എഴുതണമെന്നു സങ്കല്പിച്ച് എഴുതിത്തുടങ്ങി. അതിനു കണക്കില്ലാതെ കടലാസു ചെലവാക്കി; അമ്മ കടലാസ്സ് കൊടുക്കാൻ മടിച്ചപ്പോഠം ബാലൻ ചരിത്രമെഴുത്തും നിറുത്തി. ബാലന്റെ ബുദ്ധിവൈഭവത്തേയും ഇങ്ങനെയുള്ള ഒരു ആഗ്രഹത്തിന്റേയും പ്രയത്നത്തിന്റെയും വിലയും പ്രയോജനവും അറിയാഞ്ഞിട്ടായിരിക്കണം അമ്മ അങ്ങനെ ചെയ്തതു്. ചരിത്രം ആളിവർ ക്രാംവല്ലിന്റെ കാലത്തോടുകൂടി പെട്ടെന്ന് അവസാനിച്ചതായി കാണുന്നു. ഈ ചെറുബാലൻ ക്രാംവല്ലിനെ നീതിയും നേരും ഇല്ലാത്ത ഒരാളായിട്ടാണ് ഗണിച്ചതു്.

സ്കാട്ടിന്റെ ചില കൃതികഠം ഈ വയസ്സിൽ അദ്ദേഹം വായിക്കാൻ ഇടയായി. അവ അദ്ദേഹത്തിന്റെ മനസ്സി

നെ ഒട്ടധികം ആകൎഷിക്കയും ആഹ്ളാദിപ്പിക്കയും ചെയ്തു നിമിത്തം ആ കൃതികൾ അദ്ദേഹം ഹൃദിസ്ഥമാക്കി. മെക്കാളെ വായിച്ചതെല്ലാം മനസ്സിൽ പതിഞ്ഞതിനാൽ ഏതും കാണാപ്പാഠമായി വശമാക്കുന്നതിന് അദ്ദേഹത്തിനു തീരെ പ്രയാസം ഉണ്ടായിരുന്നില്ല. നല്ല പ്രായംചെന്നതിൽ പിന്നീടും കാൎയ്യമില്ലാത്ത സംഗതികളേയും രസകരമല്ലാത്ത സംഗതികളേയും കൂടി അദ്ദേഹത്തിന് ഓർമ്മിക്കാൻ സാധ്യമായിരുന്നു.

വയസ്സ് പതിമ്മൂന്നു തികഞ്ഞപ്പോൾ ബാലൻ കേംബ്രിഡ്ജിനടുത്തുള്ള ഒരു ചെറിയ സ്കൂളിൽ ചേൎക്കപ്പെട്ടു. പന്ത്രണ്ടു കുട്ടികൾക്കു മാത്രം പ്രവേശനം ഉണ്ടായിരുന്ന ഒരു സ്കൂൾ ആയിരുന്നു അത്. സ്കൂളിൽ ഫുട്ബാൾ ക്രിക്കററു മുതലായ കളികളിൽ യാതൊന്നും തന്നെ നടത്തിവന്നിരുന്നില്ല. സ്കൂളിനു പുറമെ കുട്ടികളെ ആകൎഷിക്കത്തക്കതൊയിട്ടും ഒന്നും ഉണ്ടായിരുന്നില്ല. കാളേജിലെ അദ്ധ്യാപകന്മാൎക്ക് സ്കൂളിലെ ഹെഡ്മാസ്റ്ററുടെ വിരുന്നുസൽക്കാരം മാത്രം ഇടയ്ക്കിടെ ഉണ്ടായിരുന്നു. ഞായറാഴ്ചദിവസം ദീർഘമായ മതപ്രസംഗങ്ങൾ ശ്രദ്ധിച്ചുകേട്ട് അവയുടെ ചുരുക്കം കുട്ടികൾ എഴുതണമെന്നുള്ള ഒരു ഏൎപ്പാടും ഉണ്ടായിരുന്നു. ഞായറാഴ്ച കുട്ടികൾ കഴിച്ചുകൂട്ടുന്ന വിധത്തേപ്പററി അച്ഛനുള്ള എഴുത്തിൽ ബാലൻ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:—
“ചായ കഴിഞ്ഞു് ഞങ്ങൾ പ്രസംഗം എഴുതും. ഞങ്ങളുടെ ഹെഡ്മാസ്റ്റർ മതപ്രസംഗവിഷയങ്ങളെ മറന്നു കളയാൻ വേണ്ട ഉപായങ്ങളെല്ലാം ചെയ്തുവരുന്നുവോ എന്നു തോന്നുമാറു് ഞായറാഴ്ചതോറും ഞങ്ങൾക്കു ഓരോരുത്തൎക്കും ഓരോ ഗ്ലാസ്സ് വയിൻ തന്നുവരുന്നു. ഞങ്ങളുടെ ബുദ്ധിശക്തികളെല്ലാം പൂൎണ്ണമായി ഉണൎന്നിരിക്കേണ്ട ദിവസമാണല്ലോ ഞായറാഴ്ച. എന്നാൽ അന്നാണു് ഞങ്ങൾക്കു വയിൻ കൊണ്ടുള്ള കറക്കവും വിസ്മൃതിയും ഞങ്ങളുടെ ഹെഡ്മാസ്റ്റർ ഉണ്ടാക്കിത്തീൎക്കുന്നതു്. അതുകൊണ്ടു് മിക്ക കുട്ടികളും

പ്രസംഗത്തിന്നിടയിൽ സാക്ഷാൽ നിദ്രയെപ്രാപിക്കയും ഉണരുമ്പോൾ ലജ്ജിക്കയും ചെയ്യുന്നു. എന്നാൽ ഞാൻ ഈ അപകടത്തിൽ ഇതുവരെ പതിച്ചില്ല."

൧൮൧൮-ൽ മെക്കാളെ കേംബ്രിഡ്ജ് ട്രിനിററികാളേജിൽ പഠിച്ചുതുടങ്ങി. ജീവിതകാലം മുഴുവനും തൻെറ കാളേജും ഗ്രഹവും അദ്ദേഹത്തിൻെറ ഹൃദയത്തിൽ സ്നേഹഭാജനങ്ങളായി കുടികൊണ്ടിരുന്നു. കാളേജിലെ പഠനകാലത്തു് ഇംഗ്ലീഷ് കവിതാസാമർത്ഥ്യം പ്രകടിപ്പിച്ചതിൽ ചാൻസല്ലരുടെ ഒരു മെഡൽ അദ്ദേഹത്തിനു ലഭിച്ചു. എന്നാൽ നിർബന്ധവിഷയമായിരുന്ന കണക്കശാസ്ത്രം മാത്രം അദ്ദേഹത്തിന് എപ്പോഴും ഒരു ഭാരമായിട്ടാണ് തോന്നിയിരുന്നതു്. അതുകൊണ്ടു് പരീക്ഷാഫലം ലിസ്ററു വന്നപ്പോൾ അദ്ദേഹത്തിൻെറ പേരു ആണേഴ്സുകാരുടെ കൂട്ടത്തിൽ കാണ്മാനില്ലായിരുന്നു. സാമർത്ഥ്യവും ചുണയുമുള്ള ഒരു വിദ്യാർത്ഥിക്കു് ഇതു് എത്രമാത്രം ഖേദത്തെ ഉണ്ടാക്കിയിരിക്കുമെന്നു നമുക്കു് ഊഹിക്കാവുന്നതാണ്. എന്നാൽ ഈ ഇച്ഛാഭംഗം കഴിഞ്ഞു രണ്ടുകൊല്ലത്തിനകം ട്രിനിററികാളേജിലെ ഫെല്ലോ സ്ഥാനം ലഭിച്ചതുകൊണ്ടു് ഖേദശാന്തിക്കു് ഉപരിയായി സന്തോഷവും സംതൃപ്തിയും അദ്ദേഹത്തിനുണ്ടായി.

കാളേജു വിട്ടതിൽപിന്നെ ഈ ഫെല്ലോസ്ഥാനത്തെയായിരുന്നു അദ്ദേഹം വലിയ ബഹുമതിയായി കരുതിയിരുന്നതു്. എന്തെന്നാൽ ഈ സ്ഥാനം കൊണ്ടു കാളേജിൽ വീണ്ടും താമസിക്കുന്നതിനും കാളേജിലെ അംഗങ്ങളുമായി സർ ഐസേക് ന്യൂട്ടൻ, ഫ്രാൻസിസ് ബേക്കൺ മുതലായ മഹാന്മാരുടെ ഛായാപടങ്ങൾ വെച്ചിരിക്കുന്ന ഹാളിൽ നടന്നുവരുന്ന ഡിന്നറിൽ പങ്കുകൊള്ളുന്നതിനും അവകാശം ലഭിച്ചു.

ഏകദേശം ഇരുപത്തിയഞ്ചു വയസ്സായപ്പോൾ മെക്കാളെ എഡിൻബറോ റിവ്യു എന്ന മാസികയ്ക്കു് ഉപന്യാസങ്ങൾ എഴുതിത്തുടങ്ങി. ഇവയാണ് അദ്ദേഹത്തിൻെറ പേ

രിനെ പ്രസിദ്ധിയിൽ കൊണ്ടുവന്നതു്. ഇക്കാലത്തുതന്നെ അദ്ദേഹം കുറേക്കാലത്തേക്കു് ഒരു ബാരിസ്റ്ററായി വക്കീൽ പണിനടത്തിവന്നു. എന്നാൽ ആ പണി അദ്ദേഹത്തിന്നു് അത്ര ആകൎഷകമായിരുന്നില്ല. അതുകൊണ്ടു് അദ്ദേഹം പല പ്പോഴും പാർലിമെൻറു സഭയിൽ ഒരിടത്തു് ഇരുന്നു് അടിമകളുടെ വിമോചനം മുതലായ വിഷയങ്ങളെപ്പററി അവിടെ നടത്തിവന്നിരുന്ന വാദപ്രതിവാദങ്ങളെ ശ്രദ്ധി ക്കുക പതിവായിരുന്നു. തരം കിട്ടിയപ്പോൾ അദ്ദേഹം അടിമ വിമോചനാൎത്ഥം അച്ഛൻ ചെയ്തുവന്ന ഉത്സാഹപ രിശ്രമങ്ങളെ താങ്ങി ജനസമക്ഷം പ്രസംഗങ്ങൾ നട ത്തിവന്നു. ഇങ്ങനെ ഉപന്യാസലേഖനത്തിലും വാചാപ്ര സംഗങ്ങളിലും അദ്ദേഹം സാമൎത്ഥ്യവും പ്രസിദ്ധിയും നേടി. പ്രസംഗാവസരത്തിൽ കണ്ടവിധം അദ്ദേഹത്തെ ഇപ്രകാ രം ഒരാൾ വിവരിച്ചു പറഞ്ഞിട്ടുണ്ടു്. മെക്കാളെ ഹ്ര സ്വകായനും എന്നാൽ ആണത്തവും തൻേറടവും ഉള്ള വനും ആയ ഒരാളായിരുന്നു. സംസാരിക്കുമ്പോൾ വേയി സ്ററുകൊട്ടു പാക്കററിൽ കൈ ഇട്ടുകൊണ്ടു് അസാ ധാരണമായ ലജ്ജാതപത്തോടുകൂടി ആയിരുന്നു അദ്ദേഹത്തി ൻെറ നില. അദ്ദേഹം മിക്കപ്പോഴും നല്ല കോട്ടും വിശേ ഷമായ പിന്നൽപണിയുള്ള വേയിസ്ററുകോട്ടും കൈയുറ കളുമാണു് ധരിച്ചിരുന്നതു്. എന്നാൽ ഇവകളെ ധരി ച്ചിരുന്ന രീതി വളരെ മോശമായിരുന്നു.

അദ്ദേഹത്തിനു കൈകൊണ്ടുള്ള പണികൾക്കു ഒന്നി നും അത്രവശം ഉണ്ടായിരുന്നില്ല. ഈ ന്യൂനത അദ്ദേഹ ത്തെ എല്ലാത്തരത്തിലുള്ള കളികളിലും, നീന്തൽ കുതിര സ്സവാരി മുതലായ വ്യായാമങ്ങളിലും സാമൎത്ഥ്യമില്ലാതാക്കി ത്തീൎത്തു. ക്യാബിനററിലെ മിനിസ്റ്ററായി (മന്ത്രിയായി) രുന്ന കാലത്തു് വിൻഡ്സർ കൊട്ടാരത്തിൽ ചെന്നിരുന്ന പ്പോൾ അദ്ദേഹത്തിൻെറ ആവശ്യത്തിനായി രാജ്ഞി ഒരു കുതിര വിട്ടുകൊടുത്തിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അ

ദ്ദേഹം നേരംപോക്കായി ഇങ്ങനെ പറയുകയുണ്ടായി. "രാജ്ഞിക്കു ഞാൻ സവാരിചെയ്യുന്നതു കാണണമെങ്കിൽ അവിടുന്ന് ഒരു ആനയെ വിട്ടുതരേണ്ടതായിരുന്നു." ഇതിന്റെ താൽപര്യം തെളിഞ്ഞുകാണുന്നുണ്ടല്ലൊ. എന്നാൽ ആരേയും തോല്പിക്കുന്നതിനുള്ള യോഗ്യതുല്യമായ ഒരു കായികാഭ്യാസം മാത്രം അദ്ദേഹത്തിനു വശമായിരുന്നു. അതായതു തിക്കുംതിരക്കുമുള്ള ലണ്ടൻപട്ടണത്തിലെ തെരുവുകളിൽ കൂടി പുസ്തകത്തിൽ ദൃഷ്ടിപതിപ്പിച്ചു വായിച്ചുകൊണ്ടു നടക്കുക ആയിരുന്നു. മററാളുകൾ ഇരുന്നു വായിക്കുന്നതിനേക്കാളും മെക്കാളയ്ക്കു് ഇങ്ങനെ നടന്നുകൊണ്ട് കൂടുതൽ വേഗത്തിൽ വായിക്കാൻ സാധിക്കുമായിരുന്നു ഒരിക്കൽ അദ്ദേഹത്തിന്റെ കൈക്കു് മുറിവു പററിയതിനാൽ ക്ഷൗരകനെ വരുത്തി ക്ഷൌരം ചെയ്യിക്കേണ്ടിവന്നു. അവനെന്തുകൂലിയാണു കൊടുക്കേണ്ടതെന്ന് ചോദിച്ചപ്പോൾ "നിങ്ങൾ പതിവായി കൊടുത്തുവരുന്ന കൂലി എനിക്കും തന്നാൽ മതിയാകും." എന്നു ക്ഷൗരകൻ മറുപടിപറഞ്ഞു. അപ്പോൾ മെക്കാളെ പറഞ്ഞതു് "എന്നാൽ നിന്റെ ഓരോ ചെകിട്ടിലും രക്തക്കുറിയാണ് ഞാൻ തരേണ്ടതു്" എന്നായിരുന്നു. ഇതും അദ്ദേഹത്തിന്റെ വിനോദത്തെ വെളിപ്പെടുത്തുന്നു.

മെക്കാളെ തന്റെ ഉപന്യാസങ്ങൾ കൊണ്ടു പ്രസിദ്ധനായി ലണ്ടൻപട്ടണത്തിൽ പ്രത്യേകസ്ഥലമെടുത്തു പാർപ്പു തുടങ്ങി. ക്രമത്തിൽ ജനസമ്മതനായിത്തീർന്ന് അദ്ദേഹം പാർലമെണ്ടിലെ ഒരംഗമായി. ലണ്ടനിൽചെന്നിട്ടും അദ്ദേഹത്തിനു സ്വഗൃഹത്തിലുള്ള വാഞ്ഛ ഒട്ടും കുറഞ്ഞില്ല. സഹോദരങ്ങളോടും മററുമുള്ള ബന്ധവും ബലപ്പെട്ടുവന്നതേയുള്ളു. പ്രകൃത്യാതന്നെ അദ്ദേഹത്തിന് അടുത്തുള്ള ആളുകളോടു അസാമാന്യമായ സ്നേഹവും ലൌകികദൃഷ്ട്യാ ന്യൂനതയായി ഗണിക്കത്തക്കവണ്ണം ഋജുതയും ഉണ്ടായിരുന്നു. എന്തെന്നാൽ അദ്ദേഹം തന്റെ ബഹുമാനത്തിനും ഗണ്യതയ്ക്കും പാത്രമല്ലായിരുന്ന ആളുകളോട്ടു് ഒരിക്കലും വ്യാജമായി സൌ

ഹാർദ്ദം ഭാവിച്ചു നടക്കുകയില്ല. അദ്ദേഹത്തിനു യഥാൎത്ഥമായ സ്നേഹബഹുമാനങ്ങൾ ഉള്ള ആരോടും തന്റെ സഹോദരിയോടെന്നപോലെ ഹൃദയത്തിലുള്ളതെല്ലാം പൂൎണ്ണമായി പറയും. ലണ്ടനിൽനിന്നും ചിലസമയം വീട്ടിലേയ്ക്കു ചെല്ലുമ്പോൾ അവിടെ കളിയും ചിരിയുമായി ഒരു ലഹളതന്നെ: ഒളിച്ചുകളി ശ്ലോകഭാഗങ്ങൾ പൂരിപ്പിക്കുക, ഇവയായിരുന്നു സഹോദരങ്ങളുമായുള്ള മുഖ്യവിനോദങ്ങൾ. സമസ്യാപൂരണത്തിൽഇവൎക്ക് അസാമാന്യമായ കുശലതയുണ്ടായിരുന്നുവത്രേ. തിരികെ ലണ്ടനിലേക്കു പോകുന്ന അവസരത്തിലും മക്കാളെ പുറത്തേ വാതിൽ പകുതിതുറന്നു അവിടെ നിന്നുകൊണ്ട് ഒരു ശ്ലോകത്തിന്റെ ഒടുവിലത്തേപാദം ഉത്സാഹത്തിൽ പറഞ്ഞിട്ടു പുറത്തേക്കു ഒരു ചെറുബാലനേപ്പോലെ ചാടും. ഇങ്ങനെ പ്രായം ചെന്നതിൽ പിന്നീടും കാണാമായിരുന്നു.

അദ്ദേഹത്തിനും സഹോദരിക്കും അക്കാലത്തെ നോവലുകളിൽ അനിതരസാധാരണമായ പരിചയം ഉണ്ടായിരുന്നു. സ്വകാൎയ്യങ്ങളേയും മററും പററി അവർ സംഭാഷണം ചെയ്യുന്നതു് വളരെ രസകരം തന്നെ. എന്തെന്നാൽ അവർ വായിച്ചിട്ടുള്ള ആഖ്യായികകൎത്താക്കളുടെ ഭാഷയിൽ തന്നെയായിരിക്കും അവരുടെ സംഭാഷണം. മെക്കാളേയും സഹോദരിയും ഇൻഡ്യയിൽ താമസിച്ചുവന്നപ്പോൾ സഹോദരിഭൎത്താവായ ട്രെവെല്ലിയൻ അവരുടെ സംഭാഷണങ്ങൾ കേട്ടു വിസ്മയിച്ചുപോയി. എങ്ങനെയാണ് അവൎക്കു നോവൽ വായനയിൽ അത്ര അഭിരുചിയും പരിചയവും സിദ്ധിച്ചതെന്നു നോവൽവായനയിൽ പരിചയം കുറവായിരുന്ന അദ്ദേഹം ആശ്ചൎയ്യഭരിതനായിത്തീൎന്നു.

മെക്കാളെ ഇടവിടാതെയും ക്രമത്തിലധികവും സംസാരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ സംഭാഷണം ഭംഗിയായും രസകരമായും ഇരുന്നതുകൊണ്ട് അതു് ആരേയും മുഷിപ്പിച്ചില്ല. സ്വീയഭാഷണത്തിൽ സ്വയമേ ആസക്തിയുണ്ടായിരുന്ന അദ്ദേഹത്തോട്ട് സ്നേഹിതനായ സിഡ്നി സ്മിത്തു്

ഒരവസരത്തിൽ വിനോദമായി ഇപ്രകാരം പറയാനിടയായി. "അല്ലയൊ മെക്കാളെ, ഞാൻ മരിച്ചുപോയാൽ എന്റെ സംഭാഷണം കേൾക്കാൻ ഒരിക്കലും അവസരം ഉണ്ടായില്ലല്ലൊ എന്നു നിങ്ങൾ വ്യസനിക്കാനിടയാകും." അതിൽ പിന്നീടു ഒരവസരത്തിൽ മാത്രം ആ സ്നേഹിതന്ന് സംസാരിക്കാൻ ഇട കൊടുക്കയുണ്ടായി. മററാളുകൾക്ക് വിസ്മയമുണ്ടാകത്തക്കവണ്ണം മെക്കാളെ ഇദംപ്രഥമമായി മൌനം അനുഷ്ഠിച്ചു. അതിന്റെ കാരണം അറിയുന്നതിനു സ്നേഹിതന്മാൎക്കു കൌതുകമുണ്ടായി. അറിഞ്ഞപ്പോൾ അതും ഒരു വിനോദത്തിന് കാരണമായിരുന്നു. എന്തെന്നാൽ അതു കട്ടിപ്പായസം തിന്നുകനിമിത്തം അതിലെശക്കര് പല്ലുകൾ അയക്കാൻ പാടില്ലാത്തവിധം കടവായിൽ പശപോലെ പററിപ്പിടിച്ചിരുന്നതു കൊണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ധാര മുറിയാതെയുള്ള സംഭാഷണം പലപ്പോഴും മററാളുകൾക്ക് അസമാധാനത്തേയും കോപത്തേയും ഉണ്ടാക്കിത്തീൎത്തിട്ടുണ്ട്. പല അവസരങ്ങളിലും അഭിപ്രായപ്രകടനങ്ങൾക്ക് വിഷയങ്ങളായിത്തീൎന്ന പുസ്തകങ്ങളിൽ അദ്ദേഹം വായിച്ചിട്ടില്ലാത്തതായി ഒന്നുംതന്നെ ഇല്ലായിരുന്നതുകൊണ്ടും കൂടിയിരുന്ന മററാളുകളേക്കാൾ വിവിധവിഷയങ്ങളിലും അദ്ദേഹത്തിന് കൂടുതൽ അറിവുണ്ടായിരുന്നതുകൊണ്ടും എല്ലാംകൊണ്ടും മെക്കാളെക്ക് ഒന്നാമത്തെ സ്ഥാനം നൽകീട്ട് അവർ മിണ്ടാതെയിരിക്കേണ്ടിവന്നു. ഈ അവസ്ഥ ആൎക്കാണ് അസൂയയേയും അസുഖത്തേയും ഉണ്ടാക്കാത്തതു്?

അദ്ദേഹത്തിന്റെ ലണ്ടനിലെ ജീവിതം തന്നേപ്പോലെ ഉയൎന്നതരം ആളുകളോടു കൂടിയുള്ള പെരുമാററം കൊണ്ട് അസാമാന്യമായ സന്തുഷ്ടിക്കു കാരണമായിരുന്നു. എന്നാൽ അദ്ദേഹത്തിന് വേണ്ട ധനസൌകൎയ്യമില്ലാതിരുന്നതിനാൽ ഇൻഡ്യയിലെ സുപ്രീംകൌൺസിലിലേ മെമ്പറായിരിക്കണമെന്നുള്ള ക്ഷണം കിട്ടിയപ്പോൾ അദ്ദേഹം

ഉടൻതന്നെ ആ സ്ഥാനം കൈക്കൊണ്ട് ഇൻഡ്യയിലേക്കു തിരിക്കുകയും ഇൻഡ്യയിൽ ൧൮൩൪-ാമാണ്ടു മുതൽ നാലു കൊല്ലത്തോളം ഉദ്യോഗം വഹിക്കുകയും ചെയ്തു. സഹോദര വാത്സല്യം കൊണ്ട് സഹോദരി ഹാന്നാകൂടി അദ്ദേഹത്തെ അനുഗമിക്കുകയും തന്നിമിത്തം ഇൻഡ്യയിലെ ജീവിതം അദ്ദേഹത്തിനു സുഖകരമായിത്തീരുകയും ചെയ്തു. ഇൻഡ്യയിൽവച്ച് അദ്ദേഹത്തിന് അവശ്യം വേണ്ടതായ ധനസമ്പാദ്യം ലഭിച്ചു. സ്വതന്ത്രനായി ജീവിക്കാമെന്നുള്ള നിലയിൽ ഇംഗ്ലണ്ടിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിനു പാർലമെൻറിൽ ഹൌസ് ആഫ് കാമൺസ് സഭയിൽ ഒരു സ്ഥാനവും ലഭിച്ചു. അദ്ദേഹം യുദ്ധനിയന്ത്രണവകുപ്പിൽ സിക്രട്ടറിയായും നിയമിക്കപ്പെട്ടു. പാർലമെൻറു സഭയിലെ അടുത്ത തിരഞ്ഞെടുപ്പു വന്നപ്പോൾ പരാജിതനായിപ്പോയതുകൊണ്ട് ആ സ്ഥാനം ഉപേക്ഷിക്കേണ്ടിവന്നു. ഈ പരാജയം അദ്ദേഹത്തേയും സ്നേഹിതന്മാരേയും ഒട്ടധികം ക്ലേശിപ്പിച്ചു. ആ അവസരത്തിൽ അദ്ദേഹം നിർമ്മിച്ചുതായ കവിത അദ്ദേഹത്തിൻെറ സമാധാനത്തേയും മനഃസ്ഥിതിയേയും ഉദ്ദേശ്യത്തേയും വെളിപ്പെടുത്തുന്നു. സമ്പത്തും, ഗണ്യതയും, പൌരുഷവും, സുഖവും അതുപോലെയുള്ള മററു നശ്വരങ്ങളായ അനുഗ്രഹങ്ങളും അവസ്ഥകളും എല്ലാം പോയാലും പോകട്ടേ; കാവ്യത്തിനു അധിഷ്ഠാനദേവതയായ സരസ്വതി എന്നെ കടാക്ഷിച്ചു അനുഗ്രഹിക്കേണമേ! മനോവിലാസത്തിനു കാരണമായിരിക്കുന്ന ഭൂതവും ഭാവിയും അടങ്ങിയ ചിന്താലോകം എനിക്കധീനമായിത്തീരേണമേ. ദൈവമേ! എന്നാൽ എനിക്കു കിട്ടുന്ന അനുഗ്രഹത്തെ ദശഗുണം ഫലവത്താക്കി ഞാൻ ദേവിയേ തൃപ്തിപ്പെടുത്തും എന്നും മററുമായിരുന്നു ആ കവിതയുടെ സാരം. ഇക്കാലത്ത് അദ്ദേഹത്തിൻെറ മനഃസ്ഥിതി എത്ര ഉയൎന്ന നിലയെ പ്രാപിച്ചിരുന്നുവെന്ന് ഇതിൽനിന്നും നമുക്കു കാണാം. സരസ്വതിദേവിയെ ആരാധിച്ചു തൽകടാക്ഷം ലഭിച്ച് ദേ

ന്ന

വിദ്യയേയും ലോകത്തേയും സന്തുഷ്ടിപ്പെടുത്തുക എന്നുള്ള ഏകോദ്ദേശത്തോടുകൂടി അദ്ദേഹം ഏകാഗ്രചിത്തനായി പ്രവൎത്തിച്ചുതുടങ്ങി എന്നു തെളിഞ്ഞുകാണുന്നു.

മെക്കാളെയുടെ പ്രസിദ്ധി ഒരു ചരിത്രകാരന്റെ നിലയിലായിരുന്നു. അദ്ദേഹത്തിന്റെ മഹത്തമമായ ഗ്രന്ഥം ഇംഗ്ലാണ്ടുചരിത്രമായിരുന്നു. തന്റെ അഭിപ്രായങ്ങളെ വിശദമാക്കി മററാളുകളെ ധരിപ്പിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രമിച്ചിട്ടുണ്ട്. ശ്രമം ഫലവത്തായിട്ടുമുണ്ട്. ഓരോ വാക്യവും അൎത്ഥപുഷ്ടിയിലും വ്യക്തതയിലും ശ്രോത്രാകൎഷണത്തിലും ഒരു ഉത്തമമാതൃകതന്നെ ആയിരുന്നു. "ഒരു വാക്യം സിദ്ധാന്തപ്പെടുത്തി എഴുതുന്നതിനു അദ്ദേഹം ഇരുപതു പുസ്തകം വായിക്കും. ഒരു സ്ഥലത്തേയൊ സംഭവത്തേയോ വിവരിച്ചു ഒരുവരി എഴുതുന്നതിന് ൧൦൦-മൈൽ യാത്രചെയ്യും." എന്ന് ഒരു മഹാൻ അദ്ദേഹത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നു. ഇതിൽനിന്നും അദ്ദേഹത്തിന്റെ പരിശ്രമം എത്രമാത്രമായിരുന്നുഎന്നും അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥങ്ങൾ യാഥാൎത്ഥ്യനിൎണ്ണയംകൊണ്ട് എത്ര വിലയേറിയവയാണെന്നും നമുക്കു നിശ്ചയിക്കാം. ഒരു ചരിത്രകാരന്റെ നിലയിൽ അദ്ദേഹത്തിന് അസാധാരണപ്രസിദ്ധി സിദ്ധിച്ചതിനു കാരണം കഴിഞ്ഞ അപ്രത്യക്ഷസംഭവങ്ങളെ തന്റെ ഭാവനാനിരൂപണശക്തികൾകൊണ്ടു പ്രത്യക്ഷത്തിൽ നടക്കുന്നതുപോലെ അവതരിപ്പിക്കുക എന്നതുതന്നെ.

അദ്ദേഹം ൫൯-ാമത്തെ വയസ്സിൽ അകാലമരണത്തെ പ്രാപിച്ചുവെങ്കിലും ജീവിതകാലത്തിനിടയ്ക്കു തന്റെ ബുദ്ധിവൈഭവംകൊണ്ടും സൌഹാൎദ്ദാൎജ്ജവാദിഗുണങ്ങൾകൊണ്ടും സരസവാഗ്മിത്വംകൊണ്ടും ഗ്രന്ഥരചനാസാമൎത്ഥ്യംകൊണ്ടും അതിവിശിഷ്ടമായ ചരിത്രപ്രജ്ഞാനംകൊണ്ടും അസാമാന്യചരിത്രനിരൂപണനിപുണതകൊണ്ടും യശശ്ശരീരനായി ഗ്രന്ഥപാരായണമുഖേന നാം സഹവാസംചെയ്തുവരുന്ന മഹാന്മാരുടെ ഇടയിൽ ഇന്നും അധിവസിക്കുന്നുണ്ട്.

# പൌരുഷം

പൌരുഷം എന്നാൽ എന്തെന്ന് ഒരാളെ ഗ്രഹിപ്പിക്കുന്നതിന് ഒരു ദീർഘമായ വിവരണത്തെക്കാൾ, ഒരു വീരപുരുഷന്റെ വീരകൃത്യത്തിന്റെ നിരൂപണം എത്രയോ ഫലവത്തരമായിരിക്കുമെന്നുള്ളതിനു സംശയമില്ലല്ലോ.

ഒരുകാലത്തു റോമിലെ രാജപ്രതിനിധിയായ മാർഷിയസ്സ്, ഗ്രീസുരാജ്യത്തിലെ ഏഥേൻസ് പട്ടണത്തെ പിടിച്ചു കീഴടക്കി. എന്നാൽ അവിടത്തെ പ്രഭുവായ സോഫോക്ലിസ്സിനേയും അദ്ദേഹത്തിന്റെ പ്രിയഭാര്യയായ ഡോറിജെന്നേയും തനിക്കു കീഴ്പ്പെടുത്തുവാൻ സാധിക്കാതെ വന്നതുകൊണ്ട് താൻ പരാജിതനായി എന്നായിരുന്നു മാർഷിയസ്സിന്റെ ബോധം. അതെങ്ങനെയെന്നു താഴെക്കാണുന്ന സംഭാഷണത്തിൽനിന്നു തെളിയും.

വലീരിയസ്സ് (സേനാധിപൻ):-(സോഫോക്ലിസ്സിനോട്) ഇനി ഭവാൻ ഭാര്യയോടു വേഗം യാത്രപറഞ്ഞു തിരിച്ചാലും.

സോഫൊക്ലിസ്സ്—ഞാൻ ഭാര്യയോടു യാത്രപറഞ്ഞു പിരിയുകയോ? അതൊരിക്കലും ഉണ്ടാവുന്നതല്ല. എന്റെ പ്രിയതമേ! അതാ കാണുന്ന പർവ്വതശിഖരത്തിൻമുകളിൽ നിന്റെ വരവിനെ എന്റെ ആത്മാവു പ്രതീക്ഷിച്ചുകൊണ്ടിരിക്കും. നീ എളുപ്പം അവിടെ വന്നുചേരണം.

ഡോറിജെൻ:—ഭോ പ്രിയതമ! കുറച്ചൊന്നു നില്ക്കണേ. ഈ തുണികൊണ്ടു ഭവാൻതന്നെ എന്റെ കണ്ണുകെട്ടിയാലും. അല്ലെങ്കിൽ നൈസർഗ്ഗികമായി സ്ത്രീകൾ

ക്കുള്ളതായ എന്റെ മൃദുഹൃദയം അങ്ങയുടെ പ്രാണവിയോഗംകണ്ടു് കഠിനമായിത്തീൎന്നേക്കാം. എന്റെ പ്രാണനാഥ! ഭവാന്റെ ചരമഗതിയിലെ രക്തസ്രാവം എന ക്കു കാണാൻ ഇടവരരുതേ. ദൈവമേ! ഇനി ഭവാനേ കാണാതെ ഇഹലോകത്തിൽ യാതൊന്നിനേയും ഞാൻ വീക്ഷിക്കുന്നതല്ല. ഭവാനേ ദൈവം അനുഗ്രഹിക്കട്ടെ! ഒരു പുരുഷൻ മരിക്കേണ്ടതെങ്ങനെയെന്നു റോമിലെ പൌരന്മാൎക്കു് അങ്ങു കാണിച്ചുകൊടുത്താലും.

മാൎഷിയസ്സ്:—സോഫൊക്ലിസ്സ്, മരിക്കുക എന്നാൽ എന്താണെന്നു ഭവാൻ അറിയുന്നുണ്ടോ?

സോഫൊക്ലിസ്സ്:—ഭവാനു് അതു നിശ്ചയമായും അറിയാൻ പാടില്ല. അതുകൊണ്ടു് ജീവിക്കേണ്ടതെങ്ങിനെയെന്നും അങ്ങേയ്ക്കു അറിഞ്ഞുകൂടാ. ഞാൻ പറഞ്ഞു തരാം. മരിക്കുക എന്നതു് ഒരു പുതിയ ജീവിതത്തിന്റെ പ്രാരംഭം മാത്രമാകുന്നു. അതു് ഒരു പുതിയ ഉൽകൃഷ്ടജീവിതത്തിലേയ്ക്കായി സാധാരണവും പഴക്കംകൊണ്ടു ക്ഷീണിച്ചതുമായ ഒരു ജീവിതത്തെ ഉപേക്ഷിക്കുക മാത്രമാണു്. പിന്നെയും അതു ചതിയരായ ദുഷ്ടന്മാരുടെ സാമീപ്യസംസൎഗ്ഗങ്ങളേ ഒഴിഞ്ഞു് പരിശുദ്ധരായ ദേവന്മാരുടെ സന്നിധിയിലേയ്ക്കു ചെല്ലുകതന്നെയാണു്. ഭവാനുതന്നെയും ഇപ്പോൾ ധരിച്ചിരിക്കുന്ന രത്നമാലകളും സന്തോഷാനുഭവങ്ങളും ഭുജബലം കൊണ്ടുള്ള വിജയങ്ങളും എല്ലാം ഉപേക്ഷിച്ചിട്ടു് ഇഹലോകം വെടിയേണ്ടതായി വരുമല്ലോ. അപ്പോഴാണു് ഭവാന്റെ ശൌൎയ്യവും സ്ഥൈൎയ്യവും കാണേണ്ടതു്.

സേനാധിപൻ:—ഇഹലോകജീവിതത്തെ ഈവിധം (ഞങ്ങളുടെ മൎദ്ദനത്തിനധീനനായി) അവസാനിപ്പിക്കുന്നതിൽ ഭവാനു സങ്കടമോ സന്താപമോ ഇല്ലെന്നോ?

സോഫൊക്ലിസ്സ്:—ഞാൻ എന്തിന്ന സങ്കടപ്പെടുന്നു, ഞാൻ സദാ സ്നേഹിച്ചിരുന്ന ദേവകോടിസമക്ഷമാണല്ലൊ നിങ്ങൾ എന്നെ അയയ്ക്കാൻ പോകുന്നത്. ദയവുചെയ്ത് സ്വല്പനേരത്തേയ്ക്കു നിങ്ങൾ എൻെറ പൃഷ്ഠഭാഗത്തു മാറിനില്ക്കണേ. ഞാൻ ദൈവത്തെ പുരസ്കരിച്ചു മുട്ടുകുത്തി പ്രാൎത്ഥനകഴിക്കട്ടെ. ഈ ദേഹത്തിന്ന കഴിയാവുന്ന ഒടുവിലത്തെ കൎമ്മം അതാണല്ലൊ.

മാർഷിയസ്സ്:—വലീരിയസ്സെ, ക്ഷമിക്കുക, ഒന്നും പ്രവൎത്തിച്ചുപോകരുതേ, അല്ലെങ്കിൽ എൻെറ ഹൃദയം വക്ഷസ്സിനെ ഭേദിച്ചുകൊണ്ടു പുറത്തേയ്ക്കുചാടും. ലോകത്തിൽ ഇദ്ദേഹമാണു പുരുഷൻ. ഈ ഭവതിതന്നെയാണ് വനിതാരത്നം. സോഫോക്ലിസ്സെ—ഭവാൻ എന്നെ ഒന്നു വന്ദിച്ചിട്ടു പൂൎവസ്ഥിതിയിൽ പൂൎണ്ണസ്വാതന്ത്ര്യത്തോടുകൂടി വാഴുക. അയി, സാധ്വി—നിൻെറ സൌന്ദൎയ്യംകൊണ്ടും പാതിവ്രത്യംകൊണ്ടും നീ എന്നെ വല്ലാതെ കുഴയ്ക്കുന്നു. (ആത്മശാസനാഗ്നി—ദുരാത്മൻ—മാർഷിയസ്സ്, നീ എന്തു പറയുന്നു. നിൻെറ വിചാരം എത്ര നീചം—നീ മൎയ്യാദാതിക്രമം കാണിക്കും മുമ്പു ഞാൻ നിൻെറ ദുഷ്ടഹൃദയത്തെ ഈ കൈകൊണ്ടു വലിച്ചെടുത്തു മണ്ണിൽ കുഴിച്ചിടും.

സോഫൊക്ലിസ്സ്—ഓ! മാർഷിയസ്സെ! ഇപ്പോഴാണു ഭവാൻ എന്നെ ജയിച്ചു കീഴടക്കാനുള്ള വഴികണ്ടത്. മൎയ്യാദയ്ക്കു ഞാൻ അധീനനാണ്.

മാർഷിയസ്സ്—വലീരിയസ്സെ—നോക്കു. ഈ പ്രൌഢ പരാജിതനായി എൻെറ അധീനതയിലായിട്ടും സമ്പൽസുഖാദികളെയും ഈ ലോകജീവിതത്തെത്തന്നെയും അവഗണിച്ച് എന്നെ എതിൎക്കുന്നതുകണ്ടോ? എൻെറ ബാഹുബലംകൊണ്ട് ഇദ്ദേഹത്തെ ഞാൻ ഇവിടെ പിടിച്ചുകൊണ്ടുവന്നു

എന്നേയുള്ളു—എന്നാൽ ഇദ്ദേഹം തൻെറ ആത്മശക്തി കൊണ്ടു് എന്നെ പരാജിതനാക്കി കീഴടക്കിയിരിക്കുന്നു. ഇദ്ദേഹത്തിൻെറ ആത്മാവിനെ ബന്ധനത്തിലാക്കുന്നതെങ്ങനെ! അതുകൊണ്ടു് ഇപ്പോൾ സോഫോക്ലിസ്സ് സ്വതന്ത്രനായും മാർഷിയസ്സ ബന്ധനസ്ഥനായും തീന്നിരിക്കുന്നു.

സോഫോക്ലിസ്സിൻേറയും ഡോറിജെന്നിൻെറയും വീരത്വം നോക്കുക. അവരുടെ ശത്രുവായ മാർഷിയസ്സുപോലും അതിനെ എത്രമാത്രം മതിച്ചു ബഹുമാനിച്ചു എന്നും നോക്കുക. പൌരുഷത്തിന് ഈ കഥ ഒരുത്തമദൃഷ്ടാന്തമല്ലയോ.

ജ്ഞാനസമ്പന്നനും ജ്ഞാനചക്ഷുഷ്കനുമായ പണ്ഡിതന് ഇഹലോകജീവിതം ഒരു മഹോത്സവംതന്നെയാണ്. എന്നാൽ സ്വസുഖത്തെ മാത്രം കരുതി സ്വഗൃഹത്തിൽ ഒരു ഈസിച്ചെയറിൽ സ്വസ്ഥനായിരുന്നുകൊണ്ടു് സ്വാത്ഥദൃഷ്ട്യാ ലോകത്തെ പയ്യവലോകനം ചെയ്യുന്ന പാമരന് അതു് പ്രസാദരഹിതവും ആപൽസൂചകവുമായ മുഖത്തെയാണു് പ്രദർശിപ്പിക്കുന്നതു്. ലോകരംഗത്തിലിറങ്ങി പ്രവത്തിച്ചു് ഏതുകായ്യവും സാധിക്കുന്നതിനു ധൈയ്യവും സ്ഥൈയ്യവും, സത്യവും സത്വവും, പരാക്രമവും പരിശ്രമവും, ശാന്തിയും സഹനശക്തിയും, വേണ്ടിയിരിക്കുന്നു. ഇവ ഉണ്ടായിരുന്നാലും ഫലപ്രാപ്തി നിശ്ചയമല്ല. പരാജയമുണ്ടാകുക സാധാരണമാണ്. അതുകൊണ്ടു് ലോകത്തിൽ ആകപ്പാടെ കഷ്ടമേയുള്ളു. പരിശ്രമവും കഷ്ടം; പരാജയവും കഷ്ടം; എന്നിങ്ങനേയാണ്, പാമരന്മാരുടെ വ്യവഹാരം. എന്നാൽ സ്വാത്ഥപരതയെ ത്യജിച്ചും, ലോകത്തിൽ കളിയാടുന്ന ദൈവചൈതന്യത്തെ കണ്ടറിഞ്ഞും, മററു ജനങ്ങളിലും തന്നിലും പ്രശോഭിക്കുന്ന ശുഭഗുണങ്ങൾക്കു മാത്രം നിദാനമായിരിക്കുന്ന ആത്മബോധം ലഭിച്ചും, വത്തിക്കുന്ന ജ്ഞാനികൾക്കു് ഈ ലോകം ആത്മവ്യാപാരംചെ

ണ്ണു കളിക്കാനും സുഖിക്കാനുമുള്ള ഒരു ഉത്തമരംഗമായി ട്ടെ തോന്നുകയുള്ളൂ. ഈ ഉത്തമന്മാർ കാൎയ്യലാഭം ഒന്നും കരുതുന്നില്ല. ആത്മാനുരൂപമായ കൃത്യനിൎവ്വഹണം മാത്രമെ അവർ കാൎയ്യമായി ഗണിക്കുന്നുള്ളൂ. അവരുടെ ഈ മനഃസ്ഥിതിക്കു പരിശ്രമമോ പരാജയമോ കഷ്ടമായി വരുന്നതെങ്ങനെ?

നമ്മുടെ പുരോഗാമികളും സമകാലികരുമായ ആളുകൾ ചെയ്ത പ്രകൃതിനിയമലംഘനത്തിനുള്ള ശിക്ഷ നമ്മിലും ചുമത്തപ്പെടുന്നു. എങ്ങനെയെന്നാൽ രോഗങ്ങളും സ്വഭാവദോഷങ്ങളും പരമ്പരാനുവൎത്തികളും സാംക്രമികങ്ങളുമാകകൊണ്ട് അവ ഏതു മനുഷ്യനേയും ഏതുവിധത്തിലും ബാധിക്കാതിരിക്കയില്ല. നമുക്കു ചുററും നമ്മുടെ സഹോദരങ്ങളിൽ കാണുന്ന സമസ്തരോഗങ്ങളും വൈലക്ഷ്യണ്യങ്ങളും പലേ കഷ്ടതകളും എല്ലാം പ്രകൃതിസംബന്ധങ്ങളും മാനസികവും ധാൎമ്മികവുമായ പല നിയമങ്ങളേയും ലംഘിച്ച് അവർ സമ്പാദിച്ചിട്ടുള്ളവയാണ്.

ഒരു മനുഷ്യന്റെ ശിരസ്സിനെ പുറകോട്ടു തള്ളുന്നതായ ഹനുസ്തംഭം എന്ന രോഗവും, തന്റെ ഭാൎയ്യ, കുഞ്ഞുങ്ങൾ ഇവരേപ്പോലും കണ്ടു കുരയ്ക്കാനിടയാക്കുന്ന പേനായ് വിഷപീഡയും, ഒരു മനുഷ്യനെ പുല്ലുതിന്മാൻപോലും പ്രേരിപ്പിക്കുന്നതായ 'ചിത്തഭ്രമവും, പ്ലേഗ്, വിഷൂചിക, ക്ഷാമം, യുദ്ധം, ഇവയെല്ലാം പ്രകൃതിയുടെ ക്രൂരതയേയല്ലെ കാണിക്കുന്നതു്? ക്രൂരതനിമിത്തമാണല്ലോ ഒരു മനുഷ്യൻ പല അക്രമങ്ങളും അപരാധങ്ങളും ചെയ്തു മററാളുകളെ ദ്രോഹിക്കുന്നതു്. ഈ ക്രൂരത അവന്റെ മേൽപറഞ്ഞ പ്രവൃത്തികൾമൂലം പ്രകൃതിയിൽ ചെന്നു ലയിക്കുന്നു. ഇങ്ങനെ പ്രകൃതിയിൽ അന്തർലീനമായി ഭവിച്ച ക്രൂരതതന്നെയാണ് മനുഷ്യന്റെ മേൽവിവരിച്ച കഷ്ടാനുഭവങ്ങൾക്ക് ഹേതുവായി വെളിപ്പെടുന്നതും. ഏവംവിധം മനുഷ്യനിൽനിന്നു നിൎഗ്ഗമിക്കുന്ന ക്രൂരതതന്നെയാണ് പ്രകൃതിയേയും ക്രുദ്ധമാക്കി

അവനെ എതിക്കുന്നതിനും കഷ്ടതകൾ വരുത്തി ശിക്ഷിക്കുന്നതിനും പ്രേരിപ്പിച്ചിട്ടുള്ളതു്. ലോകത്തിൽ പാക്കുന്ന ഒരു മനുഷ്യനാം പാരമ്പൎയ്യംകൊണ്ടോ സഹവാസംകൊണ്ടോ വന്നുകൂട്ടുന്ന പാപത്തിൽ പങ്കുകൊള്ളാതിരിപ്പാനോ അതിനുള്ള ശിക്ഷ അനുഭവിക്കാതിരിപ്പാനോ സാധിക്കുന്നതല്ല. ഏതൊരു കുററത്തിനും പാപത്തിനുമുള്ള പരിഹാരം അതതിനുള്ള ശിക്ഷയനുഭവിക്കുകമാത്രമാണല്ലോ.

മേൽവിവരിച്ച സംഗതികളിൽനിന്നും നാം ഗ്രഹിക്കേണ്ടതു് നമ്മുടെ സംസ്കാരവും ഉൽകൎഷവും, പ്രകൃതിയോടും മനുഷ്യലോകത്തോടും പോരാടി ജയം പ്രാപിച്ച് ജന്മസാഫല്യം വരുത്തുവാനുള്ള പൌരുഷാഭിവൃദ്ധിയെ ആശ്രയിച്ചിരിക്കുന്നു എന്നതാകുന്നു. ഒരു രണാങ്കണത്തിലാണു നാം ജനിച്ചിട്ടുള്ളതെന്നും നമ്മുടേയും സമുദായത്തിന്റേയും ശ്രേയോഭിവൃദ്ധിയെ കാംക്ഷിക്കുന്ന നമുക്ക് സമാധാനചിത്തരായി ഉത്സാഹത്തോടെ ആടിയും പാടിയും ജീവിതം നയിക്കുക എന്നുള്ളതു് സാദ്ധ്യമല്ലെന്നും നാം പ്രത്യേകം ഓൎക്കേണ്ടതാണു്. അതുകൊണ്ടു ഭാവിയേക്കരുതിയും, മനശ്ചാഞ്ചല്യം വെടിഞ്ഞും, അപകടത്തിൽ വൃഥാ സാഹസംകൊണ്ടു മാത്രം ചെന്നുചാടാതേയും, നാം നമ്മുടെ ജീവിതം നയിക്കേണ്ടതാകുന്നു. എന്നാൽ മൃഗപ്രായമായ ജനതതിയിൽനിന്നും വരാവുന്ന കഴവേററംവരേയുള്ള ആപത്തുകളേ നമ്മുടെ കളങ്കരഹിതമായ സത്യവാക്കുകൊണ്ടും ഋജുനടപടികൊണ്ടും ഉന്നതാദർശം കൊണ്ടും ലോകോന്നതിക്കായി നാം നിൎഭയം എതിക്കേണ്ടതുമാണു്. ഇതുതന്നെയാണു് പൌരുഷം. ഒരു വീരപുരുഷൻ തന്റെ ഗൌരവമേറിയതും ശ്രേയസ്കരവുമായ പ്രവൃത്തികൾ പ്രതിബന്ധങ്ങളായും മനുഷ്യലോകത്തിനു ശത്രുക്കളായും കാണുന്ന സമസ്തദോഷങ്ങളേയും ഒരു യുദ്ധവീരന്റെ നിലയവലംബിച്ചുകൊണ്ടു് ഏകനായി എതിക്കുന്നതിനു തുനിയുന്നു. ഒരു മഹാന്റെ ഈ ക്ഷാത്രനിലയും

വീരത്വം എന്നു പറയാം. വീരത്വത്തിന്റെ കേവലഭാവം വിശ്രമവിനോദാദി സുഖങ്ങളേയും സ്വരക്ഷയേയും കുത്സിതമായി വിചാരിക്കുകതന്നെയാണ് യുദ്ധത്തിന്റെ മനോഹരതയും ഈ മനോഭാവത്തിലാണ് സ്ഥിതി ചെയ്യുന്നതു്.

പിന്നെയും ഉത്തമമായ ആത്മനിലയെ പ്രാപിക്കുന്നതിന് പലേ പ്രതിബന്ധങ്ങളുണ്ടാക്കിത്തീക്കുന്ന സ്വാൎത്ഥപരതയെ തിരസ്കരിക്കുന്നതിനുള്ള ആത്മശക്തിതന്നെയാണ് വീരത്വം. വീരൻ ലോകത്തിൽ എപ്പോഴും ഉണ്ടായികൊണ്ടിരിക്കുന്ന അവസ്ഥാഭേദങ്ങൾ കലഹങ്ങൾ കുഴപ്പങ്ങൾ ഇവ ഒന്നുകൊണ്ടും ചലിക്കാതെ ഒരേനിലയിൽത്തന്നെ സ്ഥിതിചെയ്യുന്നു. ഭയങ്കരമായ യുദ്ധകലാപങ്ങളുള്ളപ്പോഴും ലോകം കേവലം വിഷയാദിഭ്രമംകൊണ്ടു കറങ്ങിക്കളിക്കുമ്പോഴും അവൻ സ്ഥിരചിത്തനായിരുന്നുകൊണ്ട് തന്റെ ജ്ഞാനസംപൂൎണ്ണവും ആനന്ദമയവുമായ ആത്മാവിൽ മുഴങ്ങുന്ന ഗാനങ്ങൾക്കൊത്തു നൃത്തം ചെയ്തുകൊണ്ടു സസന്തോഷം ലോകരംഗത്തിൽ കളിച്ചുനടക്കുന്നു.

അതു് വിവേകശൂന്യതയോ അപരിശുദ്ധതയോ എന്ന് സംശയിക്കത്തക്കതായ ഒരംശം വീരത്വത്തിലുണ്ട്. അതെന്തെന്നാൽ ലോകത്തിലെ മററാളുകളെ സജാതീയരല്ലെന്നമട്ടിൽ അവഗണിച്ചും അഹംഭാവത്തെ മുൻനിറുത്തിയുമാണ് വീരന്റെ നിലയും നടപടിയും. അങ്ങനെയിരുന്നാലും ആ വീരനെ പൌരുഷമുള്ള ഒരസാധാരണ വ്യക്തിയായിട്ടുതന്നെയാണു ലോകർ ഗണിക്കുന്നതു്. അവർഅവനെ സവ്വാത്മനാ ശ്ലാഘിക്കയും ബഹുമാനിക്കയും ചെയ്യുന്നു. ലോകത്തെ ആകർഷിച്ചു വിസ്മയിപ്പിക്കത്തക്കവണ്ണം വീരകൃത്യങ്ങളിൽ വിശേഷവിധിയായി എന്തൊ ഒന്നുണ്ടെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു വിവേകശൂന്യതയോ അപരിശുദ്ധതയോ അവയിൽ ആരോപിക്കാൻ പാടുള്ളതല്ല.

വീരൻ അവസരാനുസരണം സ്വയമേ ഉണൎന്നു പ്രവൎത്തിക്കുന്നു. പ്രവൃത്തിക്കു മുമ്പിലായി സാധാരണജനങ്ങൾ നടത്തിവരുന്ന ആലോചനകളും മററും അവൻ ചെയ്യാറില്ല. എങ്കിലും അവന്റെ പ്രവൃത്തി ശരിയായിട്ടേ വരികയുള്ളു. ജീവിതരീതിഭേദം, മതഭേദം, ബുദ്ധിയുടെ കൂടുതൽ പ്രസരിപ്പ്, ഇവകൾ കൊണ്ട് ഈ വീരന്റെ വീരകൃത്യം അതേയവസരത്തിൽ ഇപ്പോൾ കാണുന്നതിൽനിന്നു ഭേദപ്പെട്ടുകണ്ടേക്കാം. വിപരീതമായും വന്നേക്കാം. എങ്കിലും അവന്റെ ഇപ്പോഴത്തെ നിലയ്ക്കു അവൻ ചെയ്യുന്നതു തന്നെയാണ് ഉത്തമകൃത്യം. അവന്റെ കൃത്യം തത്വവിചാരകന്മാരുടേയൊ മതാചാൎയ്യന്മാരുടേയൊ വിമൎശനത്തിനും ആക്ഷേപത്തിനും വശമാകുന്നതല്ല. എന്തുകൊണ്ടെന്നാൽ അതു് ഒരു പരിശുദ്ധാത്മാവിന്റെ ബോധാനുസരണം ഉണ്ടായിട്ടുള്ള കൃത്യമാണ്. ആത്മബോധം ആത്മസംസ്കാരത്തിന്റെ പരമകാഷ്ഠയാണല്ലൊ. എന്നാൽ വിദ്വത്വം മൂലം ഉണ്ടാകാവുന്ന പ്രത്യേകസംസ്കാരംകൊണ്ടല്ല ലോകവീരന്മാൎക്കു ആത്മബോധം ഉണ്ടായിട്ടുള്ളതു്. അവൎക്കു് അതു സ്വതസ്സിദ്ധമാണ്. ധനത്തേയോ സുഖത്തേയോ, മററാളുകളുടെ സ്തുതിയേയൊ ആക്ഷേപത്തേയൊ, ആനുകൂല്യത്തേയോ വിരോധത്തേയോ, തന്റെ ദേഹത്തേയോ ജീവനേയൊ, ഒന്നിനേയും വകവെയ്ക്കാതെയുള്ള ഒരു മനഃസ്ഥിതി അവനുള്ളതുകൊണ്ട്, തന്റെ നില എതുകാലത്തും തന്നെ പ്രതിഷേധിക്കുന്ന ജനങ്ങളുടെ നിലയെക്കാൾ, എത്രയോ ഉയൎന്നതായിട്ടേ ഇരിക്കൂ എന്നുള്ള ബോധം വീരനു പൂൎണ്ണമായുണ്ടായിരിക്കും.

വീരൻ പൊതുജനാഭിപ്രായങ്ങൾക്കു മാത്രമല്ല, ചിലപ്പോൾ ഉദാരബുദ്ധിയും സന്മാൎഗ്ഗനിലയുംകൊണ്ടു ലോകത്തിൽ ജനസമ്മതി ലഭിച്ചിട്ടുള്ള പുരുഷന്മാരുടെ അഭിപ്രായങ്ങൾക്കുകൂടിയും വിപരീതമായി പ്രവൎത്തിക്കുന്നതായിട്ടു കണ്ടേക്കാം. വീരത്വം ഒരാളുടെ പ്രത്യേക പ്രകൃതിയിൽ

നിന്നു ചാടിപ്പുറപ്പെടുന്ന ഒരു ഗൂഢശക്തിയുടെ പ്രേരണാനുസരണമുണ്ടാകുന്നതുകൊണ്ട് അവനു തോന്നുന്നപോലെ മററൊരാളിനും അവൻെറ പ്രവൃത്തിയുടെ വിവേകിത ദൃഷ്ടമാകയില്ല. ചിലൎക്ക് അവരുടെ സ്ഥാനവിശേഷംകൊണ്ടും ദൃഷ്ടിസൂക്ഷ്മതകൊണ്ടും മററാളുകളേക്കാൾ കൂടുതൽ ദൂരം മുമ്പോട്ടു കാണാമെന്നുള്ളതു് നിൎവിവാദമാണല്ലൊ.

ന്യായബുദ്ധികളും വിവേകികളും ഒരു വീരൻെറ അസാധാരണകൃത്യങ്ങളിൽ സ്വല്പകാലത്തേയ്ക്കു മാത്രമേ നീരസം കാണിക്കുന്നുള്ളു. കുറേക്കാലം കഴിയുമ്പോൾ ആ കൃത്യങ്ങളും തങ്ങളുടെ അഭിപ്രായങ്ങൾക്കു യോജിച്ചവതന്നെയാണെന്ന് അവൎക്കു തെളിയുന്നു. സ്വാൎത്ഥനിഷ്ഠർപോലും ആ കൃത്യങ്ങൾ കൎത്താവിൻെറ ഐഹികസുഖത്തിനു വിപരീതങ്ങളായി കാണുന്നതിൽനിന്നും അവ ശ്ലാഘ്യങ്ങളായിരിക്കണമെന്നനുമാനിക്കുന്നു. തൽക്കാലത്തേയ്ക്കു സ്വാൎത്ഥത്തേയും സ്വാഭിമാനത്തേയും മാത്രം കരുതി അവർ ആ കൃത്യങ്ങളെ വെറുക്കുന്നതേയുള്ളൂ. അവസാനത്തിൽ വീരകൃത്യം ജയത്തെ പ്രാപിക്കുകയും അതിനു വിപരീതമായിനിന്ന ജനങ്ങൾ തന്നെയും യോജിച്ചു അതിനെ നിലനിറുത്താൻ വേണ്ടി ചിലപ്പോൾ ഒരു ജയസ്തംഭം നാട്ടുകയും കൂടി ചെയ്യുന്നു.

വീരത്വത്തിൻെറ സത്തു് ആത്മവിശ്വാസം തന്നെയാണ്. അതായതു തൻെറ നില പരമോൽകൃഷ്ടമാണെന്നും താൻ വിചാരിക്കുന്നതും ചെയ്യുന്നതും ശരിയായിത്തന്നെയിരിക്കുമെന്നുമുള്ള ഉത്തമവിശ്വാസം തന്നെ. അസത്യം, അധൎമ്മം, ആക്രമം, ഇവയെത്തന്നെയാണ് വീരൻ തൻെറ പരമശത്രുക്കളായി കരുതുന്നതു്. ഇവ മനുഷ്യലോകത്തിനും ശത്രുക്കൾ തന്നെയാണെന്നു പറയേണ്ടതില്ലല്ലോ. ഈ ശത്രുക്കളോടു മല്ലിടുമ്പോൾ ഇവ കുടികൊണ്ടിരിക്കുന്ന ദുഷ്ടന്മാരിൽ നിന്നും വരാവുന്ന എല്ലാ കഷ്ടതകളേയും സഹിക്കാ

നുള്ള ശക്തിയും വീരനുണ്ടായിരിക്കും. അവൻ സത്യം തുറന്നുപറയും. അവൻ ന്യായമായും അനുകമ്പയോടും ഉദാരമായും ക്രമമായും ജനങ്ങളോട്ട പെരുമാറും. അവൻ ലാഭനഷ്ടങ്ങളെ ഉദ്ദേശിച്ചുള്ള കേവലപ്രവൃത്തികളെ അധിക്ഷേപിക്കും. തന്നെ നിന്ദിക്കുന്നവരെ നിസ്സാരന്മാരായി അവഗണിക്കും. അവൻ എപ്പൊഴും സുസ്ഥിരനും ധീരനുമായിട്ടുതന്നെ കാണപ്പെടും. അവൻെറ ധൈര്യം കാലക്രമം കൊണ്ടോ കഷ്ടാനുഭവങ്ങൾ കൊണ്ടോ ക്ഷയിക്കുന്നില്ല; വൎദ്ധിക്കുന്നതേയുള്ളു. സാധാരണ ജീവിതത്തിൽ കാണുന്ന അല്പത്വം അവനു വിനോദജനകമായിട്ടും ഹാസ്യമായും തീരുന്നു. ദേഹസംരക്ഷണം, ധനസമ്പാദനം ഇവകളിൽ അസാമാന്യപ്രതിപത്തി വച്ചിരിക്കുന്ന സ്വാൎത്ഥകന്മാർ തന്നെയാണ് വീരൻെറ പരിഹാസത്തിനും വിനോദത്തിനും പാത്രമായിത്തീരുന്നതു്. വീരൻ തൻെറ ദേഹത്തേപ്പോലും ജഡതുല്യമായും നിസ്സാരമായും ഗണിക്കുന്ന സ്ഥിതിക്ക് ആഹാരവിഹാരങ്ങൾ, വസ്ത്രാഭരണങ്ങൾ, സ്തോത്രങ്ങൾ, കലഹങ്ങൾ, ചീട്ടുകളി മുതലായ വിനോദങ്ങൾ, ഇവകളെപ്പററി അവനുള്ള അഭിപ്രായം എന്തായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നമുക്കാനന്ദിക്കുന്നതിനു കരുണാനിധിയായ ദൈവം അതിവിചിത്രമായ പ്രകൃതിയിൽ അത്ഭുതകരങ്ങളായ വിശേഷങ്ങൾ എത്രയോ നൽകീട്ടുണ്ടല്ലൊ.

മഹത്വത്തിനും അല്പത്വത്തിനും ഇടയ്ക്കു് ഒരു മദ്ധ്യനിലയില്ല. ഒരു പുരുഷൻ ഒന്നുകിൽ ലോകത്തിൻെറ ജേതാവും അധികാരിയുമായിരിക്കും; അല്ലെങ്കിൽ അതിൻെറ ചതിക്കു വശപ്പെട്ട ഭോഷനായികാണും. ഒരല്പൻ പ്രകൃതിയിൽ പ്രശോഭിച്ചുകാണുന്ന വ്യാജച്ചരക്കിനെക്കണ്ടു മെരണ്ട് അതിനെ സ്വാധീനമാക്കുവാൻ ആവേഗത്തോടുകൂടി അദ്ധ്വാനിക്കുന്നു. അവൻ കമലംപോലെ കമനീയമായ മുഖത്തോടുകൂടി പിറന്നിട്ട് ലോകമായയിലകപ്പെട്ടു്

നശ്വരമായ സുഖങ്ങളെക്കരുതി അലഞ്ഞു വലഞ്ഞു ജന്മ ത്തെ വിഫലമാക്കിയും അവസാനത്തിൽ നരയ്ക്കും ജരയ്ക്കും അധീനനായി വിലക്ഷണനായിത്തീൎന്നും ഇഹലോകം വെടിയുന്നു. വസ്ത്രാഭരണാദ്യലങ്കാരങ്ങളിൽ മനുഷ്യൎക്ക് എന്തു മോഹം! ദേഹസംരക്ഷണത്തിൽ എന്തു ശ്രദ്ധ! മധുരഭക്ഷണങ്ങളും പാനീയങ്ങളും മാത്രമല്ല, ലഹരിപദാൎത്ഥങ്ങളും ഉൾക്കൊള്ളുന്നതിൽ എന്തു ഭ്രമം! തന്റെ കുതിരയിലും തോക്കിലും എന്താസക്തി! വെടിപറയുന്നതിലും സ്തോത്രങ്ങൾ ശ്രവിക്കുന്നതിലും എന്തു് പ്രിയം! അല്പബുദ്ധികളുടെ ഏവംവിധങ്ങളായ നിരൎത്ഥകഭാവപ്രവൃത്തികളേക്കാണുമ്പോൾ വീരനു് ചിരിയാണുണ്ടാകുന്നതു്. ഈ കാരണങ്ങളെക്കൊണ്ടു് ലോകത്തിലെ ജനങ്ങൾ മതിക്കത്തക്കതായ പ്രഭുത്വം, ഔദ്യോഗികപൌരുഷം, സ്ഥാനമാനങ്ങൾ, ധനസമ്പത്തി മുതലായവ സമ്പാദിച്ചിട്ടുള്ള വലിയ ആളുകളുടെ നേൎക്കു് വീരനു നീരസമാണു് തോന്നുന്നതു്. ഒരുവനു് എത്ര പട്ടുകാലുറകൾ ഉണ്ടു്? അവയിൽ ചുവപ്പു് എത്ര, മഞ്ഞ എത്ര? എത്ര ഷൎട്ടുണ്ടു്? ഒന്നു് സാധാരണ ഉപയോഗത്തിനു് ഒന്നു വിശേഷാവസരത്തിനു്, എന്നും മററും ചോദിച്ചറിഞ്ഞും അവയെ കണ്ടും മറെറാരുവൻ ഭ്രമിക്കയാണെങ്കിൽ അതെത്ര ഗൎഹണീയമായ മനോഭാവം!

പട്ടണനിവാസികൾ അതിഥിസൽകാരത്തിൽ ഉണ്ടാകുന്ന അസൌകൎയ്യങ്ങളേയും മററും ആരാഞ്ഞുനോക്കുന്നു. അതിൽ എന്തു സമയനഷ്ടം? എന്തു ചെലവു്? എന്നുംമററും ആലോചിക്കുന്നവൎക്ക് ആതിഥ്യം അനുഷ്ഠിക്കുന്നതിൽ എത്ര കണ്ടു താല്പൎയ്യമുണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ വിശിഷ്ടാത്മാക്കൾ ഈ വിശിഷ്ടകാൎയ്യത്തിൽ സമയനഷ്ടത്തേയോ പണച്ചെലവിനേയോ വകവെയ്ക്കാതേയും ഇതിനു വേണ്ട പണവും സൌകൎയ്യങ്ങളും ദൈവം ഉണ്ടാക്കിത്തന്നുകൊള്ളുമെന്നുള്ള വിശ്വാസത്തിന്മേലും യഥാവിധി

ആതിഥ്യം നിവ്വഹിച്ചു സന്തുഷ്ടിയെ പ്രാപിക്കുന്നു. ബുക്കേറിയാ രാജ്യത്തു ഒരു പട്ടണത്തിൽ ഔദാർയ്യത്തിനു വിശേഷവിധിയായി കണ്ട ഒരുത്തമ ദൃഷ്ടാന്തത്തെപ്പററി ഒരു ദേശസഞ്ചാരി ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:— "സോഗ്ഡായിൽ രാജമന്ദിരംപോലെയുള്ള ഒരു മനോഹരമായ ഭവനം ഉണ്ടായിരുന്നു. അതിന്റെ ഗേററുകൾ തുറന്നു ചുവരോടുചേർത്തു് ആണിവെച്ചു തറച്ചുറപ്പിച്ചിരുന്നു. ഇതിനു കാരണമെന്തായിരിക്കുമെന്നു അന്വേഷിച്ചതിൽ കിട്ടിയ അറിവു ഇതായിരുന്നു. ഈ മന്ദിരം നൂറു കൊല്ലങ്ങളായി രാവൊ പകലൊ അടച്ചിട്ടില്ല. യാത്രക്കാക്കും മററാളുകൾക്കും എത്രപേരായാലും ഏതു സമയത്തും ഇവിടെ പ്രവേശനം ഉണ്ടു്. ഇവിടെച്ചെല്ലുന്നവക്കും അവരുടെ മൃഗങ്ങൾക്കും വേണ്ട ആഹാരാദി സൌകര്യങ്ങൾ ഉണ്ടായിരിക്കും. സ്വമന്ദിരത്തിൽ നടത്തിവന്നിരുന്ന അതിഥിസൽക്കാരംകൊണ്ടു് ഉണ്ടായതുപോലെയുള്ള സന്തോഷം ഉടമസ്ഥനു മറെറാന്നിലുമില്ലായിരുന്നു." ഇതുപോലെയുള്ള ഏപ്പാടു് അദ്ദേഹത്തിന്റെ സഞ്ചാരത്തിനിടയ്ക്കു മറെറാരിടത്തും കണ്ടിട്ടില്ലെന്നാണു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു്.

നിരാശ്രയന്മാക്കു താമസത്തിനു സ്ഥലമോ ആഹാരമോ പണമോ കൊടുത്തു് അവരെ സഹായിച്ചും അവരോടു കരുണയോടും സ്നേഹത്തോടും സംഭാഷണം ചെയ്തും കാലം നയിക്കുന്ന ഉദാരബുദ്ധികളെ ദൈവം പ്രസാദിച്ചനുഗ്രഹിക്കുന്നു. അവരുടെ പ്രവൃത്തിക്കു യാതൊരു പ്രതിഫലത്തേയും അവർ ആഗ്രഹിച്ചില്ലെങ്കിലും അതു് അവക്കു ലഭിക്കുന്നതാണു്. സൽക്കമ്മത്തിനു നന്മയും ദുഷ്കമ്മത്തിനു തിന്മയും എന്നുകൂടിയും വന്നുചേരും. പ്രകൃതിയിലെ പ്രതിഫലനിയമം ഇക്കായ്യത്തിലും സൂക്ഷിക്കുന്നവക്കു് പൂണ്ണമായും പ്രത്യക്ഷമായും കാണാം.

എന്നാൽ നാം ചെയ്യുന്ന പരോപകാരപ്രവൃത്തി കരുണകൊണ്ടുമാത്രം പ്രേരിതമായിരിക്കണം. അതു് കീൎത്തിക്കായിട്ടോ ധനലാഭ നിമിത്തമോ ആയിരുന്നാൽ പ്രതിഫലനിയമത്തിനൊത്ത അനുഭവം എല്ലായ്പ്പോഴും കാണുന്നതല്ല പരോപകാരം കൊണ്ടുണ്ടാകുന്ന സമയനഷ്ടവും ധനനഷ്ടവും ഏതെങ്കിലുമൊരു പ്രകാരത്തിൽ പരിഹരിക്കപ്പെട്ടും. നല്ല പ്രവൃത്തിക്കായി ചെയ്യുന്ന ശ്രമമെല്ലാം പ്രതിപ്രയോജനത്തോടുകൂടിയും ശ്രേയസ്കരമായും കാണും. പരോപകാരാദി സൽപ്രവൃത്തികളേക്കൊണ്ട് മഹാന്മാർ ഉള്ളിലുള്ള കരുണയെ വീശി വളൎത്തിയും ധൎമ്മത്തെ പ്രതിഷ്ഠിച്ചും ലോകത്തെ ഉന്നതനിലയിലേക്കുയൎത്തുന്നു.

കരുണാസമ്പൂൎണ്ണനായ ഒരു ഉദാരപുരുഷൻ അതിഥികളെ സൽക്കരിക്കുന്നതിൽ ഉണ്ണുന്ന മുറിയിലെ അലങ്കാരാദി വിന്യാസങ്ങളേയോ, സദ്യവട്ടങ്ങളേയോ കാൎയ്യമായിക്കരുതുകയില്ല. അവൻ അതിഥിയെ സന്തോഷപൂൎവ്വം ശ്രദ്ധയോടും സൌഹാർദ്ദത്തോടും തന്റെ കൈവശമുള്ള ആഹാരം, വസ്ത്രം മുതലായവയെല്ലാം കൊടുത്തുപചരിക്കും; വേണ്ടിവന്നാൽ തന്റെ സൎവ്വസ്വവും കൊടുക്കാനും തയ്യാറായിരിക്കും. ഒരു പട്ടണത്തിലെ പരിഷ്കൃതരീതിയിലുള്ള കെങ്കേമമായ സദ്യവിരുന്നിനേക്കാൾ കൂടുതൽ മാധുൎയ്യവും മനോഹരതയും അവന്റെ സാധാരണ ഭക്ഷണപദാൎത്ഥങ്ങളെക്കൊണ്ടുള്ള സൽകാരത്തിനുണ്ട്. എന്തുകൊണ്ടെന്നാൽ അവന്റെ കരുണാപൂരിതമായ ഹൃദയത്തിൽനിന്നും ഉപചാരകൃത്യങ്ങൾ വഴിയായും വാക്കുകളിൽ കൂടിയുമൊഴുകുന്ന ആദരരസം വിവിധ സദ്യവട്ടങ്ങൾക്കില്ലാത്തതായ ഒരാസ്വാദ്യതയെ അതിഥികൾക്കു നല്കുന്നു.

വീരൻ സൎവ്വത്ര മിതസ്വഭാവനായിരിക്കുന്നു. ഈ സ്വഭാവം, തന്റെ ആത്മീയനിലയ്ക്കും ഗൌരവരവബുദ്ധിക്കും വ

ല്ല ന്യൂനതയും വന്നുപോകരുതെന്നുള്ള കരുതലിൽനിന്നുൽപന്നമായിട്ടുള്ളതാകുന്നു. വീരത്വത്തിനുള്ള രാമണീയകം നിമിത്തമാണു്, അതിന്റെ വൈരാഗ്യഗുണത്തിനായിട്ടല്ല, ഒരുവൻ അതിനെ പ്രിയപ്പെട്ടുവരിക്കുന്നതു. മാംസഭക്ഷണം, മദ്യപാനം, പുകയിലചവ്വണം, അവീൻസേവ, ചായകുടി, പുകവലി, വസ്ത്രാലങ്കാരധോരണി സ്വർണ്ണഭ്രമം, മുതലായവയെപ്പററി സമുദായപരിഷ്കാരികളെപ്പോലെ സഗൌരവം കഠിനമായി ആക്ഷേപിച്ചു പ്രവചിക്കുക തനിക്കു വേണ്ടാത്ത കാൎയ്യമായിട്ടാണു് വീരനു തോന്നുന്നതു്.

ജോൺ എല്ലിയെട്ടെന്ന മതപ്രോത്സാഹകൻ ഇങ്ങനെ പ്രസ്താവിച്ചതായി കേട്ടിട്ടുണ്ടു്. 'വീഞ്ഞ് മാഹാത്മ്യമുള്ള ഒരു പാനീയം തന്നെ. അതിനു നാം കടപ്പെട്ടിരിക്കുന്നു. എന്നാൽ ജലം അതിനും മുമ്പിലുള്ളതാണു്' എന്നു പറഞ്ഞിട്ടു് ജലത്തെയാണു്, അദ്ദേഹം പാനംചെയ്തതു്. അദ്ദേഹം വീഞ്ഞിനെ ആക്ഷേപിക്കാതെ ജലം ശ്ലാഘ്യമാണെന്നു കാണിച്ചുകൊടുക്കയാണു് ചെയ്തതു്. ഇതു മഹാന്മാരുടെ മിതസ്വഭാവത്തിനു് ഒരു ദൃഷ്ടാന്തമാണു്. ഇതിലും വിശേഷമായിരുന്നു രാജാ ഡേവിഡിന്റെ മിതത്വം. ദാഹംകൊണ്ടു വലഞ്ഞിരുന്നിട്ടും മൂന്നു ഭടന്മാർ പണിപ്പെട്ടുകൊണ്ടുവന്ന ജലത്തെ അദ്ദേഹം പാനംചെയ്യാതെ ഈശ്വരാർപ്പണമായി ഭൂമിയിൽ ഒഴിച്ചതേയുള്ളു. തങ്ങളുടെ ജീവനെ ഉപേക്ഷിക്കുന്നതിനുപോലും തയ്യാറായിട്ടു ശത്രുനിരയെ ഭേദിച്ചും മുറിവേററുമാണു് അപ്പുറത്തുള്ള കിണററിൽനിന്നും ഭടന്മാർ രാജാവിനു ജലം കൊണ്ടുവന്നതു്. തങ്ങളുടെ ദേഹത്തിലെ രക്തം കളഞ്ഞാണു് ഭടന്മാർ ജലം കൊണ്ടുവന്നതെന്നറിഞ്ഞപ്പോൾ അതു പാനംചെയ്വാൻ ഡേവിഡിന്റെ മനസ്സനുവദിച്ചില്ല. പാനംചെയ്തില്ലെങ്കിൽ ഭടന്മാൎക്കു സങ്കടമുണ്ടാകും; അവൎക്കു സങ്കടമുണ്ടാകരുതെന്നു വിചാരിച്ചാണു് അദ്ദേഹം ആ ജലത്തെ ഈശ്വരാർപ്പണമായി ഭൂമിയിൽ ഒഴി

ച്ചതു്. തന്റെ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അന്യ ൎക്കു സങ്കടമുണ്ടാവരുതെന്നുള്ള മഹാന്മാരുടെ കരുതലിന്ന ഇതൊരുത്തമദൃഷ്ടാന്തമായി കരുതാം.

ഒരു മഹാന്ന താൻ എങ്ങനെയുണ്ണുന്നു എന്നോ ഉടു ക്കുന്നു എന്നോ അറിയാൻ പാടില്ല; സുഖമായി ഉണ്ണുന്നും ഉറങ്ങാനും അല്ല അവൻ ആഗ്രഹിക്കുന്നതു്. ദാരിദ്ര്യവും കഷ്ടതയും അവന്റെ ഭൂഷണങ്ങളാകുന്നു. അവന്ന ധാ രാളമായി ഒന്നും വേണ്ടതാനും. കഷ്ടനഷ്ടങ്ങൾ സഹി ക്കുവാൻ അവൻ തയ്യാറുമാണു. ചില്ലറകാൎയ്യങ്ങളെപ്പററി ആ വലാതി പറയാതേയും, വലിയ കണിശം ഭാവിക്കാതെയും സ്വാഭാവികമായും സ്വൈരമായും അവൻ തന്റെ ജീവിതം നയിക്കുന്നു. ആ ജീവിതത്തിൽ ഒരു മനോഹരതയും കാണി ക്കുക തോന്നുന്നുണ്ടു്.—

ക്വചിൽ പൃഥ്വീശയ്യഃ ക്വചിദപി ച പൎയ്യങ്കശയനഃ
ക്വചിച്ഛാകാഹാരഃ ക്വചിദപി ച ശാല്യോദനരുചിഃ
ക്വചിൽ കന്ഥാധാരീ ക്വചിദപി ച ദിവ്യാംബരധരഃ
മനസ്വീ കാൎയ്യാൎത്ഥീ ന ഗണയതി ദുഃഖം ന ച സുഖം.

വീരന്മാരിൽ ഏതവസരത്തിലും കാണാവുന്ന ഉത്സാഹ വും വിനോദവും ആരെയും വിസ്മയിപ്പിക്കുന്നതാണു. കൃത്യ ബോധമുള്ള ചില സാധാരണന്മാൎക്കുപോലും സ്വകൃത്യനിൎവ്വ ഹണത്തിൽ വരാവുന്ന കഷ്ടതകളെ സധൈൎയ്യം സഹിക്കു ന്നതിന്നും അതിന്നുണ്ടാകുന്ന തടസ്സങ്ങളെ സാഹസംചെയ്തു എതിൎത്തുമാറവുന്നതിന്നും സാധിച്ചേയ്ക്കാം. എന്നാൽ ഒരു വീരന്റെ പ്രത്യേകപ്രകൃതി എന്താണെന്നുവെച്ചാൽ അവൻ മററാളുകളുടെ അഭിപ്രായങ്ങളെ വകവെയ്ക്കുകയോ, സ്വപ്രവൃ ത്തിയിൽ ജയത്തെ പ്രതിക്ഷിക്കയോ, തന്റെ ജീവനെ തന്നേയും ഗണ്യമായി വിചാരിക്കുകയോ ചെയ്യുന്നില്ല.

പ്രാത്ഥനകൾ കൊണ്ടോ സംകടം പ്രകടിപ്പിച്ചോ ശത്രുക്കളെ സമാധാനപ്പെടുത്തുവാൻ ഒരിക്കലും അവൻ ശ്രമിക്കുന്നില്ല. തനിക്കു സഹജമായ ഉൽകൃഷ്ടനിലയിൽ തന്നെ അവൻ എപ്പോഴും സ്ഥിതിചെയ്യുന്നു.

സ്കിപിയോ എന്ന റോമായിലെ ഒരു വലിയ സേനാധിപനിൽ അദ്ദേഹത്തിന്റെ ശത്രുജനങ്ങൾ ഈർഷ്യമൂലം വ്യാജമായി ധനാപഹരണക്കുററം ചുമത്തി. ആ കുററം വെറുതെയാണെ തന്നിൽ ചുമത്തിയതെന്നു തെളിയിക്കാൻ വേണ്ട കണക്കുകൾ അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു. എന്നിട്ടും വ്യാജമായി ആരോപിക്കപ്പെട്ട കുററത്തിൽനിന്നു സമാധാനം പറഞ്ഞു രക്ഷ നേടുക എന്നതു് അപമാനകരമായി തോന്നിട്ട് അദ്ദേഹം ആ കണക്കുകളെ കോടതിയുടെ മുമ്പുവെച്ചുതന്നെ കീറിക്കളകയാണ് ചെയ്തതു്.

പൂവ്കാലത്തു സുപ്രസിദ്ധനായി ഗ്രീസുരാജ്യത്തു ജീവിച്ചിരുന്ന തത്വജ്ഞാനിയായ സോക്രെട്ടീസ്സ് എന്ന മഹാനിൽ, ജനപ്രമാണികൾ, തങ്ങളുടെ അഭിപ്രായങ്ങൾക്കു വിപരീതമായി, അദ്ദേഹം മതവിഷയങ്ങളേയും ധമ്മനീതികളേയുംപററി പ്രസംഗിച്ച് യുവജനങ്ങളുടെ ഇടയിൽ ഈശ്വരവിശ്വാസത്തേയും ധമ്മതൽപരതയേയും നശിപ്പിച്ചുവന്നു, എന്നുള്ള കുററം ചുമത്തി ഇപ്രകാരം വിധി പ്രസ്താവിച്ചു. ഒന്നുകിൽ അദ്ദേഹം നാട്ടുവിട്ടു പൊയ്ക്കൊള്ളണം; അല്ലെങ്കിൽ മരണശിക്ഷയ്ക്കു തയ്യാറാവണം എന്നായിരുന്നു വിധി. ആയവസരത്തിൽ അദ്ദേഹം പറഞ്ഞതാവിതു് — താൻ ജീവിച്ചിരിക്കുന്ന കാലത്തോളം രാജ്യക്ഷേമത്തിനായി നിരന്തരം പ്രവത്തിച്ചതിൽ പിന്നീട് വയസ്സുകാലത്തു രാജകീയാതിത്ഥ്യം ലഭിച്ചു പ്രിട്ടേനിയത്തിൽ (രാജമന്ദിരത്തിൽ) സ്വൈരമായി ജീവിതം നയിച്ചുവരുന്ന ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം നല്കി തന്നെയും അവർ ബ

ഹുമാനപുരസ്സരം ഉപചരിക്കേണ്ടതാണ് എന്നായിരുന്നു. ഇങ്ങനെ പറഞ്ഞതുകൊണ്ട് അദ്ദേഹം മരണശിക്ഷയേയാണ് വരിച്ചതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

സർ തോമസ്സ് മോർ കൊലത്തട്ടിൽ കയറി വധ്യശിലയിൽ തല വെച്ചുകൊടുത്തപ്പോൾ തന്റെ നീണ്ട താടി കഴുത്തുവരെ തൂങ്ങിക്കിടക്കുന്നതുകണ്ടിട്ട് 'എന്റെ താടി ഒരപരാധവും ചെയ്തിട്ടില്ലല്ലോ. അതിനെ ഛേദിക്കുന്നതു കഷ്ടമാണ്.' എന്നു പറഞ്ഞതും ഈ അവസരത്തിൽ സ്മരണീയംതന്നെ. സോക്രെട്ടീസ്സിന്റെയും സർ തോമസ്സ് മോറിന്റെയും ജീവാവസാനഘട്ടത്തിൽപോലും പ്രത്യക്ഷപ്പെട്ടിരുന്ന മനോഭാവവും നടപടിയും അവരുടെ അസാമാന്യ പൌരുഷത്തെ കാണിക്കുന്നില്ലയോ? പൂർണ്ണാരോഗ്യത്തിന്റെ ശോഭയും പ്രസരിപ്പും കളിയിലും വിനോദത്തിലുമാണല്ലോ വെളിപ്പെടുന്നത്.

വലിയ പട്ടണങ്ങളുടെ നിർമ്മിതിയിലാവട്ടെ അനേകായിരം വത്സരങ്ങൾ പഴക്കംചെന്നതും എന്നാൽ മൌഢ്യത നിറഞ്ഞാത്തതുമായ മതങ്ങളുടെയോ രാജ്യക്കാരുടേയോ ഉന്മൂലനത്തിങ്കലാവട്ടെ അവർ ഒരേ മനോഭാവത്തോടെ ക്യാനറിയെ (പാടുന്ന ഒരു പക്ഷി) പ്പോലെ പാടിക്കൊണ്ടു ഉത്സാഹമായി നടക്കുന്നു.

> രത്നൈർമ്മഹാബ്ധേസ്തുതുഷുർന്ന ദേവാഃ
> 
> ന ഭേജിരേ ഭീമവിഷേണ ഭീതിം.
> 
> സുധാം വിനാ ന പ്രയയുർവ്വിരാമം
> 
> ന നിശ്ചിതാർത്ഥാദ്വിരമന്തി ധീരാഃ.

നാളതുവരെ ജീവിച്ചിരുന്നിട്ടുള്ള മനുഷ്യരെ ആകപ്പാടെ നമ്മുടെ പുരോഭാഗത്തു ധ്യാനിച്ചുവരുത്താമെങ്കിൽ ആ കൂട്ടത്തിൽ ഈ മഹാന്മാരേയും കാണുമല്ലൊ. ഇവർ കളി

ച്ചുനടക്കുന്ന ചെറുബാലന്മാരായിട്ടുമാത്രമേ നമുക്കു തോന്നുകയുള്ളൂ. എന്നാൽ അവരുടെ ജീവിതകാലത്തു സാമാന്യലോകരുടെ ദൃഷ്ടിയിൽ അവർ വലിയ കാര്യങ്ങളിൽ ഏർപ്പെട്ടു് അസാമാന്യശക്തിയെ പ്രദർശിപ്പിച്ചും രാജസവും ഗൌരവമേറിയതുമായ നിലയെ അവലംബിച്ചും നടക്കുന്നവരായിട്ടേ കാണപ്പെട്ടിരിക്കയുള്ളൂ.

വായന നിരോധിക്കപ്പെട്ടു് ബഞ്ചിന്നടിയിൽ പോയിരിക്കുന്ന രസകരമായ ഒരാഖ്യായികയാൽ ഒരുബാലന്റെ മനസ്സു എങ്ങനെ ആകർഷിക്കപ്പെടുന്നുവോ, അതുപോലെ തന്നെ നമ്മുടെ ഹൃദയം വീരന്മാരുടെ കഥകളിൽ ലയിക്കുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ മഹാന്മാരിൽ പൂർണ്ണമായി തെളിഞ്ഞു കാണുന്ന വിശിഷ്ടഗുണങ്ങൾ ഏറെക്കുറെ നമ്മിലുമുള്ളവ തന്നെയാണു്. ഗ്രീക്കുകാരുടെ വൈരാഗ്യശക്തിയേയോ, റോമാക്കാരുടെ അഭിമാനശീലത്തെയോ കണ്ടു നാം ഉത്സാഹം പൂണ്ടു ജൃംഭിക്കുന്നതു്, നമ്മിലും മേല്പടി ഗുണങ്ങൾ സഹജമായി വർത്തിക്കുന്നതുകൊണ്ടു തന്നെയാണു്. എന്നാൽ നമ്മിൽ ഈ ഗുണങ്ങൾ അസംസ്കൃതങ്ങളായും ശക്തിഹീനങ്ങളായുമാണു് ഇരിക്കുന്നതു്. നമ്മുടെ ചെറിയ വീടുകളിൽ (ഹൃദയങ്ങളിൽ, മഹാന്മാരായ അതിഥികൾക്കു നാം ഒരു സ്ഥാനം നൽകേണ്ടതാകുന്നു. നമ്മുടെ ഉന്നതിക്കു നാം ആദ്യമായി ചെയ്യേണ്ടതെന്തെന്നാൽ, ദേശകാലങ്ങൾ, ആളുകളുടേയോ പദാർത്ഥങ്ങളുടേയോ എണ്ണം, വണ്ണം ഇവകളിൽ നമുക്കു അന്ധവിശ്വാസംകൊണ്ടുണ്ടായിട്ടുള്ള ബന്ധവും ഭ്രമവും ഒഴിക്കണം.

നമ്മുടെ സ്വന്തരാജ്യത്തിലെ ദേശങ്ങളെയോ, പട്ടണങ്ങളെയൊ, പുരുഷന്മാരേയോ, സാധനങ്ങളെയൊ, നാം സാധാരണങ്ങളായും അല്പങ്ങളായും വിചാരിച്ചു പുച്ഛിക്കുന്നു. അന്യദേശീയവും പുരാതനവുമായ സ്ഥലങ്ങളെയും പുരുഷന്മാ

രേയും നാം വിശേഷവിധിയായി ആദരിക്കുന്നു. അവരുടെ പേരുകൾ കേൾക്കുമ്പോൾ തന്നെ നമ്മുടെ ചെവിയിൽ ഝണഝണ ശബ്ദമുണ്ടായി നാം കുതൂഹലിക്കുന്നു. ഇതെന്തൊരു മൌഢ്യം! കുറച്ചൊന്നാലോചിച്ചാൽ നാം ഇരിക്കുന്ന ഈ സ്ഥലംതന്നെയാണ് ലോകത്തിലേക്കും ഉത്തമസ്ഥാനം; ഇതുതന്നെയാണ് പുണ്യഭൂമി; ഇവിടെത്തന്നെയാണ് ഉത്തമസാധനങ്ങളും ഉത്തമപുരുഷന്മാരും വർത്തിക്കുന്നത് എന്നു നമുക്കറിയാനിടയാകും. പരിശുദ്ധഹൃദയം എവിടെയാണോ സ്ഥിതിചെയ്യുന്നത്, അവിടെത്തന്നേയാണ് സർവ്വകലാദേവതകളും, ദേവന്മാരും, ദൈവംതന്നെയും സാന്നിധ്യം വഹിക്കുന്നതു; പ്രസിദ്ധി ലഭിച്ചിട്ടുള്ള ദേശാന്തരങ്ങളിലോ യുഗാന്തരങ്ങളിലോ അല്ല. സ്വാർത്ഥപരിത്യാഗംചെയ്തും അന്യരുടെ സുഖദുഃഖങ്ങളെ തനിക്കുവന്നപോലെ അനുഭവിച്ചും ദൈവത്തെ ഭക്തിപൂർവ്വം ആരാധിച്ചും, കരുണയെ വളർത്തി നമ്മുടെ ആത്മാവിനെ പരിശുദ്ധമാക്കിത്തീർക്കുമ്പോൾ മേൽപ്രസ്താവിച്ച സംഗതിയുടെ വാസ്തവം നമുക്കു ബോദ്ധ്യപ്പെടുന്നതാണ്.

മഹാശൂരനായ എപ്പിമിനാൺഡസ്സിൻെറ മരണം പ്രസിദ്ധപ്പെട്ട ഒളിംപസ്സിലോ സിറിയായിലോ തന്നെയായിരിക്കണമെന്നില്ല. ഒരു പ്രസിദ്ധമായ സ്ഥലത്തു മരിക്കുന്നതിലല്ലല്ലോ ഒരു പുരുഷൻെറ മാഹാത്മ്യം സ്ഥിതിചെയ്യുന്നത്. അദ്ദേഹത്തിൻെറ ദേഹം സ്ഥാപിക്കപ്പെട്ട യുദ്ധക്കളത്തിനടുത്തുള്ള സ്ഥലംതന്നെയാണ് അദ്ദേഹത്തിൻെറ യശസ്സിനും സ്മാരകത്തിനും ഏററവും നന്ന്. വാഷിങ്ടൺ ജേർസീയും, മിൽട്ടൺ ലണ്ടൻ തെരുവീഥികളും സഞ്ചരിക്കുവാൻ മതിയായ പുണ്യഭൂമികൾതന്നെയായിരുന്നു. ഒരു മഹാൻ താൻ ജീവിച്ചിരുന്ന സ്ഥലത്തെ, ജനങ്ങളുടെ ചിത്തരംഗത്തിൽ സുഖകരമാക്കിത്തീർക്കുന്നു. അവിടത്തെ ആകാശവും വായുവും പാവനമായി ശുദ്ധാത്മാക്കൾക്കൊത്തതായിത്തീരുന്നു. മഹാന്മാരാൽ അധിവസിക്കപ്പെടുന്ന രാജ്യങ്ങളാണ് പ്രശസ്ത

ങ്ങളായിട്ടുള്ളവ. അവതന്നെയാണ ഏററവും ഭംഗിയുള്ളവയും. പെരിക്ലീസ്, ക്സേനോഫൺ, കൊളംബസ്, സിഡ്നി ഹാംപ്ഡെൻ, ഈ മഹാന്മാരുടെ കഥകൾ വായിക്കുമ്പോൾ അവ നമ്മെ ആകർഷിക്കുകയും സ്വാധീനപ്പെടുത്തുകയും മാത്രമല്ല ചെയ്യുന്നത്; അവരുടെ മനോഭാവത്തെ നമ്മിൽ ഉളവാക്കുകയുംകൂടി ചെയ്യുന്നു. നമ്മുടെ ജീവിതത്തെ കേവലമാക്കിത്തീക്കാതെ ബുദ്ധിപൂർവ്വമായ ആലോചനകൾകൊണ്ടും ഉയൎന്ന ജീവിതാദർശങ്ങൾകൊണ്ടും സ്വാത്മത്തേയും സ്വജാതിയേയും സ്വരാജ്യത്തേയും കവിഞ്ഞു ശോഭിക്കുന്നതായ ഒരു മനോഭാവം ലഭിച്ച് ആത്മാവിനെ അലങ്കരിക്കുകയാണ നമ്മുടെ കർത്തവ്യം. ആത്മാവിനും പ്രകൃതിക്കും യോജിക്കുന്ന നിയമങ്ങൾ അനുസരിച്ച രമണീയമാക്കിവേണം നാം ജീവിതം മുഴുവനും നയിക്കാൻ.

ബുദ്ധിസാമർത്ഥ്യംകൊണ്ടും, ജ്ഞാനംകൊണ്ടും, ശൌൎയ്യംകൊണ്ടും, അസാധാരണമായി തോന്നിയിട്ടുള്ള അനേകം ചെറുപ്പക്കാരെ നാം കണ്ടിട്ടും കേട്ടിട്ടുമുണ്ട്. സാമുദായികവിഷയങ്ങൾ മതവിഷയങ്ങൾ പ്രൌഢഗ്രന്ഥങ്ങൾ മുതലായവയേപ്പററിയുള്ള അവരുടെ പ്രസംഗങ്ങൾ കേൾക്കുകയും അവരുടെ നിലയും ഭാവവും കാണുകയും ചെയ്യുമ്പോൾ നമുക്ക അവരോട്ട അസാമാന്യമായ സന്തുഷ്ടിബഹുമാനങ്ങൾ ഉളവാകുന്നു. നാം അവരുടെ അഭിപ്രായങ്ങളെ ശ്ലാഘ്യമായിക്കരുതുകയും ചെയ്യുന്നു. അവരുടെ പ്രസംഗത്തിന്റെ മട്ട കണ്ടാൽ അവർ ഇപ്പോഴുള്ള വ്യവസ്ഥിതികളെയെല്ലാം ഉടൻതന്നെ പാടെമറിച്ചും, ലോകത്തെ അഭിനവമാക്കിയും അതിനെ അതിരമണീയവും സുഖകരവുമാക്കിത്തീക്കുമെന്നു തോന്നിപ്പോകും. മഹാപുരുഷന്മാരെപ്പോലെതന്നെ അവരും അത്ര ഗൌരവവും ശക്തിയും കാണിക്കുന്നു. എന്നാൽ അതേരീതിയിൽതന്നെ ഭാവിയിൽ അവൎക്കു ജീവിതം കഴിച്ചുകൂട്ടുന്നതിനു സാധിക്കുന്നില്ല. അവരുടെ ജീവിതം പൎയ്യാപ്തമായി ഫലവത്താ

കുന്നില്ല. എന്തുകൊണ്ടെന്നാൽ ഏറെത്താമസിയാതെതന്നെ അവക്ക് ഉപജീവനാത്ഥം ഒരു തൊഴിൽ സ്വീകരിച്ച് ഒരു യജമാനനു കിഴെപ്പെടേണ്ടിവരുന്നു. പിന്നെയും അവർ സംസാരാദിബന്ധങ്ങളിലും അകപ്പെട്ടു വലയാൻ തുടങ്ങുന്നു. ലോകനായകന്മാരായിത്തീരുമെന്നു നാം പ്രതീക്ഷിച്ചിരുന്ന ഈ ചെറുപ്പക്കാർ ഇപ്പോൾ ജനസാമാന്യത്തിലുൾപ്പെട്ട സാധാരണവ്യക്തികളായിത്തിന്നിരിക്കുന്നു. ഇതെത്രകഷ്ടം! ലോകത്തെ വിസ്മയിപ്പിക്കുന്നതിന് ആദ്യം ഇവർ പ്രയോഗിച്ച മോഹനാസ്ത്രങ്ങൾ ഇവരുടെ മാതൃകാഗുണങ്ങൾ മാത്രമായിരുന്നു. മാതൃകാഗുണങ്ങൾ ലോകസ്വഭാവത്തെ അതിക്രമിച്ചാണല്ലോ നില്ക്കുന്നത്. ഒരുവൻ ആകാശത്തിലെ കുതിരകളെക്കൊണ്ടു ഭൂലോകത്തെ നിലങ്ങൾ ഉഴുന്നതിനൊരുമ്പെട്ടാൽ ലോകം അവനെ എതിത്തോടിക്കാൻ ഒരുമ്പെടുന്നു. സഹായത്തിനാളില്ലാതെ ക്ഷീണിച്ചും, മുഷിഞ്ഞും തൻെറ മഹത്വത്തെ അവനു ഉപേക്ഷിക്കേണ്ടതായിത്തന്നെ വരുന്നു. എങ്കിലും അവൻ കാണിച്ചുകൊടുത്തരീതി, സുസാദ്ധ്യമല്ലെങ്കിലും അസാദ്ധ്യമല്ലാത്തതുകൊണ്ടു, ജനങ്ങൾക്ക് അതു് ഒരുപാഠമായിത്തന്നെ തിരുന്നു. ആ രീതിയനുസരിച്ചു നിരന്തരം പ്രവത്തിക്കുന്നതിനും അതിനെ പ്രചരിപ്പിക്കുന്നതിനും കൂടുതൽ ധൈയ്യവും സ്ഥൈയ്യവുമുള്ള ഒരു പുരുഷൻ നിശ്ചയമായും ഒരു കാലത്തു പ്രത്യക്ഷപ്പെടും എന്നുവേണം വിചാരിക്കാൻ.

ലോകത്തിൽ സ്ത്രീകൾക്കും ഒരു മുഖ്യസ്ഥാനം എപ്പോഴുമുള്ളതാണല്ലോ. വിദ്വത്വത്തിലും ആത്മസംസ്കാരത്തിലും പുരുഷന്മാരോടുകൂടി സ്ത്രീകളും ഉന്നതിയെ പ്രാപിച്ചാൽമാത്രമേ ലോകം ഉയന്നനിലയുക്കു ചെല്ലുകയുള്ളു. ജീവിതത്തിൽ സ്ത്രീകൾക്കു പ്രത്യേക ആദശങ്ങളും കത്തവ്യങ്ങളും ഉണ്ടല്ലൊ അതുകൊണ്ടു് അവക്കും വിരത്വംകൊണ്ടു ലോകോൽക്ഷേത്തിനായി അനേകവിശിഷ്ടകായ്യങ്ങൾ സാധിക്കാൻ കഴി

യും. വിശേഷിച്ചും ആധുനിക കാലത്തു പുരുഷന്മാരുടെ പല ആദർശങ്ങളും സ്ത്രീകൾക്കും യോഗ്യമായിത്തീൎന്നിട്ടുള്ള സ്ഥിതിക്ക് അവൎക്കും വീൎയ്യവതികളായി ശോഭിക്കുന്നതിന് അവസരങ്ങൾ ധാരാളം ലഭിച്ചിട്ടുണ്ടെന്നുതന്നെ പറയാം. ചരിത്രപ്രസിദ്ധി ലഭിച്ചിട്ടുള്ള ഉത്തമസ്ത്രീകളിൽ ആരുംതന്നെ ഉത്തമാദർശനിലയ്ക്കെത്തിട്ടില്ലെന്നിരിക്കട്ടെ. എന്നാലും ആനില തനിക്കു സാദ്ധ്യമല്ലെന്നു ഒരു യുവതി എന്തിനു വിചാരിക്കുന്നു. എന്തുകൊണ്ടാണ് അതു സാദ്ധ്യമല്ലാ എന്നാലോചിച്ചാൽ അതു സാദ്ധ്യമായിത്തന്നെതോന്നും. "ആരും പൂൎവ്വം സാധിച്ചിട്ടില്ലാത്ത ഒരു കാൎയ്യം ഇതാ കാണുന്നു. ഞാനു ഇതു സാധിച്ചു എങ്കിൽ ഭാഗ്യവതിയായി. ഈയവസരത്തെ ഞാൻ ഉപേക്ഷിക്കയോ! ഒരിക്കലും പാടില്ല." എന്നു വ്യവഹരിച്ചുകൊണ്ടുവേണം വീൎയ്യവതിയായ ഉത്തമസ്ത്രീ പ്രവൎത്തിക്കേണ്ടതു്. അന്തഃകരണത്തിൽ പരിശുദ്ധമായി തോന്നുന്ന വഴിക്കു് അവർ നിർഭയം പോയ്ക്കൊള്ളട്ടെ. പോകുന്നവഴിക്ക് അവൾക്കുണ്ടാകുന്ന ഓരോ അനുഭവത്തിൽനിന്നും ഓരോ സൂചനയും ഗ്രഹിക്കട്ടെ. വഴിക്കുകാണുന്ന സംഗതികളെയും സംഭവങ്ങളേയും സൂക്ഷ്മമായി വീക്ഷണം ചെയ്യട്ടെ. അപ്പോൾ അവളിൽ അനുഭവിച്ചു കഴിഞ്ഞിരിക്കുന്ന പുതിയ ജന്മാവിന്റെ ശക്തിയും മനോഹരതയും അവൾക്കു സ്വയമേ അറിയാറാവും. അവളുടെ പുതിയ ജീവിതം ലോകത്തേക്ക് ഒരുപുതിയ യുഗത്തിന്റെ പ്രഭാതമായും വന്നേക്കാം. നിശ്ചയത്തോടും ഗൌരവത്തോടും സന്ദർഭങ്ങളേയും ആത്മപ്രേരണകളേയും സൂക്ഷിച്ചറിഞ്ഞു് ഔചിത്യത്തോടെ പ്രവൎത്തിക്കുന്ന മഹിളാമണി ജനസമ്മതത്തെ ലക്ഷ്യമാക്കാതെയുള്ള തന്റെ വീരത്വം കൊണ്ടും, ഉത്തമാദർശം കൊണ്ടും മഹത്വംകൊണ്ടും കാണികളെ വിസ്മയിപ്പിച്ചുകൊണ്ട് ലോകത്തെ ഉയൎത്തുമെന്നുള്ളതു നിശ്ചയംതന്നെ. വിവരണത്തിനധീനമല്ലാത്ത അവളുടെ പരിശുദ്ധമായ അന്തഃകരണം ആപൽസംവൃതമായ ഉൽകൃഷ്ടനിലയിൽ അവളെ ഇങ്ങനെ പ

റഞ്ഞു ധൈയ്യപ്പെടുത്തുന്നു. "ഈ ലോകമഹാസമുദ്രയാത്ര യിൽ ഭയങ്കരമായ ഒരാപത്തുകണ്ടാൽ ഉടനേ പാചുരുട്ടരുതെ; ധൈയ്യവും ഗാംഭീയ്യവും പ്രദശിപ്പിച്ചുകൊണ്ടു മഹതിയായി നിന്നുകൊണ്ടുതന്നെ കരയ്ക്കടുക്കാൻ ശ്രമിക്കണം. അതു സാധിച്ചില്ലെങ്കിൽ ദൈവസഹായത്തോടുകൂടി സമുദ്രത്തിൽ യാത്രചെയ്തുകൊണ്ടിരിക്കുകതന്നെ. എങ്ങിനെയായാലും നിൻെറ ജീവിതം വൃഥാവായി പരിണമിക്കയില്ല. നിന്നെ സന്ധിക്കുന്നവരെല്ലാം നിൻെറ മാഹാത്മ്യമേറിയ ജീവിതംകണ്ടു് ആഹ്ളാദഭരിതരായും പരിഷ്കൃതരായും തീരുന്നതാണു്, സംശയമില്ല."

വീരത്വത്തിൻെറ പ്രത്യേക ഗുണം സ്ഥൈയ്യംതന്നെയാണു്. എല്ലാമനുഷ്യക്കും ഔദായ്യം മുതലായ പ്രേരണാശക്തികൾ ഇടയ്ക്കിടെ സ്ഥിരതയില്ലാതെ കാണമാറുണ്ടു്. എന്നാൽ വീരൻ ഒരുദ്യോഗത്തിൽ പ്രവേശിച്ചാൽ അതിൽ സ്ഥൈയ്യത്തോടെ ഉറച്ചുനില്ക്കും. ലോകത്തിനൊത്തു പോകുന്നതിനു ശ്രമിച്ചിട്ടു്, തൻെറ ഉദ്ദേശത്തെ സാധിക്കുന്നതിനു താൻ അശക്തനാണെന്നു വരുത്തുകയില്ല. വീരൻെറ നില സാധാരണമായിരിക്കാൻ തരമില്ലല്ലൊ. ലോകത്തിലെ സാധാരണമനുഷ്യൻെറ നിലയിൽ വീരത്വവും കാണുകയില്ലല്ലൊ. വീരൻ തൻെറ പ്രവൃത്തിയിൽ ലോകരുടെ ആനുകൂല്യത്തേയൊ അനുമോദനത്തേയൊ ഉടനടി ലഭിക്കുന്നില്ല. എന്നിട്ടും നാം അവരുടെ ആനുകൂല്യത്തെ ഉടനടി പ്രതീക്ഷിക്കുന്നു. ഇതു നമ്മുടെ ചാപല്യദോഷമാണു്. നമുക്കു സഹോദരജനങ്ങളെ സഹായിക്കണമെന്നുണ്ടെങ്കിൽ, സ്വാത്ഥതൽപരന്മാരുടെ ആനുകൂല്യത്തേയൊ സഹായത്തേയൊ പ്രതിക്ഷിക്കാതെയും അവരുടെ വൈപരീത്യത്തെത്തന്നെയും വകവയ്ക്കാതെയും, ഇരുന്നുകൊണ്ടു നാം പറഞ്ഞ വാക്കു്, ഉദ്ദേശിച്ചകായ്യം ഇവകളെ ഭംഗിയായി നിവ്വഹിക്കണം. ത്തു്. സ്വന്തനിലയിലും പ്രവൃത്തിയിലും നാം പിടിച്ചുനിൽക്കണം. മാമൂലനുസരിച്ചുള്ള ലോകഗതിയുടെ ഏകരീതി

ത്വത്തെ നമുക്കു ഭേദിക്കാൻ കഴിയുമെങ്കിൽ നാം കൃതാർത്ഥരായി. ഒരു ചെറുപ്പക്കാരന് ഒരുകാലത്തു ഒരാൾകൊടുത്ത ഉപദേശം മഹത്തായ ഒന്നാണ്. 'തനിക്ക് ചെയ്യാൻ പേടിയുള്ള പ്രവൃത്തിയേവേണം എപ്പോഴും ചെയ്യാൻ' ഇതിൻെറ താൽപൎയ്യം അക്രമം ചെയ്യുന്നതിനു തുനിയണമെന്നല്ല. ലോകത്തെ എതിൎത്തു, മഹത്തായ കാൎയ്യങ്ങൾ ചെയ്യുന്നതിനുപോലും മനുഷ്യർ എപ്പോഴും പേടിയുള്ളവരായിരിക്കുന്നു. ഈ ഭയം നിശ്ശേഷം ഒഴിക്കണമെന്നായിരുന്നു ഉപദേഷ്ടാവിൻെറ അന്തൎഗ്ഗതം.

പരിശുദ്ധതയും പൌരുഷവുമുള്ള ഒരുവൻ ഒരിക്കലും പശ്ചാത്തപിക്കയോ മാപ്പിനു ആവശ്യപ്പെടുകയോ ചെയ്കയില്ല. താൻ പറയുന്നതും ചെയ്യുന്നതും ശരിയായിട്ടേ ഇരിക്കൂ എന്നുള്ള ആത്മവിശ്വാസംതന്നെയാണ് ഇതിനു കാരണം.

സതാംഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ.

മാസിഡോണിയാരാജ്യത്തോടു യുദ്ധം നീട്ടിക്കൊണ്ടു പോകാതെ സമാധാനത്തിനു വേണ്ട നടപടികൾ നടത്തണമെന്നു ഗ്രീക്കുകാരെ ഗുണദോഷിച്ച ഫോസിയൻ എന്ന മഹാവീരനായ സേനാധിപൻ, ഗ്രീക്കുകാൎക്കു പിന്നീടുണ്ടായ യുദ്ധത്തിൽ ജയം ലഭിച്ചിട്ടും തൻെറ മുൻപറഞ്ഞ അഭിപ്രായത്തെ പിൻവലിച്ചു പശ്ചാത്തപിച്ചില്ല. സ്വല്പകാലം കഴിഞ്ഞപ്പോൾ ഫോസിയൻ കാലേക്കൂട്ടി പറഞ്ഞ ഗുണദോഷവാക്കു കേട്ടില്ലല്ലോ എന്ന് ഗ്രീക്കുകാർതന്നെ പശ്ചാത്തപിക്കുവാൻ ഇടയായി.

ഇതു് എൻെറ ദേഹത്തിൽ ജനനാൽ പററിയ കൎമ്മദോഷമാണ്. ഇതിനെ മാററുന്നതു് സാദ്ധ്യമല്ല; ഞാൻ എന്തുചെയ്യട്ടെ. ഈ പ്രവൃത്തി എൻെറ സഹോദരങ്ങളോടുള്ള

ബന്ധത്തിനും അവരോട്ട് എനിക്കുള്ള കടമയ്ക്കും യോജിച്ച താണ്—ഇതിൽ നിന്നും നിവൎത്തിക്കുന്നതെങ്ങനെ, എന്നും മററും ഒഴികഴിവു പറഞ്ഞു് നമുക്കു സമാധാനപ്പെടാൻ പാടില്ലാത്തതായ ന്യൂനതയോ ദോഷമോ ഒന്നുംതന്നെ യില്ല. എന്നാൽ ഇങ്ങനെയൊരു സമാധാനം പറഞ്ഞതു കൊണ്ടു നമുക്കോ അന്യൎക്കോ അന്തരംഗത്തിൽ തൃപ്തിവരുന്ന തുമല്ല. 'നമുക്ക് ഒരിക്കലും അഹിതം വരാൻ പാടില്ല. നാം ഒരിക്കലും മററാളുകളുടെ ഹാസ്യത്തിനു പാത്രമാകരുത്.' എന്നോ മറേറാ പ്രകൃതിയുമായി നാം വല്ല ഉടമ്പടിയും ചെയ്തിട്ടുണ്ടോ. അങ്ങനെ ഒന്നും ഇല്ലാത്ത സ്ഥിതിക്ക് വലിയ ധൎമ്മാദികാൎയ്യങ്ങൾക്കായി പണച്ചെലവിൽ ഔദാൎയ്യം കാണിക്കുംപോലെ തന്നെ മഹത്തായ കാൎയ്യങ്ങളിലും നമ്മുടെ ഗണ്യതയേയും, അഭിമാനത്തെയും , നാം ഉദാരമായി ത്യാഗം ചെയ്യണം.

വീരൻ സാമാന്യലോകത്തെ ഒരിക്കലുംവകവയ്ക്കുന്നില്ല. മററാളുകളുടെ സ്തുതിക്കു വേണ്ടിയല്ല അവൻ ഒരു കൃത്യം ചെയ്യുന്നതു്. ആ കൃത്യത്തിനു സ്വതേ ഒരു പുണ്യമുണ്ടെന്നുമല്ല. നമ്മുടെ കൃത്യങ്ങളേയും ധർമ്മങ്ങളേയും പററി നാം മററാളുകളോടു എന്തിനായിട്ടാണ് സാധാരണ പ്രസ്താവിക്കുന്നതു്. അവ നന്നായെന്നുള്ള അവരുടെ അനുമോദനത്തെക്കരുതിയല്ലയോ? അങ്ങനെ ചെയ്യുന്നതു് വലിയ തെററാണ്. മററൊരാൾ തന്റെ പ്രവൃത്തികളെ നാമ്മോടു വിസ്തരിച്ചു പറകയാണെങ്കിൽ അതു നമുക്കു രസിക്കുമോ?

സുഖത്തിലും ഐശ്വൎയ്യത്തിലും വൎത്തിക്കുന്ന ഒരാൾ സാധാരണ സൽസ്വഭാവം കൊണ്ടുതന്നെ, കഷ്ടപ്പെടുന്ന

മററാളുകളോടനുതപിച്ചു തൻെറ പണത്തിലും സുഖത്തിലും ഒരംശം ഉപേക്ഷിക്കുന്നതിനു തയ്യാറായിരിക്കുന്നു. സത്യത്തെ കൾനമായി പരിപാലിക്കുക, ഖണ്ഡിതമായ മിതത്വത്തോടു കൂടിയോ കണക്കില്ലാത്ത ഔദാൎയ്യത്തോടുകൂടിയോ വൎത്തിക്കുക, ഇവയെല്ലാം സാധാരണമാണ്. ഉപവാസം, ഏകാന്തത്വം, ക്ഷുണബാധ, ജനങ്ങളുടെ ആധിക്ഷേപം, ഇവകളേ അനുഭവിച്ചു സഹിക്കുന്നവരും എത്രയോ ആളുകൾകാണും. എന്നാൽ വീരൻ മേൽപറഞ്ഞ അവസ്ഥകളേക്കാൾ എത്രയോ കഷ്ടതരങ്ങളായ ആപത്തുകളേയും വെറുപ്പിക്കുന്ന രോഗങ്ങളേയും കണ്ണുകഠോരങ്ങളായ അവഹേളനങ്ങളേയും എതിൎത്തും പെട്ടെന്നും കഠിനവേദനയുണ്ടാക്കിക്കൊണ്ടും വരാവുന്ന മരണത്തെപ്പോലും നിരൂപിച്ചനുഭവിച്ചും, ആത്മവിശ്വാസത്തെ നിലനിറുത്തുന്നതിനു വേണ്ട പരിശീലനം സമ്പാദിച്ചിരിക്കും. വീരൻെറ ജീവിതകാലം എപ്പോഴും ഭയങ്കരമത്രെ. ഭയങ്കരമായ അവസരങ്ങളെ നിൎഭയം എതിൎക്കുന്നതിലാണ്, അവൻെറ കൃത്യം പ്രശോഭിക്കുന്നതു്.

മനുഷ്യൻെറ ഇപ്പോഴത്തെ പരിതഃസ്ഥിതികൾ മുൻകാലങ്ങളെ അപേക്ഷിച്ചു മഹൽക്കാൎയ്യങ്ങൾ സാധിക്കുന്നതിനു കൂടുതൽ സൌകൎയ്യങ്ങളും സ്വാതന്ത്ര്യവും നൽകുന്നു. പഴമകൊണ്ടുറച്ചിരിക്കുന്ന ഏൎപ്പാടുകൾക്കു് വിപരീതമായി പുറപ്പെടുന്ന പരിഷ്കാരം ആദ്യഘട്ടത്തിൽ തന്നെ ജനങ്ങളുടെ ക്ഷോഭത്തിനും എതിൎപ്പിനും വശമായി ഉടനടി നാശത്തെ പ്രാപിക്കുന്നില്ല. എങ്കിലും വീരന് എല്ലാക്കാലത്തും തൻെറ വീരത്വത്തിൻെറ മൂൎച്ചയെ പരിക്ഷിക്കുന്നതിന്ന്, ഓരോതരത്തിലുള്ള ദുൎഘടാവസ്ഥകൾ ഉണ്ടായിരിക്കുന്നതാ

ണ്. ആത്മധർമ്മം ലോകത്തിൽ പ്രതിഷ്ഠിച്ചു സംരക്ഷിക്കുന്നതിന് ലോകനായകന്മാരും രക്തസാക്ഷികളും അവശ്യം വേണ്ടിയിരിക്കുന്നു. എന്നാൽ അവരെ ലോകം അധിക്ഷേപിക്കയും ഹിംസിക്കയും ചെയ്യുമെന്നുള്ളതും നിശ്ചയം തന്നെ.

ഒരു മനുഷ്യനു സമാധാനചിത്തനായി ചരിക്കാവുന്ന ശ്രേഷ്ഠപഥം അവന്റെ അന്തഃകരണം കാണിച്ചു കൊടുക്കുന്ന ഒന്നുമാത്രമേയുള്ളു. അതുകൊണ്ട് പഴക്കംകൊണ്ടു ബലപ്പെട്ടിട്ടുള്ള അഭിപ്രായങ്ങളെ മാത്രം ആദരിച്ചു നടക്കാതെ അന്തഃകരണത്തിൽ പ്രവേശിച്ചും ആലോചിച്ചും നമുക്കു സമ്മതമുള്ള പന്ഥാക്കളിൽക്കൂടി വേണം നാം നടക്കാൻ. നാം സാധാരണകാര്യങ്ങളെത്തന്നേയും പരിശുദ്ധമായ വിചാരങ്ങളോടുകൂടിയും ഉൽകൃഷ്ടമായ ആദർശങ്ങളോടുകൂടിയും പ്രവർത്തിക്കേണ്ടതാണ്. അങ്ങനെ അനുഷ്ഠിച്ചു വന്നാൽ ആയതു ഭാവിയിൽ വരാവുന്നതായ വലിയ കുഴപ്പങ്ങളിലും ആപത്തുകളിലും നമുക്കു ബഹുമതിനൽകുന്നതായ ഒരു മനഃസ്ഥിതി ഉണ്ടാകത്തക്കവണ്ണം നമ്മുടെ സ്വഭാവത്തെ സംസ്കരിക്കുന്നതായിരിക്കും. പണ്ട് വീരന്മാർക്കുണ്ടായിട്ടുള്ള ഘോരങ്ങളായ ഉപദ്രവങ്ങളെല്ലാം ഒരു വീരപുരുഷനു ഇപ്പോഴും സംഭവിക്കാവുന്നതാണ്. മതവിശ്വാസം നശിച്ചു തുടങ്ങിയതിനുള്ള ലക്ഷണങ്ങൾ കാണപ്പെടുന്ന ജനസമുദായ രാജ്യഭരണത്തിൻകീഴിലാണു വീരന്മാർക്കു മേൽവിവരിച്ച സങ്കടാനുഭവങ്ങൾ അധികം ഉണ്ടാവാനിടയുള്ളത്. അവമാനകരമായ അധിക്ഷേപങ്ങൾ, ജീവനോടെ അഗ്നിയിൽ ദഹനം, തൂക്കിൽ മരണം, ഇവയെയെല്ലാം കഴിയുന്നതും

സ്വഭാവമാധുര്യത്തോടെ ധ്യാനിച്ചുകൊണ്ട് എത്രയും വേഗത്തിൽ തന്റെ കർത്തവ്യബോധത്തെ വീരൻ ഉറപ്പിക്കാൻ ശ്രമിക്കുന്നു. അടുത്ത ന്യൂസ്പേപ്പറോ, കുറേഅയൽപക്കക്കാർക്കൂടിയോ തന്റെ അഭിപ്രായങ്ങളെ ഒരു കലഹക്കാരന്റേതായി വിചാരിച്ചുപോയാൽ ഉടനടിയുണ്ടാകാവുന്ന അനർത്ഥങ്ങളെയും ശിക്ഷകളെയും അവൻ എതിർക്കുന്നതിനു തയ്യാറായിരിക്കുന്നു. ഏറ്റവും ചാഞ്ചല്യമുള്ള ഹൃദയത്തിൽനിന്നുപോലും, ശ്രേഷ്ഠപ്രവൃത്തിയിലുണ്ടാവുന്ന ആപൽഭയത്തേ മേല്പടി പരിശീലനംകൊണ്ടൊഴിക്കാവുന്നതാണ്. ദുഷ്ടന്മാരുടെ അങ്ങേയററത്തേ കടുംകൈപ്രയോഗത്തിനും പ്രകൃതി ഒരെതിർ വെച്ചിട്ടുണ്ടെന്നു വീരൻ സമാധാനപ്പെടുന്നു. എന്തെന്നാൽ അവൻ വേഗത്തിൽ ശത്രുക്കൾക്കു തുടരാൻ നിവൃത്തിയില്ലാത്ത കരയ്ക്കുചെന്നു പറയുന്നു. എന്റെ കർത്തവ്യം ഞാൻ ചെയ്തു. ലോകർ അങ്ങനെ പുലമ്പിക്കൊണ്ടിരിക്കട്ടെ, എന്നുപറഞ്ഞിട്ട് അവൻ പരലോകത്തിൽ സ്വസ്ഥനായിരിപ്പായി. മഹാനായ വാഷിംഗ്ടൺ പരലോകത്തിൽ മഹാത്മാക്കളുടെ കൂട്ടത്തിൽ സ്വൈരമായി പാർക്കുന്നുണ്ടെന്നാണല്ലോ നാം വിശ്വസിക്കേണ്ടതു് അവിടെ ചെന്നിട്ടും ലോകത്തിന്റെ ശ്രേയസ്സംപൂർണ്ണമായ ഭാവിയേപ്പററിയുള്ള ആശ അദ്ദേഹത്തിന്റെ ആത്മാവിൽനിന്നും വിട്ടുമാറീട്ടില്ല. ഇഹലോകത്തെ കലാപങ്ങളിൽ നിന്നൊഴിഞ്ഞു് പരലോകത്തിൽ സ്വച്ഛന്ദം ജീവിക്കുന്ന വീരന്മാരേ അവരുടെ കഥയറിഞ്ഞവരിൽ ആരാണ് മനസാ വന്ദിച്ചു പൂജിക്കാത്തതു്?

ഈ ലോകത്തിൽ കരുണാപൂരിതനായ വീരനാണ്

ദുഷ്ടനേക്കാൾ എളുപ്പം ജീവനാശം സംഭവിക്കുന്നതു്. എന്നാൽ അതോടുകൂടി അവൻ മരിക്കുന്നില്ലെന്നും നിത്യാനന്ദസാഗരത്തിൽ പ്രവേശിച്ചു അതിലെ ശാശ്വതനിവാസിയായി നീന്തിക്കളിക്കാൻ പോകുന്നതേയുള്ളു എന്നും അവന്റെ ആത്മാവു അവനെ ഉൽബോധിപ്പിക്കുന്നു. അജ്ഞതകൊണ്ടന്ധന്മാരായും അതിമനോജ്ഞങ്ങളായ അന്തഃകരണശബ്ദങ്ങളെ കേൾക്കാൻ കഴിവില്ലാതെ ബധിരന്മാരായും വർത്തിക്കുന്ന സാധാരണ ജനങ്ങൾ പോലും ചിലപ്പോൾ വീരപുരുഷന്മാരേ സർവ്വാത്മനാ ബഹുമാനിക്കയും അനുകരിക്കാൻപോലും ആഗ്രഹിക്കയും ചെയ്യുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്

പകൎപ്പവകാശം പ്രസാധകനിൽ.

ഗ്രന്ഥകൎത്താവിൻെറ മുദ്രയില്ലാത്ത പ്രതികൾ വ്യാജനിൎമ്മിതമാണു്.

രണ്ടാം പതിപ്പ് ൧൦൦൦.

ശ്രീരാമവിലാസം അച്ചുക്കൂടം — കൊല്ലം.

൧൧൦൩.

# ഉപന്യാസങ്ങൾ

## പ്രഥമശ്രേണി.

By

**S. Subrahmanya Sastri M. A.,**
Retired Professor of Philosophy
Formerly Inspector of Vernacular Schools,
Travancore

വില അണ ൧൨.

**R. T. Pillai**
Chalai - Trivandrum.

ഗ്രന്ഥകൎത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജമാകുന്നു.

Indic Digital Archive Foundation
gpura.org